പുസ്തകം 9 ലക്കം 5
ഏപ്രിൽ 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്വ

മാസിക

Eka Thathwa



## പൊട്ടും, പൊട്ടിക്കാതിരിയ്ക്കട്ടെ...!

# ഏക തത്ത്വ, അനുഗ്രഹീത ശില്പി ശ്രീ. കാനായി കുഞ്ഞിരാമനെ ആദരിച്ചു.




ആധുനിക കേരള ശില്പകലാചരിത്രത്തിലെ ആദ്യ പൊതുഇട ബൃഹദാകാരശില്പവും പാലക്കാടിന്റെ സാംസ്കാരിക ചിഹ്നവുമായി മാറിയ മലമ്പുഴ ഉദ്യാനത്തിലെ യക്ഷിയുടെ 50-ാം പിറന്നാളും മഹാശില്പിയും ശ്രീ. കാനായി കുഞ്ഞിരാമന്റെ 81-ാം ജന്മവാർഷികവും കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ സാംസ്കാരിക കേരളം 2019 ഫെബ്രുവരി 26 മുതൽ മാർച്ച് 9 വരെ ആഘോഷിച്ചു. അവസാന ദിവസമായ മാർച്ച് 9 ന് നടത്തിയ ആദരിക്കൽ ചടങ്ങിൽ ഏക തത്ത്വ എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരനും മകൾ നന്ദനയും ചേർന്ന് പ്രശസ്ത അനുഗ്രഹീത ശില്പി ശ്രീ. കാനായി കുഞ്ഞിരാമനെ ശില്പം നല്കി ആദരിച്ചു. വേദിയിൽ മുൻ ഗവർണർ കെ. ശങ്കരനാരായണൻ, പ്രമുഖ മാധ്യമപ്രവർത്തകൻ ശ്രീ. കെ. പി. മോഹനൻ, ചലച്ചിത്ര അഭിനേതാവും എഴുത്തുകാരനുമായ ശ്രീ. വി. കെ. ശ്രീരാമൻ, കേരള ലളിതകലാ അക്കാദമി ചെയർമാൻ ശ്രീ. നേമം പുഷ്പരാജ്, സെക്രട്ടറി ശ്രീ. പൊന്ന്യം ചന്ദ്രൻ, പാലക്കാട് ജില്ലാ കലക്ടറും യക്ഷി യാനം 2019 സംഘാടക സമിതി ചെയർമാനുമായ ശ്രീ. ഡി. ബാലമുരളി ഐ. എ. എസ്., യക്ഷി യാനം 2019 സംഘാടക സമിതി ജനറൽ കൺവീനർ ശ്രീ. ടി. ആർ. അജയൻ തുടങ്ങി ഒട്ടേറെ പ്രമുഖർ വേദി പങ്കിട്ടു.

## ഏക തത്ത്വ ന്യൂസ്

**2019 ഏപ്രിൽ, മെയ് മാസങ്ങളിലായി**
**ഏക തത്ത്വ പ്രസിദ്ധീകരിക്കാൻ പോകുന്ന പുസ്തകങ്ങൾ...**

1. ശ്രീ. ടി. വി. നാരായണൻ കുട്ടിയുടെ രണ്ടു പുസ്തകങ്ങൾ
   a. **പാലക്കാട് സർക്കാർ പോളിടെക്നിക്ക് കോളേജ് പിന്നിട്ട നാൾവഴികൾ** (ചരിത്രം),
   b. **പിണങ്ങാത്ത കണ്ണികൾ** (കഥാസമാഹാരം)
2. ഡോ. ആശ ജയകുമാർ കൈലാസിയുടെ
   **കൈലാസ്-മാനസരോവർ-നേപ്പാൾ യാത്ര** (യാത്രാവിവരണം)
3. ശ്രീ. മുക്കം ഭാസിയുടെ **എന്റെ അഭിനയസ്മരണകൾ**
4. ശ്രീ. പ്രമോദ് മഞ്ചേരിയുടെ **തളിർ കുളിർ** (കഥാസമാഹാരം)


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.

₹ 15

# ഏക തത്ത്വ

മാസിക

**പുസ്തകം 9 ലക്കം 5**

**ഏപ്രിൽ 2019**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

## ഉള്ളടക്കം

ഏക തത്ത്വ

**ഗുരു**
- 7 – ബയോവോട്ട്

**ലേഖനം**
- 8 – സ്ത്രീനാമ പരിണാമം ഒരു ചിന്തനം – പ്രമോദ് മഞ്ചേരി
- 9 – കാപട്യം തിരിച്ചറിയാനാകാതെ – ഏഴംകുളം മോഹൻകുമാർ
- 10 – കുടം തുറന്നുവിട്ട ഭൂതം – എം. ഡി. വിശ്വംഭരൻ
- 20 – ഒഴുകി ഓടും തപാൽ ഓഫീസ് – ടി. ജെ. നായർ
- 21 – തിരഞ്ഞെടുപ്പ് കാലത്തെ തിരിഞ്ഞ് നോട്ടങ്ങൾ – മുരളി മൂത്തേടം

**കഥ**
- 26 – ഓർമ്മകളിൽ ഇനിയും – ശ്രീജ കോതമംഗലത്ത്
- 28 – തേൻമിഠായി – സുഗുണ സന്തോഷ്
- 29 – ആദ്യകാഴ്ച, ടെസ്റ്റിങ്ങ് – സുരേഷ് തെക്കീട്ടിൽ
- 30 – എച്ചിൽ – പ്രീത സുധീർ
- 33 – പുലരുമ്പോൾ പറയാം – ഉണ്ണി വിശ്വനാഥ്
- 37 – രാജീവി എന്ന പെണ്ണ് – മാമ്പള്ളം വിജയൻ
- 40 – വേലി – അരവിന്ദൻ

**കവിത**
- 11 – വിഷക്കണി – ശെൽവൻ കുഴൽമന്ദം
- 19 – കണിക്കൊന്ന – സുധാകരൻ എടത്തറ
- 25 – നിറമുള്ള ശബ്ദങ്ങൾ – ജലജ പ്രസാദ്
- 27 – എൻ കിനാവിൻ ഗരുഡൻ – ശ്രീജ. ആർ
- 30 – ദൈവം പ്രാർത്ഥിക്കുന്നത് – ബിന്ദു പി. എസ്.
- 34 – പൂമ്പാറ്റ – നന്ദന . കെ
- 36 – ജന്മഭാഗ്യം – പ്രതിഭ അമ്പാടി
- 36 – സ്വസ്ഥത – സൈനുദീൻ മുണ്ടക്കയം

**പുസ്തകനിരൂപണം**
- 12 – മാനുഷികതയുടെ സർഗ്ഗാത്മക നിദർശനങ്ങൾ – രാജേന്ദ്രൻ വയല

**പൊതുവിജ്ഞാനം**
- 13 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ

**ആരോഗ്യം**
- 14 – ചെങ്കണ്ണ് – ഡോ. സി. രാമകൃഷ്ണൻ

**പാചകം**
- 14 – ഇരുമ്പൻ പുളി ജ്യൂസ് – ജയ ചന്ദ്രൻ

**സ്മരണ**
- 15 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി

**യാത്രാവിവരണം**
- 17 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്

**വിജ്ഞാനച്ചെപ്പ്**
- 22 – കേരള പോലീസ് – ഡോ. ഒ. സി. പ്രമോദ്

**അനുഭവം**
- 31 – ഒരു വിനോദയാത്രയുടെ അന്ത്യം – മനോഹരി സി. ബി.
- 35 – ഒരു കണ്ണട പുരാണം – ഇ. എൻ. നാരായണൻ

# പൊട്ടും, പൊട്ടിക്കാതിരിയ്ക്കട്ടെ...



ഇ. ടി. മുരളീധരൻ

**സ്വ**ന്തമായി വാഹനമില്ലെങ്കിലും നമുക്ക് ഉദ്ദേശിച്ച സ്ഥലത്ത് പോകാനായി ധാരാളം വാഹനങ്ങൾ ഇന്നുണ്ട്. പക്ഷെ നമ്മുടെ സമയത്തിനനുസരിച്ച് സമയം നഷ്ടംവരാതെ സഞ്ചരിക്കാൻ സ്വന്തമായിട്ട് വാഹനമുണ്ടെങ്കിൽ നല്ലതാണ്. അതിൽ കയറി വളരെ പതുക്കെപ്പോയാലും ഏത്തേണ്ടിടത്ത് എത്തും. നേരത്തേ പുറപ്പെടണമെന്നുമാത്രം. വാട്സ് ആപ്പിലും ഫേസ്ബുക്കിലും നോക്കി സമയം കളഞ്ഞ് ഒടുവിൽ വായുഗുളികയ്ക്ക് പോകുന്നവരെപ്പോലെ മരണ ഓട്ടത്തിലാണ് പലരും. സഞ്ചരിക്കാൻ 100 സി.സി. ഉള്ള ഒരു ഇരുചക്രവാഹനം തന്നെ ധാരാളം. പക്ഷെ യുവതലമുറയ്ക്ക് 650 ഉം അതിനുമുകളിലും സി. സി. ഉള്ള വണ്ടി വേണം. ഒരുപാട് പണം ചിലവാക്കി മക്കൾക്ക് വാഹനം വാങ്ങിക്കൊടുക്കാൻ അച്ഛനമ്മമാർ മത്സരിക്കുകയാണ്. അതിവേഗത്തിൽ മരണത്തിലേയ്ക്ക് പോകുന്നു യുവ തലമുറകൾ. പഠിക്കാനെന്ന പേരിൽ ആവശ്യമില്ലെങ്കിലും ഐ സെവനിനും മുകളിലെ പ്രൊസസ്സറുകൾ ഘടിപ്പിച്ച വില കൂടിയ കംപ്യൂട്ടറുകൾ വാങ്ങും. എന്നിട്ട് അതിൽ സിനിമയും പാട്ടും കണ്ടിരിക്കുംതലമുറ നമ്മുടെ ശാപം. സിനിമ കാണാനും പാട്ടുകേൾക്കാനും ഇത്ര വില കൂടിയ കംപ്യൂട്ടർ തന്നെ വേണോ അതുപോലെ ഐ ഫോൺ തന്നെ വേണമോ അത്യാവശ്യത്തിന് ഒന്ന് ഫോൺ വിളിക്കാൻ ! സോഷ്യൽ മീഡിയകളിലൂടെ സമയത്തെ കൊന്നിരിക്കാൻ, ഗെയിം കളിക്കാൻ ഐ ഫോൺ തന്നെ വേണം താനും. അതുകൊണ്ടുതന്നെ യുവതലമുറയ്ക്ക് യുദ്ധത്തെ പേടിയില്ല ട്ടോ...

ഗാന്ധിജിയെപ്പോലെ പല സമാധാനകാംക്ഷികളും അങ്ങിങ്ങ് ജീവിച്ചിരിക്കുന്നതിനാൽ രാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങളും പല യുദ്ധങ്ങളും നീങ്ങിപ്പോകുന്നു എന്നത് യാഥാർത്ഥ്യം. പക്വതയില്ലാത്തവന്, സഹിഷ്ണുതയില്ലാത്തവന് യുദ്ധം ചെയ്താലേ സമാധാനമാകുകയുള്ളൂ. അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയുമെന്ന് കേട്ടിട്ടില്ലേ ? അതുപോലെ ചിലർ ചൊറിഞ്ഞുകൊണ്ടേയിരിക്കും. വെടക്കാക്കിയിട്ട് തനിക്കാക്കുന്ന ടെക്നിക്ക് ബ്രിട്ടീഷുകാർ പഠിപ്പിച്ചുപോയതാണല്ലോ. നല്ല മാതൃകകളേയല്ലല്ലോ പലരും പിൻപറ്റുന്നത്. എന്തുചെയ്യും ? ഇന്നത്തെ യുവജനത്തിന് യുദ്ധം വലിയ ഇഷ്ടമാണ്, ആവേശമാണ്. കാരണം അവർക്ക് മൊബൈലിലും ഇന്റർനെറ്റിലും കംപ്യൂട്ടറിലുമെല്ലാം ഗെയിം കളിക്കുന്ന പോലെയാണ് യുദ്ധം എന്നാണ് അവർ കരുതിവെച്ചിരിക്കുന്നത്. യുദ്ധക്കൊതി മൂത്ത ഒരു യുവ തലമുറ ഇവിടെയുണ്ട്. പുൽവാമ തീവ്രവാദി ആക്രമണത്തെത്തുടർന്ന് അവർ സോഷ്യൽ മീഡിയയിലൂടെ യുദ്ധത്തിനനുകൂലമായ പോസ്റ്റുകൾ ഇട്ടിരുന്നു. ഇക്കൂട്ടർ നിസ്സാരരല്ല. അവർ ഡിജിറ്റൽ ഗെയിം കളിച്ച് ഒരുപാട് പോയിന്റ് നേടിയവരാണ്. അവർ ഗെയിമിലെ പൂച്ചാണ്ടിയെപ്പോലെ തോക്കുമെടുത്ത് ഇറങ്ങിയാൽ യുദ്ധം ഗെയിമിലേതുപോലെ രസമുള്ള ഒരു കളിയാണെന്നാണവർ കരുതുന്നത്. എന്തുചെയ്യാം? യുദ്ധത്തിന്റെ ഭവിഷ്യത്തുകളെ കുറിച്ചറിയണമെങ്കിൽ ഹിരോഷിമയേയും നാഗസാക്കിയേയും അറിയണം. ഇന്നും വികലാംഗരായ കുട്ടികൾ അവിടെ ജനിക്കുന്നു, ജീവിച്ചിരിക്കുന്നു, ചെറുപ്രായത്തിലേ മരിക്കുന്നു.

ഇന്ന് ഭൂമി കൈയ്യേറ്റങ്ങൾ നടക്കുന്നുണ്ടോ ? ഒരു രാജ്യം വേറെ രാജ്യത്തെ പിടിച്ചടക്കാൻ ഇനി സാധിക്കുമോ ? അതിന് സാധ്യതയുണ്ടോ ? അതിനുള്ള സാധ്യത വളരെ കുറവാണ്. അതുകൊണ്ടുതന്നെ യുദ്ധങ്ങളും ആവശ്യമില്ല. പക്ഷെ യുദ്ധങ്ങളുണ്ടായാലേ, തീവ്രവാദി ആക്രമണങ്ങൾ ഉണ്ടായാലേ യുദ്ധ സാമഗ്രികൾ വിറ്റഴിക്കാനാവൂ. അതിനായി തീവ്രവാദികളെ സൃഷ്ടിക്കേണ്ടതും നിലനിർത്തേണ്ടതും ആയുധ നിർമ്മാണം വ്യാപകമായി നടത്തുന്ന രാജ്യങ്ങളുടെ ആവശ്യമാണ്. തീവ്രവാദികൾ കാര്യം മനസ്സിലാക്കി തിരിഞ്ഞടിക്കുമ്പോൾ അവരെ ഇല്ലാതാക്കി വീണ്ടും പുതിയ തീവ്രവാദികളെ സൃഷ്ടിക്കും. ഈ സംഭവങ്ങളെ വലുതാക്കി കാട്ടി അവർ മാർക്കറ്റിങ്ങ് നടത്തുന്നു. പലതും പറഞ്ഞ് ഭീതിപ്പെടുത്തുക മൂലം എല്ലാ രാജ്യങ്ങളും യുദ്ധസാമഗ്രികൾ വാങ്ങിക്കൂട്ടുകയും പുതുതായി ഉണ്ടാക്കി വിൽക്കുകയും ചെയ്യുന്നു. ഇതെല്ലാം രാജ്യത്തിനകത്ത് സൂക്ഷിച്ചുവയ്ക്കുക എന്നതുതന്നെ ഒരു ശ്രമകരമായ പണിയാണ്. സൂക്ഷിച്ചുവച്ച സ്ഥലത്ത് തീവ്രവാദി എത്തിയാൽ അതുമല്ലെങ്കിൽ ഒരു കൈയബദ്ധത്തിൽ അപകടം നടന്നാൽ എല്ലാം തീർന്നു.

ഇപ്പോൾ പരീക്ഷാക്കാലം കുട്ടികൾക്കും സർക്കാരിനും. ഇത്രയും നാൾ ഉഴപ്പിനടന്ന് പരീക്ഷയടുത്തപ്പോൾ, ഇലക്ഷനെത്തിയപ്പോൾ വല്ലാത്തൊരു പേടി. തോൽക്കുമോ ? ഇതുവരേയും സുഖിച്ചുനടന്നു, കറങ്ങിനടന്നു. അപ്പോഴൊന്നും ഓർത്തില്ല, ഇങ്ങനെയൊരുനാൾ വരുമെന്ന്. എങ്ങിനെയെങ്കിലും ജയിക്കണം, ജയിച്ചേ പറ്റൂ. ഇനി ഒരു അവസരവും കൂടി കിട്ടിയാൽ ഉഴപ്പാതെ നല്ല കുട്ടിയായി കാര്യങ്ങൾ ചെയ്യാം പക്ഷെ മര്യാദയ്ക്ക് ശ്രമിച്ചാൽ ജയിക്കില്ലെന്ന് ഉറപ്പ്. പഠിക്കുന്ന കുട്ടികളുടെ ക്ലാസ്സ് നോട്ട് കട്ട് എടുക്കണം. പഠിക്കാനൊന്നും സമയം പോര. പരീക്ഷയ്ക്ക് ബിറ്റ് വെച്ച് കള്ള ക്കോപ്പി അടിച്ചെങ്കിലും ജയിക്കണം. വോട്ടിങ്ങ് മെഷീനുകളിൽ മുൻകാലങ്ങളെപ്പോലെ തിരുമറി നടക്കില്ല. എങ്കിലും എന്തെങ്കിലും ചെയ്തേ പറ്റൂ. ജയിക്കണം.

യജമാനന്റെ കൈയിൽ നിന്ന് എത്ര തന്നെ അടി കൊണ്ടാലും ഒരു കഷണം ബിസ്ക്കറ്റ് അതുമല്ലെങ്കിൽ ഒരു അപ്പക്കഷണം എന്നെങ്കിലും ഒരുനാൾ കിട്ടുമെന്ന പ്രതീക്ഷയിൽ വീണ്ടും യജമാനൻ കൈ കാട്ടി വിളിച്ചാൽ വാലാട്ടിക്കൊണ്ട് ഓടിച്ചെല്ലും നായ്ക്കളെ പോലെയായി ജനം. ഭരണ പരിഷ്ക്കാരങ്ങളെക്കൊണ്ടും പുതിയ നിയമ നിർമ്മാണങ്ങൾ കൊണ്ടും പൊറുതിമുട്ടിച്ചിട്ട് ഒടുക്കാൻ കാലം ഒരു ചെറിയ കാലാവധിയ്ക്ക് ഒരു ചെറിയ ഇളവ് തന്നാൽത്തന്നെ നമ്മൾ എല്ലാം മറന്ന് വോട്ട് ചെയ്യും. വീണ്ടും അന്തം വിട്ട് നോക്കിനിൽക്കും, പരസ്യമായി വിമർശിക്കാനുള്ള സ്വാതന്ത്ര്യത്തെ കളഞ്ഞ് രഹസ്യമായി കുറ്റം പറയും. ജനാധിപത്യം നിലനില്ക്കാനായി, മതേതരത്വം നിലനില്ക്കാനായി യുക്തിയുക്തമായി നീതിപൂർണ്ണമായി സമ്മതിദാനം നിർവ്വഹിക്കുക. മുൻകാല ച

രിത്രത്തിലും നമ്മുടെ തനത് പാരമ്പര്യത്തിലും ഊന്നിക്കൊണ്ട് ചിന്തിച്ചുറപ്പിക്കുക. വികസനം പറഞ്ഞുകാണിക്കുന്നവരേക്കാൾ ചെയ്തുകാണിക്കുന്നവർക്ക് വോട്ട് നല്കുക. ബ്രിട്ടീഷുകാരുടെ അടവുനയമായ പരസ്പരം ഭിന്നിപ്പിച്ച് കാര്യം സാധിക്കാൻ ശ്രമിക്കുന്നവരെ തിരിച്ചറിയുക. നമ്മേ പരസ്പരം ഭിന്നിപ്പിക്കുന്നവരെ പരാജയപ്പെടുത്തുക. മോഹന വാഗ്ദാനങ്ങളിൽ വീണ് സ്വയം അടിമയായി മാറാതിരിക്കാൻ സ്വന്തം ബുദ്ധി ഉപയോഗിച്ച് തീരുമാനങ്ങൾ എടുക്കുക. അഹിംസയിലൂന്നിയ, സഹിഷ്ണുതയുള്ള നല്ലവരായ നേതാക്കൾ വിജയിക്കട്ടെ. അവരെ നമ്മൾ പറയുന്നത് കേൾക്കാൻ തയ്യാറാക്കൂ, ജന നന്മയ്ക്കായി വല്ലതും ചെയ്യൂ.

ഒരാളെ നമ്മൾ ഇഷ്ടപ്പെട്ടു തുടങ്ങുമ്പോൾ തന്നെ അയാളിലെ കുറവുകളേയും നാം കണ്ടെത്തുന്നു. അയാളുടെ മേലുള്ള സ്വാതന്ത്ര്യം വല്ലാതെ കൂടുമ്പോൾ ആ കുറവുകളെ കുറിച്ച് നാം അവരോട് പറയുന്നു. പിന്നെ ആ സൗഹൃദത്തിന് മങ്ങലേറ്റുതുടങ്ങുന്നു. ഇരുകൂട്ടരും പുതിയ ആളുകളെ ഇഷ്ടപ്പെടുന്നു. അവരോട് കൂടുതൽ അടുക്കുന്നു. പിന്നെയും കുറവുകൾ കണ്ടെത്തി അകലുന്നു. നിങ്ങൾ ഇഷ്ടപ്പെടുന്നവരിൽ നിങ്ങൾ കാണുന്ന സവിശേഷ ഗുണങ്ങൾ നിലനിൽക്കുന്നതുതന്നെ അവരിൽ നിങ്ങൾ കണ്ടെത്തുന്ന കുറവുകൾ ഉള്ളതുകൊണ്ടാണ്. ഒരേസമയം അങ്ങിനേയും ഇങ്ങിനേയും ആവാനാകില്ല. അതുകൊണ്ടുതന്നെയാണ് നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കും സ്ഥായിഭാവം ഇല്ലാത്തതിനു കാരണം, ഒരുമതത്തോടും രാഷ്ട്രീയത്തോടും ഒന്നും സ്ഥിരമായി ഒരിഷ്ടം ഉണ്ടാവില്ല. എങ്ങിനെയോ വന്ന് അതിൽ ചേർന്നുപോയതുകൊണ്ട് അതൃപ്തരായി തുടരുന്നു പലരും.

ഭരണപക്ഷം, പ്രതിപക്ഷം എന്ന രീതിയിൽ നില കൊള്ളാനായി രണ്ടേ രണ്ട് രാഷ്ട്രീയ പാർട്ടി മതി. പണ്ട് അങ്ങനെയായിരുന്നു. പിന്നെ പലതായതിൻ പിന്നിലെ സ്വാർത്ഥത എല്ലാവർക്കുമറിയാം. എന്തെങ്കിലും ആദർശങ്ങൾ പറഞ്ഞ് പുതിയ പാർട്ടി രൂപീകരിക്കും. പിന്നെ വില പേശി നില നിൽക്കും. യഥാർത്ഥ ലക്ഷ്യത്തേയും ആദർശത്തേയും മറക്കും. പുകഞ്ഞ കൊള്ളി പുറത്ത് എന്ന് പറയും പോലെ പണ്ട് കുറേപ്പേരെ പുറത്താക്കിയിട്ടുണ്ട്. അവർ പോയി പുതിയ പാർട്ടി രൂപീകരിച്ച് ജീവിക്കുന്നു. എല്ലാം ബിസിനസ്സാണ്. രാഷ്ട്രവുമില്ല, രാഷ്ട്രസ്നേഹവുമില്ല. എല്ലാവർക്കും നേതാവാകണം. രാജ്യത്തേയും ജനങ്ങളേയും സേവിക്കാനല്ലെന്നുറപ്പ്. കാരണം യഥാർത്ഥ നേതാവിന് ഒരുപാട് ത്യാഗങ്ങൾ സഹിക്കേണ്ടിവരും, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടിവരും. പക്ഷെ ഇന്ന് ഇതുരണ്ടും നേതാക്കളിൽ കാണുന്നില്ല. അധികാരക്കസേരയിൽ കയറാനായി അവർ എന്തും ചെയ്യും, ചെയ്യിപ്പിക്കും. ചെറുപ്പക്കാരായ നല്ല പ്രവർത്തകർ പടമായി വീട്ടിലെ ഭിത്തിയിൽ തൂങ്ങുമ്പോൾ ഉത്പ്രേരകങ്ങളായി വർത്തിക്കുന്ന ചില നേതാക്കളുടെ ചിരിക്കുന്ന ചിത്രം നാടിന്റെ നാനാഭാഗത്തും കാണാം. ആ ചിരി കണ്ട് ചിരിക്കണോ കരയണോ എന്ന് അറിയുന്നില്ല പലർക്കും. ആ ചിരിയിൽ എങ്ങാനും വീണുപോയാൽ പെട്ടു. ചിലരെ പറ്റിച്ചതിന്റെ സന്തോഷമാണോ അതോ വീണ്ടും പറ്റിക്കാനൊരവസരം കിട്ടിയല്ലോ എന്നോർത്തിട്ടാണോ എന്തോ ഇത്തവണയും ചിരിക്കുന്ന പോസ്റ്ററുകളാണ് ചുറ്റും.

പ്രബലരായ രാഷ്ട്രീയ പാർട്ടികൾക്കുപുറമേ ചെറിയ ചെറിയ പാർട്ടികൾ ഉണ്ട്. അവർ എന്തായാലും തോൽക്കും എന്നവർക്കറിയാം. എന്നാലും ഇലക്ഷൻ എന്നത് അവർക്ക് അഞ്ചുവർഷത്തിലൊരിക്കൽ ലഭിക്കുന്ന സൗഭാഗ്യമാണ്. ഇപ്പോഴെ ഈ പേരിൽ പിരിവെടുത്ത് പണമുണ്ടാക്കാൻ പറ്റൂ. പിരിവെടുത്ത് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തണം. പിരിച്ചെടുത്ത പണം ഉപയോഗപ്രദമായി വിനിയോഗിച്ച് വോട്ടുബാങ്കുകൾ ഉണ്ടാക്കണം. പക്ഷെ എല്ലാറ്റിനും മുമ്പ് ആദ്യം നമുക്കൊരു വിലപിടിപ്പുള്ള കാർ വാങ്ങണം. എങ്കിലേ നമുക്ക് വില ലഭിക്കുകയുള്ളൂ. ഇതുവരെ മറ്റുപണിയൊന്നും എടുത്തിട്ടില്ലാത്ത നേതാക്കൾക്ക് ഇത്രയധികം സ്വത്തും പണവും എങ്ങനെ വന്നു? അതുപോലെ ഭക്തിയുടെ പരമോന്നതങ്ങളിൽ പ്രചാരകരായി നില നിൽക്കുന്നവരും സമ്പന്നരാണ്. നാം പറ്റിക്കപ്പെടാൻ തയ്യാറായി നിൽക്കുന്നിടത്തോളം ഇത്തരക്കാർ നമ്മെ പറ്റിച്ചുകൊണ്ടേയിരിക്കും. പണവും പദവിയുമുള്ളവനെ പേടിക്കണം. അവന് എതിരാളികളെ ഇല്ലാതാക്കുക എന്നത് ഉറുമ്പിനെ കൊല്ലും പോലെ നിസ്സാരം. വിശന്നുവലഞ്ഞുവരുന്ന ഒരു ഭിക്ഷക്കാരനെ ചില്ലറ പൈസയിൽ കൂടുതലായൊന്നും നാം കൊടുക്കാറില്ല. പക്ഷെ ഭക്തിയുടേയും രാഷ്ട്രീയത്തിന്റേയും പേരിൽ പിരിവിനിറങ്ങുന്നവരെ വീട്ടിനകത്ത് സത്ക്കരിച്ചിരുത്തി അയൽവാസികൾ പലരും മത്സരിച്ച് പണം സംഭാവനയായി നല്കും കാലം.

ഉത്സവത്തിന് ഉറിയടിക്കാനായി വട്ടത്തിൽ ആളുകളെ നിർത്തി അവരുടെ തോളിൽ മറ്റൊരുവൻ എന്ന കണക്കെ വാനോളം ഉയരത്തിൽ ആളുകൾ പടി പടിയായി നിന്ന് ഏറ്റവും മുകളിലുള്ള ഒരുവൻ ഉറിയടിക്കുന്നത് കണ്ടിട്ടില്ലേ ? ഈ ഉറിയടിക്കുന്നവൻ വീമ്പ് പറഞ്ഞ് നടന്നിട്ട് കാര്യമുണ്ടോ? താഴെ മുതൽ മുകൾ വരെ ഒരുപാടു പേരുടെ ത്യാഗം കൊണ്ടാണ് ഈ ഉയരത്തിലെത്തിയതെന്ന് ഓർത്ത് വിജയം എല്ലാവരുടേതുമാണ് എന്നല്ലേ കാണേണ്ടത് ? ഇന്ന് അങ്ങനെയല്ല നേതാവിനെ പൊക്കിയെടുത്ത് തോളിൽ വെച്ചുനടക്കും. അയാൾ തോളിലിരുന്ന് ചെവി കടിക്കും, ചവിട്ടി മെതിയ്ക്കും. എല്ലാം എന്റെ കഴിവാണെന്ന് പറയും. കാലം കൊണ്ട് പലരാലും ഉണ്ടാക്കിയെടുത്ത പലതും സ്വന്തം കഴിവുകൊണ്ട് ഉണ്ടാക്കിയതാണെന്ന് പറഞ്ഞുനടക്കുന്നവനെ നേതാവെന്ന് പറയുന്ന ജനതയുടെ നിലവാരം ഒന്നു ചിന്തിച്ചുനോക്കൂ ? ഇത്തരം ഒരു ജനത രൂപപ്പെടുന്ന ഇടത്തേക്കാണ് ആദ്യം ശ്രദ്ധ കൊടുക്കേണ്ടത്.

മനുഷ്യനായിട്ട് വേണം മതം സ്വീകരിക്കാൻ, രാഷ്ട്രീയം തിരഞ്ഞെടുക്കാൻ. ഇവിടെ മനുഷ്യനാകും മുമ്പുതന്നെ മതവും രാഷ്ട്രീയവും കുട്ടികളിൽ അടിച്ചേൽപ്പിക്കപ്പെടുന്നു. അവരുടെ സ്വതന്ത്രചിന്തകളെ നശിപ്പിക്കുന്നു. മൃഗത്തിൽ നിന്ന് മനുഷ്യനാവാനാണ് വിദ്യാഭ്യാസം. വിദ്യ അഭ്യസിപ്പിക്കാൻ പോകുന്നവരും അത് സ്വീകരിക്കാൻ പോകുന്നവരും എന്തിനാണ് വിദ്യാലയത്തിൽ, കലാലയത്തിൽ വന്നതെന്ന് മറന്നു. രണ്ടുപേരുടെ കൈയിലും വിദ്യയില്ല, അഭ്യാസം മാത്രമേ ഇന്നുള്ളൂ. എ പ്ലസ് വേണമെന്ന് വിദ്യാർത്ഥികൾ. ശല്യപ്പെടുത്താതെ ഇരുന്നാൽ തരാമെന്ന് അദ്ധ്യാപകർ. പ്രശ്നങ്ങൾ തീർന്നില്ലേ ? ഇരുകൂട്ടരും ഇവിടെ ഹാപ്പിയാണ്.

അദ്ധ്യാപകനായി ഗവൺമെന്റ് സ്കൂളിൽ ജോലി കിട്ടിയ ആദ്യ വർഷങ്ങളിൽ നല്ല പേരുള്ള നിറയെ കുട്ടികളുള്ള സ്കൂൾ കണ്ടെത്തി അവിടേയ്ക്ക് മാറ്റം ചോദിച്ചുവാങ്ങി പോകും. അവിടെച്ചെന്ന് വളരെ ഉഷാറായി പ്രവർത്തിക്കും. പിന്നെപ്പിന്നെ ആവേശമെല്ലാം കുറയും. എന്തിനിങ്ങനെ പണിയെടുക്കണം. പതിയെ കുട്ടികൾ കുറഞ്ഞ സ്ഥലത്തേക്ക് വീണ്ടും സ്ഥലം മാറ്റം വാങ്ങി പോകും. എന്തായാലും ശമ്പളം കിട്ടും. ഉത്തരവാദിത്വങ്ങളും ജോലി ഭാരവും കഴിയുന്നത്ര കുറ

യ്ക്കുകയാണ് നല്ലത് എന്ന് തോന്നും. അതുപോലെ ജോലി നേടാനായി പരീക്ഷയെഴുതുമ്പോൾ വീട്ടിൽ നിന്ന് വളരെ അകലെയുള്ള സ്ഥലത്താണെങ്കിലും വേണ്ടില്ല ജോലി കിട്ടിയാൽ മതിയായിരുന്നു എന്നാകും ചിന്തിക്കുക. പിന്നെ കുറച്ചുനാൾ കഴിയുമ്പോൾ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച്, നേതാക്കൾക്ക് പണം കൊടുത്ത് വീട്ടിനടുത്തുള്ള സ്ഥാപനത്തിലേക്ക് മാറ്റം വാങ്ങും. പണിയെടുക്കാതെ സുഖിച്ച് ജീവിക്കും. ഒരു സുഖത്തിന് ഒരു ദുഃഖമുണ്ടെന്നാണല്ലോ. അങ്ങിനെ നല്ലകാലത്ത് സുഖിച്ചുജീവിച്ചവർ വാർദ്ധക്യകാലത്ത് കഷ്ടപ്പെടുന്നത് നിങ്ങൾ കണ്ടിട്ടില്ലേ ?

ഗവൺമെന്റ് ജോലിക്കാർക്ക് എപ്പോഴും ഒരു പരാതിയുണ്ട്. ബിസിനസ്സുകാർ ടാക്സ് വെട്ടിപ്പ് നടത്തുന്നു പക്ഷെ നമ്മൾക്ക് കിട്ടുന്ന ശമ്പളത്തിൽ നിന്നും കൃത്യമായി ടാക്സ് പിടിക്കുന്നു. അധികം താമസമില്ല, ഈ പരിഭവം മാറും. ബിസിനസ്സുകൾ വൻ നഷ്ടത്തിലാണ്. ഓരോരുത്തരും നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്. ബിസിനസ്സ്, കാർഷിക മേഖലയും തകർന്നാൽ പിന്നെ നിങ്ങൾ ശമ്പളം എവിടെനിന്നു വാങ്ങും ? ഇവിടെ ദാരിദ്ര്യം വീണ്ടും വരുമോ? മൂന്നു ശതമാനം വരുന്ന ഗവൺമെന്റ് ജോലിക്കാർക്കു വേണ്ടി ബാക്കിയുള്ളവരെ ചൂഷണം ചെയ്യുകയല്ലേ ചെയ്യുന്നത് ? ആത്മാർത്ഥമായി ജോലിചെയ്യുന്ന കുറച്ചുപേർക്ക് ജോലി തീർന്നിട്ട് വിശ്രമിക്കാൻ നേരം കിട്ടാറില്ല എന്നതും യാഥാർത്ഥ്യം. ഈ മാസം എനിക്കുണ്ടായൊരനുഭവം – കൃത്യമായി മൊബൈൽ ബിൽ അടച്ചുകൊണ്ടിരുന്ന എനിയ്ക്ക് ലഭിച്ചു ഒരു റവന്യൂ റിക്കവറി നോട്ടീസ് ! അതിൽ പറയുന്നതിങ്ങനെ : ‘താങ്കളുടെ മൊബൈൽ വിച്ഛേദിച്ചിട്ട് നാളുകളായി. ബിൽ അടച്ചിട്ടില്ലാത്തതിനാൽ പലവട്ടം അറിയിപ്പ് തന്നിരുന്നിട്ടും നിഷേധിച്ചതിനാൽ നിയമനടപടിക്ക് പോകുകയാണ്. ഈ ലെറ്ററിന്റെ കോപ്പി കലക്ടർക്കും അയച്ചിട്ടുണ്ട്’ എന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഞാൻ അത്ഭുതപ്പെട്ടു. അവർ കട്ട് ചെയ്തു എന്നുപറയുന്ന മൊബൈൽ നമ്പറിൽ നിന്നുതന്നെ അവരെ വിളിച്ച് സംസാരിച്ചു. “ഇത്തരത്തിൽ ഒരു ലെറ്റർ കിട്ടിയിട്ടുണ്ട് എന്താണ് ചെയ്യേണ്ടത് ? ഞാൻ ഇതുവരേയും ആദർശത്തിന്റെ പേരിൽ മറ്റ് പ്രൈവറ്റ് ഫോൺ സർവ്വീസ് ഉപയോഗിച്ചിട്ടില്ലാത്ത വ്യക്തിയാണ്. മാത്രവുമല്ല കൃത്യമായി ബിൽ ത്തുക അടയ്ക്കുന്ന എനിയ്ക്കെന്തിനീ ലെറ്റർ അയച്ചു ?” ഈ ചോദ്യത്തിന് ഉത്തരമായി അവർ പറഞ്ഞു, “സോറി സർ, എല്ലാവർക്കും അയക്കുന്ന കൂട്ടത്തിൽ അയച്ചതാണ് ക്ഷമിക്കണം.” ഒരു പൊതുവായ ഒരു കത്ത് അടിച്ചുവെച്ച ശേഷം കാര്യങ്ങളൊന്നും പരിശോധിക്കാതെ എല്ലാവർക്കും അയച്ച് അവർ അവരുടെ കടമകൾ നിർവ്വഹിച്ചിരിക്കുകയാണ്. മാർച്ച് മാസത്തിൽ എന്തെങ്കിലും ഒന്ന് ചെയ്തു എന്ന് വരുത്തേണ്ടേ ? ഇങ്ങനെയാണ് സർക്കാർ ജോലി കിട്ടിയാൽ പിന്നെയുള്ള ജോലികൾ. എങ്ങിനെയുണ്ട് ? ബില്ലിന് വീഴ്ച വരുത്തിയവരെ കണ്ടെത്തി അവർക്കുമാത്രം കത്തയക്കണമെങ്കിൽ കുറച്ചധികം പണിയെടുക്കണം. എന്നാൽ പിന്നെ എല്ലാവർക്കുമയക്കാൻ ദിവസവേതനം പറ്റുന്ന ആരേയെങ്കിലും ഒരുവനെ ഏർപ്പാട് ചെയ്തിട്ട് പതിവുപോലെ വെറുതെയിരിക്കാലോ ? എന്താ ജോലിയോടുള്ള ഉത്തരവാദിത്വം, കൂറ് ? ശമ്പളം കൂട്ടിക്കിട്ടാനും ഇക്രിമെന്റ് മുൻ പ്രാബല്യത്തോടെ കിട്ടാനുമായി സമരം ചെയ്യും. അതുമാത്രമേ അറിയൂ എന്നും പറയാനാവില്ല. കിട്ടിയ പണം കൊണ്ട് ആർഭാടമായി ജീവിക്കാനറിയാം. കുടുംബ ജീവിതം ശിഥിലമാകുന്നതുവരെ അതുമല്ലെങ്കിൽ മാരക രോഗം വരെ എല്ലാം സ്വരൂപിച്ചുവയ്ക്കും. എന്തിനെന്നില്ലാതെ... പിന്നെ പണം കൊണ്ട് കാര്യമില്ല എന്ന് തിരിച്ചറിയും. ഒരു ദിവസമെങ്കിലും മര്യാദയ്ക്ക് ഉറങ്ങാൻ കഴിഞ്ഞാൽ മതിയായിരുന്നു, മരിച്ചുകിട്ടിയാൽ മതിയായിരുന്നു എന്നെല്ലാമാവും ചിന്ത.

നല്ല വില കൂടിയ പേന വാങ്ങിവെച്ചിട്ട് കാര്യമില്ല. അതുകൊണ്ട് എഴുതാൻ ആദ്യം അക്ഷരങ്ങളും പിന്നെ അനുഭവങ്ങളും വേണം. അല്ലാതെ വെറുതെ ഒപ്പിടുവാൻ മാത്രമാണെങ്കിൽ സാധാരണ പേനയായാലും പോരേ ? നല്ല വില കൂടിയ വാഹനം വാങ്ങിയിട്ട് കാര്യമില്ല. വേണ്ടവിധം ഓടിക്കാൻ അറിയണം. നല്ല നല്ല പുസ്തകങ്ങൾ വാങ്ങിയിട്ട് കാര്യമില്ല, വായിക്കാൻ മെനക്കെടണം. നല്ല വിലപിടിപ്പുള്ള വസ്ത്രങ്ങൾ വാങ്ങിയിട്ട് കാര്യമില്ല, ഉടുക്കാൻ നല്ല അവസരങ്ങൾ കിട്ടണം. എല്ലാം ഉണ്ടായിട്ട് കാര്യമില്ല വേണ്ട സമയത്ത് കിട്ടണം. അങ്ങിനെ വേണ്ടത് വേണ്ട സമയത്ത് കിട്ടണമെങ്കിൽ ഗുരുത്വം വേണം. അത് കിട്ടണമെങ്കിൽ സഹജീവികളെ ബഹുമാനിക്കണം, സ്നേഹിക്കണം. അന്ധമായ ദൈവവിശ്വാസം കൊണ്ട് മാത്രമായില്ല. നമുക്ക് ഇഷ്ടമുള്ളവരേയും ഇഷ്ടമില്ലാത്തവരേയും സൃഷ്ടിച്ചിരിക്കുന്നത് ദൈവമാണെന്ന് ഉൾക്കൊള്ളാൻ കഴിയണം. പരീക്ഷയായാലും ഇലക്ഷനായാലും ആര് ജയിച്ചാലും തോറ്റാലും എല്ലാം ദൈവത്തിന്റെ ഇച്ഛയാണ്. ഇപ്പോൾ ജയിച്ചതുകൊണ്ട് എപ്പോഴും വിജയിക്കണമെന്നില്ല. ഇപ്പോൾ പരാജയപ്പെട്ടതുകൊണ്ട് എപ്പോഴും തോൽക്കണമെന്നില്ല. ഈ കാലഘട്ടത്തിലെ ജനങ്ങൾക്ക് ശിക്ഷയായോ രക്ഷയായോ സംഭവിക്കേണ്ടത് സംഭവിക്കുന്നു, സംഭവിച്ചുകൊണ്ടിരിക്കുന്നു. മാറ്റത്തെ നിരീക്ഷിക്കുക, ഉൾക്കൊണ്ട് ജീവിക്കുക.

ശമ്പളം പറ്റി ജീവിക്കുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥർ മാത്രമാണ് ഹാപ്പിയായി ഇന്ന് ജീവിക്കുന്നത്. ബാക്കി എല്ലാവരും കഷ്ടത്തിലായി, ചിലരെല്ലാം ഇല്ലാതെയായി. തൊഴിലില്ലായ്മ രണ്ടിരട്ടി വർദ്ധിച്ചു. പിടിച്ചുപറികളും പീഡനങ്ങളും വർദ്ധിച്ചു. കർഷകരുടെ ആത്മഹത്യാനിരക്ക് കൂടി. ബിസിനസ്സുകൾ തകർന്നു. മദ്ധ്യവർഗ്ഗം നിലനിൽപ്പിനായുള്ള യുദ്ധത്തിലാണ്. രാജ്യത്തിന്റെ സുരക്ഷ ഭീഷണിയിലാണ്. വർഗ്ഗീയമായി ചിന്തിക്കുന്നവരുടെ എണ്ണം ക്രമാതീതമായി കൂടി. പദ്ധതികളും പുരോഗമനങ്ങളും കടലാസ്സിൽ മാത്രമായി. ഇതൊന്നും വേണ്ടവിധം ഗുണം ചെയ്തില്ല. കടകളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ വർഷാവർഷം മാറ്റി ജി. എസ്. ടി.യിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമം തുടങ്ങി. സ്ഥാപനത്തിന്റെ പേര് മാറിയാലും എങ്ങനെയെങ്കിലും ബിസിനസ്സിൽ പിടിച്ചുനിൽക്കാനുള്ള അവസാന ശ്രമത്തിലാണ് പലരും. മര്യാദയ്ക്ക് ബിസിനസ്സ് ചെയ്തുവന്നവർ പോലും കള്ളത്തരങ്ങൾ ചെയ്യാൻ നിർബന്ധിതരാകുന്നു. ഉദ്യോഗസ്ഥരാണെങ്കിലും ബിസിനസ്സുകാരാണെങ്കിലും തൊഴിൽ അന്വേഷികളാണെങ്കിലും മറിച്ചൊരഭിപ്രായമാണ് നിങ്ങൾക്കുള്ളതെങ്കിൽ ഒന്ന് നിഷ്പക്ഷമായി ഈ കാര്യങ്ങളെക്കുറിച്ച് ഒന്നന്വേഷിച്ചാൽ എല്ലാം മനസ്സിലാകും. ഒന്നും വെറുതെ പറയപ്പെടുന്നവയല്ല. പുകയുണ്ടെങ്കിൽ തീയും കാണും.

ചിലപ്പോൾ ചിലരെല്ലാം പരീക്ഷയിൽ തോല്ക്കും (പൊട്ടും), ഇലക്ഷനിൽ തോല്ക്കും (പൊട്ടും). അത് സ്വാഭാവികം. എങ്കിലും മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളും രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളും ശിഥിലമാവാതിരിക്കട്ടെ (പൊട്ടാതിരിക്കട്ടെ, പൊട്ടിക്കാതിരിക്കട്ടെ). ഏപ്രിലിൽ നടക്കുന്ന ഇലക്ഷനിലൂടെ നല്ല ഭരണാധികാരികൾ ജയിച്ചുവരട്ടെ, ഒരു നല്ല ഭരണം കാഴ്ചവെയ്ക്കാൻ അവർക്കാവട്ടെ... •

# ബയോവോട്ട്

**പൊ**തുജനങ്ങൾ കേൾക്കേയും കുട്ടികൾ കേൾക്കേയും നമ്മൾ പല മാലിന്യങ്ങളുടെയും പേരുകൾ പറയാറില്ല, പല ശരീരഭാഗങ്ങളുടെയും പേര് ഉച്ചരിക്കാറില്ല. ഇതിനു കാരണം കേൾവിയും ഭാവനയും ഒരുമിച്ച് പ്രവർത്തിക്കുന്നതിനാലാണ്. ഒരു സാധനത്തിന്റെ പേര് പറയുന്നതോടുകൂടി കേൾവിക്കാരന്റെ മനസ്സിൽ ആ സാധനത്തിന്റെ ചിത്രം രൂപപ്പെടും. ആ രൂപം മാലിന്യ രൂപമാണെങ്കിൽ അവന്റെ മനസ്സിന് പിടിക്കാതാവുകയും മനംപുരട്ടാൻ തുടങ്ങുകയും ചെയ്യും. ഇങ്ങിനെ മനസ്സ് അസ്വസ്ഥമാവുമ്പോൾ ക്ഷീണം, തലകറക്കം, ഭയം എന്നിവയൊക്കെ അനുഭവപ്പെടും. ഇത് വരുന്നത് അവന്റെ കുട്ടിക്കാലത്തെ കുടുംബത്തിൽ നിന്നു രൂപപ്പെടുന്ന ഒരു സാംസ്കാരിക പശ്ചാത്തലം കൊണ്ടാണ്. ഈ പശ്ചാത്തലം അവന്റെ ജീവിതകാലത്തോളം ഏറിയോ കുറഞ്ഞോ അവന്റെ ഉള്ളിൽ നിന്നും മാറ്റാൻ സാധ്യമല്ല. അൻപതുശതമാനം ജനറ്റിക്കലായും മുപ്പതുശതമാനം കുട്ടിക്കാലാർജിതവും ബാക്കി സ്വന്തമായും ആണ് അവന്റെ സംസ്കാരം രൂപം കൊള്ളുന്നത്. ഇത് അവൻ തിരഞ്ഞെടുക്കുന്ന ഒന്നല്ല മറിച്ച് അവനെ പിടിച്ചെടുക്കുന്നതാണ്. ഈ സ്വത്വസംസ്കാരം പലപ്പോഴും അവനെ അഭിമാനിയാക്കാൻപോലും കാരണമാവുന്നു. ചിലപ്പോൾ അവനെ മുറിപ്പെടുത്താനും ഇത് കാരണമാകുന്നു. അതായത് അവന്റെ ജീവിതത്തിൽ പിന്നീട് വരുന്ന മാറ്റങ്ങൾ അവനു ഒരിക്കലും ആത്മാർത്ഥമായി, പൂർണമായി ഉൾക്കൊള്ളാനാകില്ല. കുറച്ചുകൂടി സ്വഭാവ ശാസ്ത്ര പ്രകാരം പറഞ്ഞാൽ ഒരുകുട്ടി ഒരു 25 വയസ്സുവരെ ആർജിച്ച സംസ്കാരമായിരിക്കും അയാൾക്കു എല്ലാ കാലത്തും സ്വസ്ഥത നൽകുന്നത് എന്നർത്ഥം. അതായത് ഒരു ഇന്ത്യക്കാരനായി, ഒരു കേരളീയനായി 25 വർഷം വരെ ജീവിച്ച നിങ്ങൾക്ക് ഒരിക്കലും ഒരു പാകിസ്താനിയായോ ഒരു അമേരിക്കക്കാരനായോ സ്വസ്ഥമായി ജീവിക്കാൻ സാധ്യമല്ല. അഥവാ ജീവിക്കുന്നുണ്ടെങ്കിൽ ഒരിക്കലും അത് 100 ശതമാനം തൃപ്തിയോടെയായിരിക്കില്ല. അതുകൊണ്ടാണ് അമേരിക്കയിൽ എല്ലാ സുഖസൗകര്യങ്ങളും ഉള്ള മക്കളുടെ കൂടെ അച്ഛനമ്മമാർ വയസ്സുകാലത്തു ഇരിക്കാതെ ഇവിടെ ഒറ്റയ്ക്ക് കഴിയുന്നത്. ഞാൻ ചെറിയ ഒരു ഉദാഹരണം പറയാം. സിദ്ദേശ്വരി ദേവി എന്ന പ്രശസ്ത പാട്ടുകാരി ഇംഗ്ലണ്ടിലുള്ള സ്വന്തം മകളുടെ കൂടെ കുറച്ചു ദിവസം താമസിക്കാൻ പോയി. അവർ അവിടെ ബാത്റൂമിൽ ഉപയോഗിക്കുന്ന നാപ്കിൻ ഉപയോഗിക്കുന്നതിൽ തൃപ്തിതോന്നാത്തതുമൂലം ദിവസങ്ങളോളം ഭക്ഷണം പോലും കഴിച്ചില്ല എന്നും പിന്നീട് മകളോട് കരഞ്ഞു പറഞ്ഞപ്പോൾ അവർ അമ്മയെ തിരിച്ചു ഇവിടെ കൊണ്ടാക്കി എന്നും ഞാൻ എവിടെയോ വായിച്ചതായി ഓർക്കുന്നു. ഇതിനുള്ള കാരണവും ഞാൻ ആദ്യം പറഞ്ഞത് തന്നെയല്ലേ.

ഈയിടെ ശബരിമല പ്രക്ഷോഭങ്ങളിലും നാം കണ്ടത് ഇതൊക്കെത്തന്നെയല്ലേ. പണ്ടു കാലങ്ങളിൽ നാം പുറത്ത് പറയാൻ മടിച്ചിരുന്ന പലതും നാം ആഘോഷിക്കുകയാണ് ഇപ്പോൾ. ആർത്തവം, തീണ്ടാരി ആരും പുറത്തുപറയാറില്ലായിരുന്നു. ഞങ്ങളുടെ അടുത്ത വീടുകളിലുണ്ടായിരുന്ന ചില സ്ത്രീകൾ എന്റെ അമ്മയോട് അങ്ങിനത്തെ ഒന്നും ഞങ്ങൾക്കില്ല എന്ന് പോലും പറഞ്ഞിരുന്നു നാണം കാരണം. രക്തം, മലം, മൂത്രം എന്നിവയൊക്കെ അശുദ്ധ മാലിന്യങ്ങളായിട്ടു തന്നെയാണ് കണക്കാക്കിയിരുന്നത്. ഇന്നും അങ്ങിനെയൊക്കെ തന്നെയല്ലേ. തീണ്ടാരിയിലെ രക്തം അണ്ഡവിസർജനരക്തമാവുമ്പോൾ കുറച്ചുകൂടി വിസ്കസ് ആയിരിക്കും. അത് വസ്ത്രത്തിലോ മറ്റോ ആയാൽ കറപിടിക്കും മുകളിൽ പറഞ്ഞ മാലിന്യങ്ങൾക്കു ദുർഗന്ധവുമുണ്ടാവും. ഇവയുടെ പേരുകൾ പറയുമ്പോൾ തന്നെ കേൾവിക്കാരൻ ഒന്ന് പരുങ്ങുകയും ഇവയുടെ ചിത്രം ഓർമ്മവരുകയും മനം പുരട്ടാൻ തുടങ്ങുകയും ചെയ്യും. അതുകൊണ്ടാണ് പണ്ടുള്ളവർ ഇവയെയെല്ലാം മാലിന്യമായി കാണുകയും നല്ല സമയങ്ങളിലൊന്നും അവയെ ഓർമ്മപ്പെടുത്താതെയും ഇരുന്നത്. ഉദാഹരണത്തിന് ഭക്ഷണം കഴിക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ, അതിഥികൾ വരുമ്പോൾ, ഭക്തിയുള്ളപ്പോൾ... പക്ഷെ നമ്മൾ ഇപ്പോൾ ഭയങ്കര പരിഷ്കാരികളായി. എവിടെയും എന്തും ചെയ്യാൻ, എന്തും പറയാൻ സ്വാതന്ത്ര്യമുണ്ട് എന്നൊക്കെയാണ് വിചാരം. സത്യത്തിൽ ഇതൊന്നും സ്വാതന്ത്ര്യമല്ല കൂട്ടരേ. സ്വാതന്ത്ര്യ ദുരുപയോഗമാണ്. സ്വാതന്ത്ര്യമുണ്ടെന്നും വിചാരിച്ചു കയ്യിൽ മലവുമായി ആരെങ്കിലും ബസ്സിൽ കയറാറുണ്ടോ. ദൃശ്യ മാധ്യമങ്ങളും, അച്ചടി മാധ്യമങ്ങളുമൊക്കെ ചിന്തിക്കേണ്ട വിഷയമാണ്. ആർത്തവം, മലം, മൂത്രം എന്നിവയൊക്കെ എന്നും ചാനലുകളിൽ പൂജിക്കണമെന്നില്ല. ഇവയെല്ലാം അത്യാവശ്യ കാര്യങ്ങളാണ് എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. അതുകൊണ്ട് ഇവയെല്ലാം തോന്നിയപോലെ കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യം ദുസ്വാതന്ത്ര്യമാണ്. ആർത്തവമുള്ള ആരും സാധാരണ ഒരു ആരാധനാലയത്തിലും പോകാറില്ല. മൂത്രമൊഴിക്കുന്ന/കക്കൂസിൽ പോകുന്ന പ്രായമാണെന്നു പറഞ്ഞു ആരും ആരാധനാലയത്തിൽ പോകാതിരിക്കലുമില്ല. അവയെല്ലാം പോകുന്നവരുടെ സമാധാനത്തിന്റെ, സ്വസ്ഥതയുടെ, തൃപ്തിയുടെ പ്രശ്നമാണ് അതുകൊണ്ടു എന്ത് തീരുമാനിക്കുമ്പോഴും ആദ്യം എഴുതിയത് ഓർമ്മിക്കുന്നത് നന്നായിരിക്കും. പോകുന്നതെവിടെയാണെങ്കിലും മാലിന്യങ്ങൾ കഴുകി ദേഹവും മനസ്സും ശുദ്ധമാക്കി വേണം പോവാൻ. അതിനുള്ള സൗകര്യങ്ങളാണ് ചെയ്തു കൊടുക്കേണ്ടത്. ആ സൗകര്യമുണ്ടാക്കുകയാണ് ഉത്തരവാദപ്പെട്ടവർ ചെയ്യേണ്ടത്. അല്ലാതെ എന്ത് മാലിന്യമായാലും ബയോഗ്യാസ് ഉണ്ടാക്കുന്നത് പോലെ ബയോ വോട്ട് ഉണ്ടാക്കുകയല്ല വേണ്ടത്.

# സ്ത്രീനാമ പരിണാമം ഒരു ചിന്തനം



പ്രമോദ് മഞ്ചേരി
09445407393

"സുഹൃത്തേ, നിങ്ങളുടെ ഭാര്യയുടെ പേരാണു എഴുതേണ്ടത്. ഡീറ്റയിൽസ് ഒന്നു പരിശോധിച്ച് മറുപടി മെയിലിൽ അയക്കുക."

ഫോണിന്റെ അങ്ങേത്തലയ്ക്കൽ കേട്ടത് ശരിയാണോ എന്നു പരിശോധിക്കാൻ മുന്നിൽ ഡെസ്ക്ടോപ്പിൽ തയ്യാറാക്കിയ വ്യക്തിവിവരങ്ങൾ ഒന്നുകൂടി നോക്കി ഞാൻ മറുപടി നല്കി.

"അതെന്റെ ഭാര്യയുടെ പേരുതന്നെ ആണല്ലോ?!"

"മി.പ്രമോദ്, നിങ്ങളുടെ പേര് അവിടെ കണ്ടില്ല. അതുകൊണ്ടാണു ചോദിച്ചത്?"

"എന്റെ ഭാര്യ അവരുടെ പിതാവിന്റെ പേരാണു ആദ്യ നാമത്തിനോടു ചേർത്തിരിക്കുന്നത്. ഞാനതംഗീകരിക്കുന്നു."

"അസാധാരണം തന്നെ!!! ഒ.കെ..."

"ക്വീൻ" എന്ന സിനിമയിൽ നടൻ സലിം കുമാറിന്റെ വക്കീൽ ചോദ്യമാണോർത്തത്. "എന്താണീ അസാധാരണം?" ഒരു പെൺകുട്ടിക്ക് അവരുടെ പേരു തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അസാധാരണമാണോ? വിവാഹം കഴിഞ്ഞാലുടൻ ഭർത്താവിന്റെ പേര് തന്റെ പേരിന്റെ വാലറ്റത്തു ചേർക്കണം എന്നു നിർബന്ധപ്പെടാനാകുമോ? പ്രത്യേകിച്ച് അതുകൊണ്ടെന്താണു ഗുണം? മിക്കവാറും കുട്ടികൾ സ്കൂളിൽ ചേരുമ്പോൾ സ്വന്തം പേരിനോട് ചേർക്കുന്നത് അച്ഛന്റെ പേരാണ് അത് മാറണമെന്ന് ആർക്കാണ് നിർബന്ധം? എൻെറ മനസ്സിലൂടെ ചിന്തകളും സംശയങ്ങളും തീവ്രതയോടെ ഗതാഗതം ആരംഭിച്ചപ്പോൾ ഞാൻ ഒന്ന് ചരിത്രം വായിക്കാൻ നോക്കി.

വിവാഹശേഷം ഉള്ള നാമധേയ പരിണാമം ഭാരതത്തിൽ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ കഷ്ടപ്പെടുക മഹാഭാരതത്തിലെ ദ്രൗപദി (തെറ്റി ആ പേരിന്റെ ഉത്ഭവം അവരുടെ അച്ഛന്റെ പേരിൽ നിന്നായിരുന്നു. കൃഷ്ണ എന്നായിരുന്നു യഥാർത്ഥ നാമം) ആയിരുന്നേനെ. അഞ്ചുവർഷങ്ങളിൽ അഞ്ചുപേരിൽ അറിയപ്പെടുന്ന ഗിന്നസ് നേട്ടവും അവർക്ക് തന്നെ ആയിരിക്കുമായിരുന്നു. കൃഷ്ണ യുധിഷ്ഠിരൻ, കൃഷ്ണ ഭീമസേനൻ, കൃഷ്ണ അർജുനൻ, കൃഷ്ണ നകുലൻ, കൃഷ്ണ സഹദേവൻ, അന്ന് വല്ല ആധാർ കാർഡ് സിസ്റ്റവും നിലവിലുണ്ടായിരുന്നെങ്കിൽ പാവം മഹാഭാരതം ജയിച്ച സഹോദരന്മാർ തോറ്റ് തൊപ്പി ഇട്ടേനെ!!! മാത്രമല്ല കൃഷ്ണ അറിയപ്പെട്ടത് ദ്രൗപദി അഥവാ ദ്രുപദന്റെ മകളായി തന്നെ.!!

ഇത്തരം സമ്പ്രദായം തുടങ്ങിയത് ആയിരം വർഷങ്ങൾക്കുമുമ്പ് യൂറോപ്പിൽ ആണ്. ബ്രിട്ടീഷുകാരാണ് കോളനി അധിനിവേശ സമയത്ത് തട്ടിക്കൊണ്ടുവന്ന സ്ത്രീകളെ പരാധീനപ്പെടാതിരിക്കാനായി ഭർത്താവിന്റെ പേര് ചേർത്ത് പറഞ്ഞു തുടങ്ങിയത്. അന്ന് സ്ത്രീകളെ സ്വത്ത് എന്ന രീതിയിലാണ് കരുതിയിരുന്നത്. ഇത്ര പശുക്കൾ, ഇത്ര വീടുകൾ, ഇത്ര സ്ഥലം, ഇത്ര സ്ത്രീകൾ... എന്നരീതിയിൽ. ഇന്ന് നാം പുരോഗമനത്തിന്റെ കളിത്തൊട്ടിലായി കരുതുന്ന യൂറോപ്പിൽ പലയിടത്തും സ്ത്രീകൾക്ക് പൊതുസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല, വോട്ടവകാശം ഉണ്ടായിരുന്നില്ല. പലയിടത്തും വിദ്യ അഭ്യസിച്ച, പ്രചരിപ്പിച്ച സ്ത്രീകളെ പച്ചയ്ക്ക് കത്തിക്കുകയും ചെയ്തിരുന്നു. അമേരിക്കയുടെ ന്യായം വേറെ ആണ്. താമസിക്കുന്ന സ്ഥലം പേരോടു ചേർക്കുകയായിരുന്നത്രേ അവിടെ പതിവ്. ഒരേ സ്ഥലത്ത് ഒരുപാടു പേരുകൾ ഒരുപോലെ വന്നപ്പോൾ സ്ത്രീകളുടെ പേരോടുകൂടി ഭർത്താവിന്റെ പേരുകൾ ചേർക്കാൻ തുടങ്ങിയത്രേ. എന്നാലിന്ന്, പേര് മാറ്റുക എന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയ ആയതോടെ (ബാങ്കിൽ, പാസ്പോർട്ട് മുതലായിടങ്ങളിൽ മാറ്റുക ക്ഷിപ്രസാദ്ധ്യമല്ലതന്നെ) പല സ്ത്രീകളും കന്യാനാമങ്ങൾ (Maiden name) തന്നെ തുടരുന്നു വിവാഹശേഷവും. പുരുഷന്മാർക്കിതൊന്നും ബാധകമല്ല തന്നെ. ഒരു പ്രചാരത്തിൽ ഉള്ള മൊഴി ഉണ്ട് 'വിവാഹം കഴിഞ്ഞാൽ പുരുഷനും സ്ത്രീയും ഒന്നാണ്' എന്നാൽ ആ 'ഒന്ന്!' പുരുഷനാണെന്നു മാത്രം. സത്യത്തിൽ ഈ പേരിന്റെ ചരിത്രം വായിച്ചപ്പോൾ എനിക്കും തോന്നിയത് ചരിത്രത്തിൽ മുഴുവനായും പുരുഷമേധാവിത്വം നിലനിൽക്കുന്നുവെന്നാണ്.

ഇന്ത്യയിൽ സ്ഥലപ്പേരും തറവാടുമാണ് ആധാര ശിലകൾ തിരിച്ചറിവിന്റെ –പ്രസിദ്ധരായ ആളുകളെല്ലാം അവനവൻ വസിക്കുന്ന സ്ഥലമായിരുന്നു തിരഞ്ഞെടുത്തത്. പിന്നീടാണ് കുലപ്പേരും ജാതിപ്പേരും എല്ലാം തുടങ്ങിയത്. ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ് അച്ഛന്റെ പേര് ചേർക്കാൻ തുടങ്ങിയത്. പതിവ്രതയായ ഭാരതീയ നാരി പതിയുടെ നാമത്തെ സ്വന്തം പേരിനോട് ചേർത്ത് കൊണ്ടിരുന്നു.

ചില വിചിത്രമായ കണക്കുകൾ കൂടി പരിശോധിക്കാം. പുത്തൻ തലമുറ വളരെ വ്യത്യസ്തമായി ചിന്തിക്കുന്നവർ ആണെന്നാണല്ലോ പൊതുവേ ധാരണ. എന്നാൽ തൊ

ണ്ണൂറുകളിൽ വിവാഹിതരായവരിൽ സ്ത്രീകളിൽ നൂറിൽ തൊണ്ണൂറു പേരും ഭർത്താവിന്റെ പേര് സ്വന്തം പേരിനോട് ചേർത്തപ്പോൾ ഇന്നത്തെ യുവതലമുറയും നൂറിൽ എൺപത്തിയെട്ടുപേർ അതിനു സന്നദ്ധരാവുന്നു. കാഴ്ചയിൽ വ്യത്യാസം കാണാമെങ്കിലും മാനസികമായി ഇന്നും വലിയ വ്യതിയാനങ്ങൾ ഇല്ല എന്നർത്ഥം .


ഒന്ന് വ്യക്തമാണ്. ഞാൻ ചിന്തിക്കുന്നത് നൂറിൽ പന്ത്രണ്ടു പേരുടെ കാര്യം മാത്രം. ഭർത്താവിന്റെ പേര് ചേർക്കാത്ത ഭാര്യമാർക്ക് പലർക്കും സമൂഹത്തിന്റെ അവഹേളനം സഹിക്കേണ്ടി വന്നു. അത്തരമൊരു കേസിലാണ് ഫ്ലെവിയ അഗ്നെസ് എന്ന ഒരു സ്ത്രീ സംഘടനനേതാവ് ഭാര്യമാർക്ക് അഥവാ സ്ത്രീകൾക്ക് സ്വന്തം പേര് നിലനിർത്താനുള്ള അവകാശം കോടതി വിധി വഴി നേടി എടുക്കുന്നത്.

അച്ഛനും ഭർത്താവും തമ്മിൽ യുദ്ധം തുടങ്ങാനൊന്നുമല്ല ഇതെഴുതിയത്. പുരുഷന്മാരെ പോലെ തന്നെ ഒരുപക്ഷെ അതിലധികം സ്വത്വത്തോടെ നിലനിൽക്കുന്ന സ്ത്രീകൾക്ക് അവർക്കിഷ്ടമുള്ള ഒരു പേര് തിരഞ്ഞെടുക്കാനും അത് നിലനിർത്താനുമുള്ള സ്വാതന്ത്ര്യം വകവച്ചു കൊടുക്കാൻ വളർച്ച അവകാശപ്പെടുന്ന ഒരു സമൂഹം തയ്യാറാവണം. അതല്ലെങ്കിൽ സാധാരണവും അസാധാരണവും എന്താണെന്ന് നാം വരും തലമുറകൾക്ക് പറഞ്ഞു കൊടുക്കേണ്ടി വരും.

■ലേഖനം

# കാപട്യം തിരിച്ചറിയാനാകാതെ

**ഏഴംകുളം മോഹൻകുമാർ**
**9447743242**



**ഒ**രു ചെറുകവലയിലെ കാത്തിരിപ്പുകേന്ദ്രം. ഏതാനും പേർ ബസ് കാത്തുനില്പുണ്ട്. സ്കൂട്ടറിൽ വന്ന ഒരു യുവതി, ഒരു പരിചയക്കാരിയെ കണ്ട് സ്കൂട്ടർ നിർത്തി, അതിന്റെ വലതുവശത്തുനിന്ന് സംസാരിക്കുകയായിരുന്നു. അപ്പോഴാണ് നിയന്ത്രണം വിട്ട ഒരു ജീപ്പ് റോഡുവിട്ട് അരികിലൂടെ പാഞ്ഞുവരുന്നതു കണ്ടത്. എല്ലാവരും സ്തബ്ധരായി നിൽക്കേ ഒരു ചെറുപ്പക്കാരൻ യുവതിയുടെ കൈയിൽപ്പിടിച്ച് വലിച്ചുമാറ്റി. സ്കൂട്ടറിന്റെ വലതുവശത്തുരസി അത് മറിയുകയും ജീപ്പ് അല്പമകലെ ഓടയിലാവുകയും ചെയ്തു. ഭാഗ്യമെന്നു പറയാം ആർക്കും അപകടമൊന്നും പറ്റിയില്ല.

അപ്രതീക്ഷിതമായുണ്ടായ ഞെട്ടലും പരിഭ്രമവും ലജ്ജയും അകന്നപ്പോൾ യുവതി സ്കൂട്ടർ നിവർത്തി സ്റ്റാർട്ടാക്കി നോക്കി. സഹായത്തിന് ജീപ്പുകാരുമെത്തി. രക്ഷപ്പെടുത്തിയ ചെറുപ്പക്കാരനെ നോക്കുകയോ ഒരു നന്ദിവാക്ക് പറയുകയോ ചെയ്യാതെ യുവതി സ്കൂട്ടറോടിച്ചു പോയി. അയാൾ കൈയിൽ പിടിച്ചു വലിച്ചില്ലായിരുന്നുവെങ്കിൽ ജീപ്പ് ഇടിച്ചുവീഴ്ത്തുമായിരുന്നു എന്നതിൽ ആർക്കും സംശയമുണ്ടായിരുന്നില്ല.

നന്ദിവാക്കുപോലും പറയാതെ പോയ സ്കൂട്ടർകാരിയോട് അതിന്റെ കാരണം അവരുടെ കൂട്ടുകാരി വഴിയന്വേഷിച്ചു. നന്ദി പറഞ്ഞിരുന്നുവെങ്കിൽ അയാൾ പേരും സ്ഥലവുമെല്ലാം അന്വേഷിക്കുകയും തുടർന്ന് അതിന്റെ പേരിൽ മുതലെടുക്കാൻ ശ്രമിക്കുകയും ചെയ്യും എന്നവൾ പറഞ്ഞതായിട്ടാണ് അറിയാൻ കഴിഞ്ഞത്.


സ്കൂട്ടർകാരിയുടെ അഭിപ്രായത്തെ വിമർശനബുദ്ധിയോടെ കാണാനോ അനുകൂലിക്കാനോ കഴിയുന്നതല്ല. അത്തരമൊരു അന്തരീക്ഷം സമൂഹവും മാധ്യമങ്ങളും സൃഷ്ടിച്ചുകഴിഞ്ഞു. പുരുഷസമൂഹത്തെ ഒന്നടങ്കം സംശയത്തോടെ വീക്ഷിക്കാനും ഭയക്കാനും ഏത് സമയവും അവനിൽ നിന്നും അക്രമണം പ്രതീക്ഷിക്കാനും തക്കവണ്ണം ചിന്താഗതികൾ മാറിക്കഴിഞ്ഞു. സ്ത്രീയെ ലൈംഗിക ഉപകരണം മാത്രമായി കാണുന്നവരുണ്ട് എന്ന വസ്തുത തള്ളിക്കളയുന്നില്ല. യാത്രാവേളകളിൽ ഉപദ്രവിക്കാനും തുളച്ചുകയറുന്ന തരത്തിൽ നോട്ടമെറിയാനും ശ്രമിക്കുന്നവർ ഇല്ലാതില്ല. എന്നാൽ ഏകപക്ഷീയമായൊരു അഭിപ്രായപ്രകടനമല്ല വേണ്ടത്. വളരെ മാന്യമായി പെരുമാറുന്നവരാണേറേയും. അപകടകാരികൾ വളരെ തുച്ഛമാണെന്നർത്ഥം.

ഇവിടെ പ്രശ്നമതല്ല, കാപട്യക്കാരെ തിരിച്ചറിയാനാവാത്ത അവസ്ഥയാണ് മുഖ്യപ്രശ്നം. ഉപജീവനത്തിനായി ഭിക്ഷയെടുക്കുന്നവർക്കൊപ്പം പണം സമ്പാദിച്ചു കൂട്ടാൻ കൈനീട്ടുന്നവരുണ്ട്. യാത്രാവേളകളിൽ പണം നഷ്ടപ്പെട്ടാൽ ബസ്സ് ടിക്കറ്റിനായി ആരോടെങ്കിലും പണം ചോദിച്ചുനോക്കൂ. പരിഹാസച്ചിരിയോടെ അവർ കൈമലർത്തും.

കപടമാർഗ്ഗത്തിലൂടെ കാര്യസാധ്യത്തിനായി എത്തുന്നവർ നിരവധിയാണ്. അവരെ തിരിച്ചറിയാൻ കഴിയാത്തതിനാൽ ഏകപക്ഷീയമായ വിലയിരുത്തലിൽ എല്ലാവരും കാപട്യക്കാർ എന്ന് വിധിയെഴുതാൻ എല്ലാവരും നിർബന്ധിതരായിത്തീരുന്നു. സത്യത്തിനിവിടെ ഒരു സ്ഥാനവുമില്ലാതായി മാറുകയാണ്. സത്യം പറഞ്ഞാലും ആരും വിശ്വസിക്കില്ല ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ.

രക്ഷപ്പെടുത്തിയ ചെറുപ്പക്കാരനോട് നന്ദിവാക്കുരിയാടാതെ പോയ സ്കൂട്ടർ യാത്രക്കാരിയുടെ സ്വഭാവവും അഭിപ്രായവും ഇപ്രകാരം ചിന്തിക്കുമ്പോൾ വിമർശനത്തിന് അതീതമായി നിലനില്ക്കുകയാണ്.

# കുടം തുറന്നുവിട്ട ഭൂതം



**എം. ഡി. വിശ്വംഭരൻ**
**9446142131**

**ക**ടലിൽ മീൻ പിടിക്കാൻ പോയി വൈകുന്നേരം വരെ അലഞ്ഞിട്ടും ഒന്നും കിട്ടാതെ നിരാശനായ മുക്കുവന് വായ് അടച്ചുകെട്ടിയ ഒരു കുടം കടലിൽ നിന്നും കിട്ടുന്നു. അത്ഭുതത്തോടെ മുക്കുവൻ ആ കുടം കൈക്കലാക്കുമ്പോൾ കുടത്തിനകത്തുനിന്നും ഒരു ശബ്ദം. ഒരു വിലാപം. എന്നെ തുറന്നുവിടൂ എന്ന് അത് വിളിച്ചുപറഞ്ഞു. ദയ തോന്നി കുടം തുറന്ന മുക്കുവന് പിന്നെ ഭീഷണിയായിരുന്നു. ആദ്യം പുക ചുരുളുകളായി പുറത്തുവന്ന് പിന്നെ യഥാർത്ഥ ഭൂതം പുറത്തുവരുന്നു. രക്ഷിച്ച മുക്കുവനെ വധിക്കാനൊരുങ്ങുകയാണ് ഭൂതം. ഭയന്നുവിറച്ച മുക്കുവൻ തന്റെ ജീവനുവേണ്ടി യാചിക്കുന്നു. അല്പം പോലും ദയയില്ലാത്ത ഭൂതത്തിനോട്, തന്നെ തുറന്നു വിട്ടവനെ ഹിംസിച്ചേ അടങ്ങൂ എന്ന് ശഠിക്കുന്ന ഭൂതത്തിനോട്, അവസാനമായി, മരിക്കുന്നതിനുമുൻപ് ഒരു ആഗ്രഹം സാധിച്ചുതരുവാൻ ബുദ്ധിമാനായ മുക്കുവൻ അപേക്ഷിക്കുന്നു. ഭൂതം ആ ആവശ്യം സാധിച്ചു കൊടുക്കാമെന്ന് സമ്മതിക്കുന്നു. ഇത്ര ഭീമാകാരനായ ഭൂതം ഈ ചെപ്പുകുടത്തിൽ എങ്ങനെ ഒളിച്ചിരുന്നു, ആ കുടത്തിൽ എങ്ങനെ കയറിക്കൂടി എന്നു കാണുവാനുള്ള മോഹമാണ് മുക്കുവൻ ഭൂതത്തോട് അറിയിക്കുന്നത്. ഇത്രേ ഉള്ളോ നിന്റെ ആവശ്യം എന്നുചോദിച്ചുകൊണ്ട് വീണ്ടും പുകച്ചുരുളുകളായി കുടത്തിൽ ഒതുങ്ങുമ്പോൾ മുക്കുവൻ വേഗം കുടം അടച്ച് ഭദ്രമാക്കി കുടം കടലിൽ എറിഞ്ഞ് രക്ഷപ്പെടുകയാണ്.

ഇത് നമ്മളേവർക്കും അറിയാവുന്ന മുത്തശ്ശി കഥ. എന്നാൽ ഇപ്പോൾ തീരെ ബുദ്ധിയില്ലാത്ത നമ്മൾ മറ്റൊരു ഭൂതത്തെ തുറന്നുവിട്ടിരിക്കയാണ്. ഇനി അതിനെ തിരികെ കുടത്തിലാക്കാൻ കഴിയുമോ ? ആ ഭൂതം നമ്മുടെ പിടിവിട്ട് വളർന്ന് മനുഷ്യരാശിയെ മാത്രമല്ല സകല ജീവജാലങ്ങളേയും നശിപ്പിക്കാനൊരുങ്ങുന്നു. $(C_2H_4)n$ എന്ന പ്ലാസ്റ്റിക് ഭീകരൻ അഥവാ ഭൂതം. മേൽപ്പറഞ്ഞ പ്ലാസ്റ്റിക് സംയുക്തം ജീവിതത്തിന്റെ സമസ്ത മേഖലയേയും കീഴടക്കിയിരിക്കയാണല്ലോ. എല്ലാം എളുപ്പത്തിനും സൗകര്യത്തിനും വേണ്ടി ഉണ്ടാക്കപ്പെട്ടവ. പാത്രങ്ങളായും വീട്ടുപകരണങ്ങളായും സാധനങ്ങൾ പാക്കു ചെയ്യുവാനുള്ള കൂടുകളായും അവയെ വീട്ടിലെത്തിക്കാനുള്ള കിറ്റുകളായും അങ്ങനെ പലതും. വെള്ളക്കുപ്പികൾ, മദ്യക്കുപ്പികൾ, മരുന്നു കുപ്പികൾ പലഹാരപായ്ക്കറ്റുകൾ, ഇൻസ്റ്റന്റ് ഭക്ഷണപാത്രങ്ങൾ അങ്ങനെ സർവ്വമേഖലയും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും കടന്നുകയറ്റവും നമ്മെ വിഴുങ്ങിക്കൊണ്ടിരിക്കയാണല്ലോ.

ഭക്ഷണപ്പൊതികൾ, വീട്ടാവശ്യത്തിനുള്ള ധാന്യപൊടികൾ, മുളക്, മല്ലി, മഞ്ഞൾ വിവിധതരം മസാലകൾ ഇവയുടെ ബാഹ്യാവരണത്തിന്റെ രൂപത്തിൽ നിത്യവും ഒരു വീട്ടിൽ എത്ര പ്ലാസ്റ്റിക് കവറുകളാണ് എത്തുന്നത്. പാൽ, തൈര്, എണ്ണത്തരങ്ങൾ എന്നിവ വേറേയും. ഇത് പിന്നീട് മുറ്റത്തും തെങ്ങിൻ ചുവട്ടിലും വാഴച്ചുവട്ടിലും എത്തുന്നു. മണ്ണിൽ അഴുകിച്ചേരാത്ത ഇവ മണ്ണിന്റെ ഈർപ്പവും ഗുണമേന്മയും തീർത്തും ഇല്ലാതാക്കുന്നു. മുറ്റത്തും പറമ്പിലും എത്തുന്ന ഇവ പ്രകൃതിയുടെ കലപ്പ എന്നുപറയുന്ന മണ്ണിരയെ ഇല്ലാതാക്കുന്നു. പ്ലാസ്റ്റിക് കടലാസിന്റെ അവശിഷ്ടം ഡീകമ്പോസ്റ്റ് ആകാൻ പത്തുമുതൽ ആയിരം വർഷം വരെ എടുക്കുമെന്നാണ് പഠനങ്ങൾ പറയുന്നത്. നമുക്ക് വേണ്ടാതായിക്കൊണ്ടിരിക്കുന്ന കുളവും തോടും പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാനുള്ള ഇടമായി നാം കാണുന്നു. നീരുറവയുടെ സാന്നിദ്ധ്യം തീരെ ഇല്ലാതാകുന്നതോടെ ജീവന്റെ നിലനില്പുതന്നെ ഭീഷണി നേരിടുന്നു എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം.

പ്ലാസ്റ്റിക് കുപ്പികളും കവറുകളും നമ്മൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നതിനാൽ ജലജീവികളും നാശം നേരിട്ടുകൊണ്ടിരിക്കയാണ്. ഈ കുപ്പികൾ നിർമ്മിക്കുന്ന പ്ലാസ്റ്റിക് അപകടകാരികളായ രാസവസ്തുക്കൾ ചേർന്നവയാണ്. ഒരു കുപ്പി ഡീകമ്പോസ്റ്റ് ആകാൻ 350 വർഷം വരെ എടുത്തേക്കും. ഒരു പ്ലാസ്റ്റിക് കപ്പ് 50 മുതൽ 80 വർഷം വരെ എടുത്താലെ നശിക്കുകയുള്ളു. പ്ലാസ്റ്റിക് ബാഗുകൾ ഇതര പ്ലാസ്റ്റിക് ഉത്പ്പന്നങ്ങൾ എന്നിവ കടലിൽ നിക്ഷേപിക്കപ്പെടുന്നതുമൂലം ഓരോ വർഷവും ഒരു മില്യൺ കടൽ ജീവികൾ നശിക്കുന്നതായിട്ടാണ് കണക്ക്.

പ്ലാസ്റ്റിക്കിനെ പ്രധാനമായും രണ്ടായി തിരിക്കാം.

Thermoset or thermosetting plastics
Thermo Plastics - Polythethylene Terephthelate

പ്ലാസ്റ്റിക് കത്തിക്കുമ്പോൾ വിഷമയമായ വാതകം അന്തരീക്ഷത്തിൽ പരക്കുന്നതുമൂലം കാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെടാനുള്ള സാദ്ധ്യത കൂടുതലാണ്. ഇത് റീ-സൈക്കിൾ ചെയ്യുമ്പോൾ അതിലേർപ്പെടുന്ന ജോലിക്കാർക്ക് ത്വക്ക് രോഗവും ശ്വാസ കോശ രോഗങ്ങളും പിടിപെടാൻ സാദ്ധ്യതയുണ്ട്. കടലിൽ എറിയപ്പെടുന്ന പ്ലാസ്റ്റിക് കിറ്റുകളും കൂടുകളും അകത്താക്കുന്ന കടൽ ജീവികൾ ചത്തൊടുങ്ങുന്നു. കരയിൽ ചത്തടിഞ്ഞ തിമിംഗലത്തിന്റെ വയർ നിറയെ പ്ലാസ്റ്റിക് ആ

യിരുന്നു എന്ന വാർത്ത ഈ അടു ത്ത കാലത്താണ് പത്രങ്ങളിൽ വായി ച്ചത്. ജലാശയത്തിൽ തള്ളപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വെള്ളത്തിൽ നിന്നും നേരിട്ട് മീൻ പിടിക്കുന്ന പക്ഷികൾക്കും ഭീഷണിയാണ്. അവയുടെ കൊക്കുകളിൽ ഉടക്കുന്ന കിറ്റുകൾ അവയുടെ സ്വതന്ത്ര സഞ്ചാരത്തിനും ഇര തേടുന്നതിനും വിഘാതമാകുന്ന കാഴ്ചയാണ് കാണുന്നത്. ലോകമാകെ ഒരു വർഷം 100 മില്യൺ മാലിന്യങ്ങൾ കടലിലേക്ക് നിക്ഷേപിക്കപ്പെടുന്നു. കടലാമകളെയാണ് ഇത് കൂടുതലും ബാധിക്കുന്നത്. കടലാമ, സ്രാവുകൾ, ഡോൾ ഫിൻ മറ്റു മത്സ്യവർഗ്ഗങ്ങൾ എല്ലാം തന്നെ ഈ മാലിന്യങ്ങളെ അകത്താക്കുകയും അവയുടെ ജീവനാശവും വംശനാശവും സംഭവിക്കുന്നു. കടൽപ്പുറങ്ങളിലെ ബലൂൺ പറത്തൽ ആമകളെ സംബന്ധിച്ച് മറ്റൊരു ദുരന്തമാണ്. പൊട്ടുന്ന ബലൂൺ തരികൾ ആമകൾ ആഹരിക്കുന്നു. ഇത് കൂടാതെ കാട്ടിലും ഇതിന്റെ കടന്നുകയറ്റം നേരത്തേ സൂചിപ്പിച്ചുവല്ലോ.


ഭക്ഷണപദാർത്ഥങ്ങൾ പൊതിഞ്ഞ ഈ പ്ലാസ്റ്റിക് കാട്ടിൽ ഉപേക്ഷിക്കുമ്പോൾ ആന, പന്നി തുടങ്ങിയ പല മൃഗങ്ങളും അകത്താക്കുന്നു. ഒരിക്കൽ കാട്ടിൽ ചരിഞ്ഞ കാട്ടാനയുടെ ജഡം പോസ്റ്റുമോർട്ടം ചെയ്തപ്പോൾ നിറയെ പ്ലാസ്റ്റിക് കൂടുകൾ കണ്ടു. ശർക്കര പായ്ക്കറ്റായിരുന്നു ഏറെയും. കാട്ടുപന്നികളും ഇങ്ങനെ ആഹരിക്കുന്നുണ്ട്. ഇതിനെല്ലാം പരിഹാരം കാണുകയും ശക്തമായ ബോധവത്കരണം നടത്തേണ്ടതും അടിയന്തിരാവശ്യമാണ്. ഇക്കാര്യത്തിൽ ഭരണാധികാരികൾ ഉറക്കം വിട്ടുണരണം, ഒപ്പം സാമൂഹ്യപ്രവർത്തകരും. പ്ലാസ്റ്റിക് കത്തിക്കാൻ പാടില്ല എന്ന് ഏവർക്കും അറിയാം എന്നിട്ടും നിർബാധം തുടരുന്നു. വീട്ടിൽ ഇവയുടെ അളവ് കൂടുമ്പോൾ എന്തുചെയ്യും എന്ന വിഷമാവസ്ഥയിലാണ് പലരും ചെയ്തുപോകുന്നത്. ഇതിനൊരു പരിഹാരമായി വീടുകളിൽ പ്ലാസ്റ്റിക് എത്തുന്നതിന്റെ തോത് കുറയ്ക്കാൻ നമ്മൾ തയ്യാറാകണം. കാരിബാഗുകളായി പുനരുപയോഗസാദ്ധ്യതകളുള്ള തുണിസഞ്ചി, പേപ്പർ ബാഗ് തുടങ്ങിയവ ഉപയോഗിക്കുക, സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ആവശ്യമായ കരുതൽ എടുക്കുക എന്നിവ നമുക്ക് ചെയ്യാവുന്നതേയുള്ളു.

പ്ലാസ്റ്റിക് മാലിന്യം കൊണ്ടുള്ള ദോഷങ്ങൾ വിവരിക്കാൻ തുടങ്ങിയാൽ അവസാനമില്ലാത്തതാണ്. വീടുകളിലും ഓഫീസുകളിലും പൊതു ഇടങ്ങളിലും ഇവയുടെ കടന്നുകയറ്റം നാം നിയന്ത്രിച്ചേ പറ്റൂ. ഇവയില്ലാത്ത ഒരു ലോകത്തിലേക്കുള്ള മടങ്ങിപ്പോക്ക് ഇനി അസാദ്ധ്യമാണ് എന്ന് നമുക്കറിയാം. കുടിലുകളും, വേലിയും പല തരത്തിലുള്ള മറകൾക്കും പ്ലാസ്റ്റിക്ക് ഷീറ്റുകൾ നാം നിർബാധം ഉപയോഗിക്കുകയും പിന്നീട് അവയെല്ലാം പൊടിഞ്ഞ് മണ്ണിൽ കലരുകയും ചെയ്യുമ്പോൾ അത് നീണ്ട വർഷങ്ങൾ അവിടെ നശിക്കാതെ കിടക്കും എന്ന് നാം ഓർക്കാറില്ല. അപ്പോൾ പരമാവധി ഇവയുടെ ഉപയോഗം നിയന്ത്രിക്കുകയും ഉപയോഗിക്കുന്നവ സൂക്ഷിച്ച് കൈകാര്യം ചെയ്യുകയും ചെയ്താൽ അത്രയും ആശ്വാസം. അടിഞ്ഞുകൂടുന്ന ഈ മാലിന്യം ശേഖരിച്ച് നശിപ്പിക്കുവാൻ തദ്ദേശസ്ഥാപനങ്ങൾ തയ്യാറാകണം. കൂടെ നമ്മളും പര മാവധി വേണ്ട കരുതൽ നടപടികൾ എടുത്താൽ കുറേയെങ്കിലും മുക്തി നേടാൻ കഴിയുമല്ലോ. 'പ്ലാസ്റ്റിക് മുക്ത നാട്' നമുക്ക് സങ്കല്പിക്കാം. അത് യാഥാർത്ഥ്യമാകാൻ നമ്മൾ തന്നെ മുൻകൈ എടുത്ത് വിജയത്തിലെത്തിക്കാൻ ശ്രമിക്കണം. നാം തുറന്നുവിട്ട ഭൂതത്തെ വീണ്ടും കുടത്തിലാക്കാൻ നമുക്ക് കഴിയുമോ ? കഴിയട്ടെ എന്ന് ആശിക്കാം. ഓരോരുത്തരും അതിനായി പ്രതിജ്ഞയെടുക്കട്ടെ.

●

■ കവിത

ശെൽവൻ കുഴൽമന്ദം
8547333725



# വിഷക്കണി

ഒരാണ്ടിൻ പുണ്യമാർന്നിടും സുകൃതം
കണിവയ്പ്പിൽ കരുതിയിരിപ്പൂ കാലം
നന്മ തൻ ചേറ്റുപാടങ്ങളുഴുതു-
മറിച്ചിട്ടു കാത്തിരിപ്പൂ മുള പൊട്ടിടാൻ
ഉണ്ണികൾക്കുൽസാഹ പൂത്തിരി കത്തിച്ചിടാൻ
മനം നിറഞ്ഞൊരുങ്ങിടും ദിനം.
കണ്ണിലും നെഞ്ചിലുമെരിതീ പടക്കത്തിൻ
കണി കൂട്ടാനൊരുങ്ങുന്നകം പൊള്ളിടുന്നോർ
വയൽക്കരകളിൽ മൺചാലുകൾ
തീർക്കാൻ ഹലങ്ങളല്ല; മരണം
വിളിപ്പുറത്തു കെട്ടി നിർത്തി
പകതൻ പാതാള കൈകളാർത്തി-
പൂണ്ടൂഴിതൻ നെഞ്ചകം മാന്തി
പൊളിച്ചന്നമൂട്ടും കൈകൾക്കു
ബന്ധനം തീർക്കുമഭിനവപ്പിശാചുക്കൾ.
മക്കൾക്കു കണിയായ് മഞ്ഞണി-
ക്കൊന്നയുമുരുളിയിൽ തങ്കത്തിളക്കത്തിൽ
വെള്ളരിയും തിടം വന്ന ഫലങ്ങളും
പൊന്നാടക്കാഭ ചാർത്തും വെള്ളിക്കാശുകൾ
കടം കൊണ്ട് കണിവയ്പുകൾ.
പടി കേറു വന്നിടുമവകാശങ്ങളധിനി-
വേശച്ചുവടുകൾ പതിയുമകം വാതിലുകൾ
പണയമായ് തീരുന്ന പാതി ജീവിതങ്ങൾ.

# മാനുഷികതയുടെ സർഗ്ഗാത്മക നിദർശനങ്ങൾ

പുസ്തകം - കൽപ്രതിമകൾ (കഥാസമാഹാരം)
രചയിതാവ് - റ്റി. വി. ഹരികുമാർ കണിച്ചുകുളങ്ങര
നിരൂപകൻ - രാജേന്ദ്രൻ വയല, 9446377201



**ഈ** കഥകൾ മനുഷ്യ ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഏടുകളാണ്. ഇതിന്റെ ഓരോന്നിന്റേയും വാക്കുകളിൽ നിന്ന് രക്തം ഉതിർന്നു വരുന്നത് കാണാം.

മലയാളത്തിലെ ഒരതുല്യ കഥാകാരന്റെ പുസ്തകം നിരൂപണം ചെയ്യുമ്പോൾ പ്രശസ്തനായ മറ്റൊരെഴുത്തുകാരൻ കുറിച്ച വാചകമാണ് മുകളിലുദ്ധരിച്ചത്. റ്റി. വി. ഹരികുമാർ കണിച്ചുകുളങ്ങരയുടെ 'കൽപ്രതിമകൾ' എന്ന ക്യാസമാഹാരത്തെക്കുറിച്ച് വിശേഷിപ്പിക്കാവുന്നത് ഇങ്ങനെയാണ്.

ജീവിതമെന്ന അനന്തവൈവിദ്ധ്യവേളകളിലെ മുഹൂർത്തങ്ങൾ അതിഭാവുകത്വമില്ലാതെ ഈ കഥകളിൽ തുടിച്ചുനിൽക്കുന്നു. ഒട്ടും ഇടർച്ചയില്ലാതെ വായിച്ചവസാനിപ്പിക്കാവുന്ന രചനാസിദ്ധിയുടെ ഉടമയെ കാണാം ഓരോ കഥകളിലും.

റ്റി. വി. ഹരികുമാർ കണിച്ചുകുളങ്ങര സമകാലിക ആനുകാലികങ്ങളിലെ നിത്യസാന്നിദ്ധ്യമാണ്. എല്ലാ ശ്രേണിയിലും ഉൾപ്പെട്ട ആനുകാലികങ്ങളിൽ കഥാകാരൻ കുട്ടിക്കവിതാകൃത്ത്, ലേഖകൻ, കവി എന്നിങ്ങനെ എത്രയോ വിഷയങ്ങളിൽ കാലങ്ങളായി ഈ എഴുത്തുകാരനെ കണ്ടെത്താം. എത്രയോ കൃത്യാന്തരബഹുലതകൾക്കിടയിൽ നിന്നുകൊണ്ടാണ് ഹരികുമാർ തന്റെ സർഗ്ഗസിദ്ധി കൈവിടാതെ സൂക്ഷിക്കുന്നതെന്നതും ഓർക്കേണ്ടതുണ്ട്. സമയകാലങ്ങളിലൂടെ ഒഴുകിപ്പോകുന്ന ഒരിലയാകാൻ താനില്ലയെന്നും കാലപ്രവാഹത്തിലൂടെ 'ഒഴുക്കിനെതിരെ നീന്തി തനിക്കുതാൻ പോന്ന പോലെ' തുടിച്ചുനീങ്ങി സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാൻ കാട്ടുന്ന ഈ എഴുത്തുകാരന്റെ കർമ്മകാണ്ഡം തീർച്ചയായും തനിക്ക് സർഗ്ഗപ്രവൃത്തികളിൽ വ്യാപരിക്കാൻ നേരമേതുമില്ലെന്ന് വിലപിക്കുന്നവർക്ക് പാഠമാകേണ്ടതുമുണ്ട്.

കൽപ്രതിമകൾ എന്ന കൊല്ലം ഗ്രാമം ബുക്സ് പ്രസിദ്ധപ്പെടുത്തിയ കഥാസമാഹാരത്തിൽ മുപ്പത് കഥകളാണ് നിബന്ധിച്ചിട്ടുള്ളത്. താൻ പറയുന്നതും എഴുതുന്നതും അക്ഷരങ്ങൾ കൂട്ടിവായിക്കുന്ന കുട്ടിക്കുമുതൽ, അക്ഷരസ്നേഹം കൊണ്ടും ശീലത്തനിമയാലും വായനയെ ഉപാസിക്കുന്ന ഏറ്റവും മുതിർന്ന പൗരൻമാർക്കുവരെ പിന്തുടരാനാവുന്ന ക്ലേശരഹിതമായിരിക്കണമെന്ന താല്പര്യം ഈ കഥകളിൽ, അതിന്റെ ആഖ്യാനത്തിൽ കഥാകാരൻ നിർബന്ധിതമായി പുലർത്തി കാണുന്നു എന്നത് ഏറെ വായനാക്ഷമതയുണ്ടാക്കുന്നു.

ജീവിതത്തിന്റെ പ്രതിജനഭിന്നസ്വരതയുള്ള മുഹൂർത്തങ്ങളാണ് കഥകളിലെ പ്രമേയങ്ങൾ. അത് നാട്യങ്ങളോ ഭാഷാക്ലിഷ്ടതയുടെ മനഃപ്പൂർവപ്രയോഗങ്ങളോ സൃഷ്ടിച്ച് ഉദാത്തതയൊരുക്കാൻ കഥാകൃത്ത് ശ്രമിക്കുന്നില്ല. മാനുഷികതയുടെ ആത്മസത്തയാണ് കഥകൾക്ക് പൊതുവേയുള്ള മുഖമുദ്ര. നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ അവസ്ഥാന്തരങ്ങൾ ഈ കഥകളിലൂടെ കടന്നുപോയാൽ തൊട്ടറിയാനാവുന്നു. പറയാനുള്ളത് അനവദ്യ സുന്ദരമായ ഭാഷയിൽ വായനക്കാരന് സ്ഥലജലവിഭ്രാന്തി സൃഷ്ടിക്കാതെ അവതരിപ്പിക്കാനുള്ള കൈയടക്കമാണ് എടുത്തുപറയേണ്ടത്.

ആകസ്മികതയുടെ അവസ്ഥാവിശേഷങ്ങളാണ് മിക്കവാറും കഥകളുടെ പൊതുധാരാ ജീവിതത്തിന്റെ പുറംപൂച്ചുകളിൽ അഭിരമിക്കപ്പെട്ട് സുഖാനുഭവരഥ്യകളിലൂടെ, വേണ്ടപ്പെട്ടവരെ വിസ്മരിച്ചോടുന്നവരെ 'കൽപ്രതിമകൾ', 'അമ്മ', 'മാപ്പ്' തുടങ്ങിയ കഥകളിൽ കണ്ടെത്താം. ഈ കഥകളുടേയും കഥാപാത്രങ്ങളുടേയും മാനസിക സഞ്ചാരങ്ങൾ വായനക്കാരന്റെ ഉള്ള് ലയിക്കുംവിധം ഭാവാത്മകമായും കെട്ടുറപ്പോടെയും അവതരിപ്പിക്കാൻ കഥാകാരന് കഴിഞ്ഞിരിക്കുന്നു.

ഒത്തുതീർപ്പുകൾക്ക് വിധേയരാകാൻ കൂട്ടാക്കാതെ തന്റെ മാത്രം വിശ്വാസപ്രമാണങ്ങളുടെ വലയങ്ങളിൽ മാത്രം നിലകൊള്ളുന്നവരുടെ ലോകമാണ് 'തിരിച്ചടി', 'ഒടുക്കം', 'വിവാഹം' തുടങ്ങിയ കഥകളിലെ പ്രമേയം. തന്റെ മാത്രം പരിധിക്കുള്ളിൽ നിൽക്കുമ്പോഴുള്ള നന്മയും തിന്മയും കഥകളിൽ നിന്ന് അനുവാചകന് ഉൾക്കൊള്ളാനാവും ഒപ്പം സമൂഹത്തെ ഒരു മൂന്നാം കണ്ണിലൂടെ കണ്ടറിയാനും ഈ കഥകൾക്കുള്ള സംവേദനത്വം ഏറെയാകുന്നു. ഒരു പുനർവായനയിലാവും ആ അവബോധം നീർച്ചെടിയുടെ വേർപടലം പോലെ മനസ്സിന്റെ മൺപ്രതലത്തിലേയ്ക്ക് ആണ്ടിറങ്ങുക.

ചെറിയ കഥകളുടെ ശേഖരമാണ് കഥാസമാഹാരത്തിനെ ശ്രദ്ധേയവും ആദ്യവായനയ്ക്ക് അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നതുമെന്ന് പറയേണ്ടിയിരിക്കുന്നു. കൊച്ചുകഥകളുടെ ശക്തിയും സാമൂഹ്യവിമർശക്ഷമതയും അതിന്റെ ആവിഷ്കരണ ക്ഷമതയിലാണ് ഉള്ളടങ്ങിയിരിക്കുന്നത്. ആവശ്യമില്ലാത്തൊരു വാക്കോ വരിയോ അതിലുണ്ടായാൽ ഫലിതബിന്ദുവോ, അഭിപ്രായക്കുറിപ്പോ ആയിത്തീരുന്നതാണ് കൊച്ചുകഥകളുടെ ലോകം. അതുകൊണ്ടുതന്നെ കഥകളെഴുതുന്ന ആർക്കും കയറിയിറങ്ങി കൈയടക്കാവുന്നതല്ല കുഞ്ഞുകഥകളുടെ രചനാലോകമെന്ന് കഥാവായനക്കാർക്ക് അറിയാം.

കഥയറിയാതെ ആട്ടക്കലാശമാടുന്ന കവി മാന്യൻമാരെ കണക്കിനു കളിയാക്കുന്നതാണെങ്കിലും സദസ്സറിയാതെ മൊഴിയുന്ന സമൂഹജീവികളാരുടേയും നെഞ്ചിൽ തറയ്ക്കുന്ന ബ്രഹ്മാസ്ത്രമാണ് 'കവിയരങ്ങ്' എന്ന മിനിക്കഥ. പ്രസംഗത്തിലും പ്രഖ്യാപനങ്ങളിലും മാത്രം അഴിമതിരാഹിത്യവും സദാചാരവും നൂറ്റൊന്നാവർത്തിക്കുന്ന ഗോത്രത്തെ കണക്കിന് പരിഹസിക്കുന്ന 'അഴിമതി', 'നേതാവ്', സദാചാരം തുടങ്ങിയ കഥകൾ നനുത്ത ചിരിയോടൊപ്പം, ചിന്തയുടേയും നോവിന്റേയും പ്രതിസ്പന്ദങ്ങൾ മനസ്സിലുണർത്തുന്നവയാണ്.

സ്വകാര്യലാഭചേതചിന്തകളുടെ ലോകത്ത് മാത്രം തളച്ചിടപ്പെട്ട സമകാലികലോകത്തിന്റെ നേർസാക്ഷ്യങ്ങളാണ് 'ആയുർരേഖ', 'പ്രണയം', കർമ്മിയുടെ നിശ്ശബ്ദത, ചോദ്യചിഹ്നം തുടങ്ങിയ മിനിക്കഥകൾ.

സർഗ്ഗാത്മക വായനയുടെ ലോകം ക്ലേശഭരിതമായൊരനുഷ്ഠാനമായി ബുദ്ധിജീവിതലം സൃഷ്ടിച്ച് അവിടെയൊരു പീഠം കരസ്ഥമാക്കാൻ ഈ കഥാകാരൻ ഒരിയ്ക്കലും ശ്രമിക്കുന്നേയില്ല. വേണമെങ്കിൽ അങ്ങനെയൊക്കെ എഴുതി അനുവാചകരെ വിഭ്രമാകാശങ്ങളിലേക്കാനയിക്കാൻ വേണ്ട ഭാഷാസ്വാധീനവും, ആവിഷ്കരണവൈഭവവും ആവോളം കരഗതമാക്കിയിട്ടുള്ളയാളാണ് ഈ എഴുത്തുകാരനെന്ന് രചനാലോകത്തുകൂടി കടന്നുപോവുമ്പോൾ അനുവാചകർക്ക് തൊട്ടറിയാൻ കഴിയും. ആ കാപട്യത്തിന്റെ ലോകം കൈവെടിഞ്ഞ് തനിക്ക് പറയാനുള്ളത് ലളിതസുഭഗവും സത്യസന്ധമായും ആവിഷ്ക്കരിക്കുന്ന ഹൃദയാർജ്ജവത്തെ അഭിനന്ദിക്കാതിരിക്കാനാവില്ല.

ആത്മാവിഷ്കരണത്തിലും വിഷയസ്വീകരണത്തിലും കുറേക്കൂടി ആർജ്ജവം കാട്ടുകയും രചനാവൈവിദ്ധ്യം സ്വീകരിക്കുകയും കൂടി ആയാൽ റ്റി. വി. ഹരികുമാർ കണിച്ചുകുളങ്ങരയ്ക്ക് ഇനിയും ഒന്നാന്തരം കഥകളെഴുതാനും അനുവാചകരെ ഇനിയും ഹൃദയപക്ഷത്തോടൊപ്പം ചേർത്തുനിർത്താനും കഴിയും. ഏത് പുസ്തകത്തിലും അക്ഷരത്തെറ്റുകൾ ഒരു പരിധിവരെയുണ്ടാവുകയെന്നുള്ളത് ശരിയാണെങ്കിലും ഈ സമാഹാരത്തിൽ പലയിടത്തും അത് അരോചകതയുണർത്തുന്നുണ്ട്. കഥകളിൽ ചേർത്തിരിക്കുന്ന രേഖാചിത്രങ്ങൾ രചനാലോകത്തെക്കുറിച്ച് കൂടുതൽ വഴി തുറക്കുന്നതാകുന്നു. വായനയ്ക്കുശേഷമാകുമ്പോൾ പ്രത്യേകിച്ചും.



കൽപ്രതിമകൾ (കഥാസമാഹാരം)
- ടി. വി. ഹരികുമാർ കണിച്ചുകുളങ്ങര
വില - 85 രൂപ, ഗ്രാമം ബുക്സ്, കൊല്ലം - 691577.



# പൊതുവിജ്ഞാനം



**നൗഷാദ് ഖാൻ**
**9846454199**

1. *എങ്ങനെ നീ മറക്കും കുയിലേ*
*എങ്ങനെ നീ മറക്കും...*
നീലക്കുയിലിലെ ഈ ഗാനം ആലപിച്ചതാര് ?
ഉ. കോഴിക്കോട് അബ്ദുൾഖാദർ.

*2. ഒരു വ്യാഴവട്ടക്കാലം എന്നു പറയുന്നത് എത്ര വർഷമാണ് ?*
ഉ. 12 വർഷം. (വ്യാഴം ഒരു പ്രാവശ്യം സൂര്യനെ വട്ടം ചുറ്റാൻ വേണ്ട സമയം ഏകദേശം 12 വർഷമാണ്.)

*3. ഭാരതീയ പുരാണങ്ങളിലെ മഹാവിഷ്ണുവിനെ പോലെ ഗ്രീക്ക് പുരാണത്തിൽ ജീവജാലങ്ങളെ സംരക്ഷിക്കുന്ന ദേവനാര് ?*
ഉ. സ്യൂസ് ദേവൻ.

*4. മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ ഗണിതശാസ്ത്ര ഗ്രന്ഥമായ 'യുക്തിഭാഷ' രചിച്ചതാര് ?*
ഉ. ബ്രഹ്മദത്തൻ

*5. ഹിരോഷിമാ ദിനമായി ആചരിക്കുന്നത് ?*
ഉ. ആഗസ്റ്റ് 6

*6. മാപ്പിളപ്പാട്ടുകളിൽ ശൃംഗാര രസ പ്രധമായവ ഏത് പേരിൽ അറിയപ്പെടുന്നു ?*
ഉ. കെസ്സ് പാട്ടുകൾ.


*7. എല്ലാ വർഷവും ഒരേ സ്ഥലത്ത് ഒരേ കൃഷി ആവർത്തിച്ചു ചെയ്യുകയാണെങ്കിൽ അതിനെ എന്ത് പേര് വിളിക്കാം ?*
ഉ. മോണോകൾച്ചർ.

*8. 1922 മാർച്ച് 13ന് ആയിരുന്നു ഗാന്ധിജി ഇന്ത്യയിൽ ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടത്. എന്തായിരുന്നു കുറ്റം ?*
ഉ. യങ് ഇന്ത്യയിൽ ലേഖനമെഴുതി എന്ന കുറ്റം.

*9. വിയറ്റ്നാമിന്റെ സ്വതന്ത്രസമര പോരാട്ടത്തിന്റെ നേതാവ് ആരായിരുന്നു ?*
ഉ. ഡോ. ഹോച്ചിമിൻ.

*10. സെൻസസ്സ് എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥമെന്ത് ?*
ഉ. രജിസ്റ്റർ.

# ചെങ്കണ്ണ് (Conjunctivitis)



ഡോ. സി. രാമകൃഷ്ണൻ
9447358663

**ക**ണ്ണിന്നേല്ക്കുന്ന അണുബാധയും നീർക്കെട്ടും ഉണ്ടാകുന്ന അസുഖമാണ്. ഇത് അധികവും ഉഷ്ണ കാലങ്ങളിലാണ് കാണപ്പെടുന്നത്. ഇത് പകരുന്നതായിട്ടും കാണപ്പെടുന്നു. ആരംഭത്തിൽ തന്നെ ചികിത്സിച്ചു ഭേദമാക്കിയാൽ അപകടാവസ്ഥയിൽ നിന്ന രക്ഷ പ്രാപിക്കാം.

***രോഗലക്ഷണങ്ങൾ:***

കൺപോളകളിൽ ഇടക്കിടക്ക് കാണുന്ന നീർവീക്കം, അസഹനീയമായ വേദന, കണ്ണിൽ ചുവപ്പു നിറവും, വേദനയും, ചൊറിച്ചിൽ, പുകച്ചിൽ, തുടർച്ചയായി വരുന്ന അമിത അശ്രുപ്രവാഹം, അമിതമായി കാണുന്ന പഴുപ്പ്, വെളിച്ചത്തിലേക്ക് നോക്കുവാൻ പ്രയാസം, കണ്ണുകളിൽ മണൽത്തരി പെട്ടതുപോലെയുള്ള അസ്വസ്ഥത, കൺപോളകൾ തമ്മിൽ ഒട്ടിപ്പിടിക്കുക, തണുത്ത കാറ്റിലും സ്പർശനത്തിലും അമിത വേദന, കണ്ണുകളിൽ വരൾച്ച, പനിയും തലവേദനയും ഇവയെല്ലാമാണ് പ്രധാന രോഗലക്ഷണങ്ങൾ. അഞ്ചാം പനി, സിഫിലിസ്, ഗൊണോറിയ എന്നീ അസുഖങ്ങൾ മൂലവും മേൽപ്പറഞ്ഞ രോഗങ്ങൾക്ക് or രോഗലക്ഷണങ്ങൾക്ക് കാരണമാവുന്നു. രോഗാരംഭത്തിൽ തന്നെ ചികിത്സിച്ചു മാറ്റാവുന്നതാണ്. രോഗലക്ഷണങ്ങൾ കണ്ടാൽ ഒട്ടും വൈകാതെ ചികിത്സയെടുക്കേണ്ടതാണ്. ഹോമിയോപതിയിൽ ഇതിന്ന് ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ഹോമിയോപതിയുടെ ഉപജ്ഞാതാവായ ഡോ. സാമുവൽ ഹാനിമാന്റെ 264ാം ജന്മവാർഷികം ഏപ്രിൽ 10ാം തിയതി ലോകമെമ്പാടും ആഘോഷിക്കപ്പെടുന്നു. അലോപതി ചികിത്സയിൽ വ്യാപൃതമായ അദ്ദേഹം പ്രസ്തുത ചികിത്സാ സംവിധാനത്തിൽ ദോഷവശങ്ങൾ ധാരാളം ഉണ്ടെന്ന് മനസ്സിലാക്കിയതിന്നുശേഷം അതിൽനിന്ന് പിൻമാറി, പിന്നീട് അപകടരഹിതവും, സുഗമവും സരളവും രോഗികൾക്ക് പരിപൂർണ്ണ ആരോഗ്യസ്ഥിതി ലഭിക്കുവാൻ കഴിവുള്ള ഹോമിയോപതി എന്ന നൂതന ചികിത്സാ സംവിധാനം പ്രായോഗികമാക്കിയ വലിയ മഹാനാണ് ഡോ. ഹാനിമാൻ. അദ്ദേഹത്തെ എന്നന്നേക്കും സ്മരിക്കേണ്ട കടമ നമുക്കുണ്ട്. അദ്ദേഹത്തിന്റെ വൈദ്യ സിദ്ധാന്തങ്ങൾ അടങ്ങിയ ഓർഗാനോൺ (Organon) എന്ന പുസ്തകത്തിന്റെ ആറാം പതിപ്പ് തയ്യാറാക്കിയത് അദ്ദേഹത്തിന്റെ അന്ത്യഘട്ടത്തിലായിരുന്നു. പ്രസ്തുത പതിപ്പ് വർഷങ്ങളോളം വെളിച്ചം കാണാത്ത അവസ്ഥയിൽ നിന്ന് മോചിക്കപ്പെട്ടത് ഈയിടെയാണ്. അതിൽ വളരെ ഗുണകരവും ഫലപ്രദവുമായ നൂതന ചികിത്സാസമ്പ്രദായം പ്രതിപാദിച്ചിട്ടുണ്ട്. ഒട്ടും വൈകാതെത്തന്നെ അത് പ്രായോഗികമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

ഹോമിയോപതി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല എന്ന അന്ധമായ വിശ്വാസം, ഈ ചികിത്സാ സമ്പ്രദായത്തെപ്പറ്റി മനസ്സിലാക്കാതെയുള്ള പ്രവചനങ്ങളാണ്. മറ്റു ചികിത്സാ സംവിധാനങ്ങളിലെ ചില അസൂയാലുക്കളായ പ്രമുഖ ഭിഷഗ്വരന്മാർ തട്ടിവിടുന്നത്. ഇത് അപഹാസനീയമാണ്. എലികളിലും മറ്റ് ജീവജാലങ്ങളിലും പരീക്ഷണങ്ങൾ നടത്തി അതിനെ അടിസ്ഥാനമാക്കിയുള്ള ചികിത്സകളാണ് അവർ നടത്തുന്നത്. ഇതാണ് അവരുടെ ശാസ്ത്രീയം. എന്നാൽ ആരോഗ്യമുള്ള മനുഷ്യരിൽ പരീക്ഷണങ്ങൾ നടത്തി അതിനെ അടിസ്ഥാനമാക്കിയിട്ടുള്ള ചികിത്സാ സമ്പ്രദായമാണ് ഹോമിയോപതി. ഇത് എങ്ങിനെ ശാസ്ത്രീയമല്ലാതാവും ? ഡോ. ഹാനിമാൻ പ്രസ്താവിച്ച ഒരു വേദവാക്യം അറിവിനായി ഇവിടെ ചേർക്കുന്നു - 'കഷ്ടത അനുഭവിക്കുന്ന മനുഷ്യരാശിക്ക് ജഗദീശ്വരൻ അനുഗ്രഹിച്ചു നൽകിയ ഒരു വരപ്രസാദമാണ് ഹോമിയോ ചികിത്സാരീതി.' ഇതിനെ ന്യായീകരിച്ചുള്ള ഹോമിയോ ചികിത്സാ സംവിധാനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു എന്നു കാണുന്നതിൽ നമുക്ക് അഭിമാനിക്കാം.

■ പാചകം

## ഇരുമ്പൻ പുളി (പുളിച്ചിക്കാ)ജൂസ്



ജയ ചന്ദ്രൻ
8593949935


**ചേരുവകൾ :**

**(2 ഗ്ലാസ്സ് തയ്യാറാക്കാൻ)**

1. ഇരുമ്പൻ പുളി - 4 എണ്ണം
2. ഇഞ്ചി, ചെറിയ കഷണം, മല്ലിയില, പുതിനയില, കറിവേപ്പില കുറച്ചു വീതം
3. പച്ചമുളക് - പകുതി
4. ചെറിയ ഉള്ളി - 1
5. ഉപ്പ് - പാകത്തിന്

**പാകം ചെയ്യുന്ന വിധം**

എല്ലാ ചേരുവകളും ഒന്നിച്ച് മിക്സിയിൽ നന്നായി അരച്ചെടുക്കുക. ഈ മിശ്രിതത്തിലേക്ക് രണ്ട് ഗ്ലാസ് തണുത്ത വെള്ളം ചേർത്ത് അരിച്ചെടുക്കുക. വേനലിൽ നല്ല ഒരു ദാഹശമനിയാണ്. കൂടാതെ ഇരുമ്പൻ പുളിക്ക് കൊളസ്ട്രോൾ കുറയ്ക്കാനാകുമെന്ന് പറയപ്പെടുന്നു.



# എന്റെ അഭിനയ സ്മരണകൾ

അവസാന ഭാഗം

ഭാഗം 27



മുക്കം ഭാസി
9846138693

# ചെറിയ മനുഷ്യരും വലിയ ലോകവും

**പ്രി**യ വായനക്കാരെ,

അഭിനയസ്മരണകളിലെ അവസാന അദ്ധ്യായത്തിലെ അക്ഷരങ്ങളാണ് ഞാനിവിടെ അടുക്കിവെയ്ക്കുന്നത്. ഇങ്ങനെ ഒരു പരമ്പര ഏക തത്ത്വയുടെ വിലപ്പെട്ട താളുകളിലേയ്ക്ക് അയയ്ക്കുമ്പോൾ അൽപ്പം ഭീതിയും ഉല്ക്കണ്ഠയും എന്നെ അസ്വസ്ഥപ്പെടുത്തിയിരുന്നു. അതുകൊണ്ട് പത്രാധിപർ ശ്രീ. മുരളിയ്ക്ക് ഒരു മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചു.

ഒന്ന് രണ്ട് അധ്യായങ്ങൾ പ്രസിദ്ധീകരിയ്ക്കുമ്പോൾ വായനക്കാരിലാരെങ്കിലും മോശമാണെന്ന് പ്രതികരിച്ചാൽ നമുക്ക് ജനഗണമന പാടാം. അവിടെവെച്ച് നിർത്താം. എന്തോ, ആരും എന്നെ നിരുത്സാഹപ്പെടുത്തിയില്ല ! പലരും എഴുത്തിന് പ്രോത്സാഹിപ്പിക്കയും ചെയ്തു. അതുകൊണ്ട് പഞ്ചതന്ത്രത്തിലെ 'വിഡ്ഢി കൂശ്മാണ്ടിയെ' പോലെ ഞാനെന്റെ എഴുത്തുതുടർന്നു.

ഈ വലിയ ലോകത്തിൽ കേവലം ചെറിയ മനുഷ്യനായ എനിയ്ക്ക് എന്നെപ്പറ്റി നല്ല ബോധമുണ്ട്. ഞാൻ ആരുമല്ലെന്ന ബോധം. വാർദ്ധക്യത്തിന്റെ ചവിട്ടുപടികൾ കയറുമ്പോൾ ചില പടികളിലിരുന്ന് ഞാൻ തിരിഞ്ഞുനോക്കാറുണ്ട്. അപ്പോൾ എനിയ്ക്ക് തന്നെ തോന്നും.

*ഇത്ര വേഗത്തിൽ*
*വർഷങ്ങൾ താണ്ടിയോ*
*ഇത്ര കാതം*
*നടന്നുഞാൻ നീങ്ങിയോ ?*
*ഒന്നുമേയറിയില്ലെനിക്കിപ്പൊഴും*
*ഒന്നുമേചെയ്തിട്ടില്ല*
*ഞാൻ പാരിതിൽ*
*അത്രമാത്രം ചെറുതാണ്*
*ഞാൻ ജഗദ്-സത്തമന്റെ*
*വിശാലപ്രപഞ്ചത്തിൽ !*

എങ്കിലും കേവലം മനുഷ്യനായ എനിയ്ക്കുമുണ്ടല്ലോ ജീവിതത്തിൽ 'ചിന്ന ചിന്ന' അനുഭവങ്ങൾ. ആ അനുഭവങ്ങളാണ് ഞാൻ കടലാസ്സിലേയ്ക്ക് പകർത്തിയത്. എന്റെ സഹൃദയരായ വായനക്കാരോടും വിശിഷ്യ ഏക തത്ത്വ പത്രാധിപർ മുരളിയോടുമുള്ള കടപ്പാടും നന്ദിയും ഞാനിവിടെ കുറിച്ചുവെയ്ക്കട്ടെ.

ഒരുദിവസം സന്ധ്യ. ഏഴുമണിയായിക്കാണും. ഒരു മോട്ടോർ ബൈക്ക് ചീറിപ്പാഞ്ഞുവന്ന് എന്റെ വീട്ടുമുറ്റത്ത് കിതപ്പ് തീർക്കുന്നു ! നോക്കിയപ്പോൾ ശകടസഞ്ചാരി എന്റെ മിത്രം സി. അലവി. ഡാൻസർ, നടൻ... ഞങ്ങളുടെ നാട്ടിൽ ആദ്യമായി റിക്കാർഡ് ഡാൻസ് അവതരിപ്പിച്ച ആൾ. ഇന്നതിന്ന് സിനിമാറ്റിക് എന്ന അപരനാമം. അലവിയുടെ റിക്കാർഡ് ഡാൻസിന്ന് അപാരചാരുതയായിരുന്നു. പാട്ടിന്നനുസരിച്ച് ഒരുതരം ഒഴുക്കാണ്. ഡാൻസിന്നുപുറമെ നേരം പുലരെ സൈക്കിൾ യജ്ഞവും ഉണ്ട് കക്ഷിയ്ക്ക്. ഒരു സർവ്വകലാവല്ലഭൻ. കൂട്ടത്തിൽ ഒന്നുകൂടി സൂചിപ്പിയ്ക്കട്ടെ പ്രൊഫഷണൽ മൃദംഗിസ്റ്റായ മുക്കം സലിം അലവിയുടെ മകനാണ്.

പ്രായം കൊണ്ട് അൽപം മൂത്തത് ഞാനായിരിയ്ക്കും എന്നു തോന്നുന്നു. എന്താവും? 'അലവിക്ക' എന്നാണ് ഞാൻ വിളിക്കാറ്. അലവിക്കയുടെ കുടുംബവുമായി എനിയ്ക്ക് നല്ല ബന്ധമാണ് അന്നും ഇന്നും. എന്റെ ഓഫീസ് റൂമിൽ കയറിയിരുന്നു ഒറ്റചോദ്യമാണ് എന്നോട് - ''ഭാസി മാഷെ നമ്മളൊക്കെ എന്തിനു പറ്റും ?''

''അതെന്താ അലവിക്ക നിങ്ങളങ്ങനെ ചോദിയ്ക്കുന്നത് ?'' എന്റെ മറുചോദ്യം.

''അല്ല; മുക്കത്ത് ഒരുപാട് കലാകാരൻമാരുണ്ടല്ലോ. സാമൂഹ്യ പ്രവർത്തകരും എഴുത്തുകാരും പ്രാസംഗികരും. നിങ്ങളൊക്കെ അല്ല നമ്മളൊക്കെ ആ വർഗ്ഗത്തിൽ പെടുമല്ലോ ! എന്നിട്ടുമെന്തേ എ ഗ്രെയ്ഡ് പഞ്ചായത്തായ മുക്കത്തിനുമാത്രം ഒരു ഓഡിറ്റോറിയമില്ലാത്തത് ? ഒരു പൊതിവേദിയില്ലാത്തത് ? എന്തെങ്കിലും പരിപാടി നടത്തണമെന്നുണ്ടെങ്കിൽ ചെട്ട്യാരുടെ പീടികവരാന്തവേണമല്ലോ നമുക്കെല്ലാം ഇപ്പോഴും !

ശരിയാണ്. മുക്കത്തു മാത്രം ഒരു ഓഡിറ്റോറിയം ഇല്ല. ആരും അതിനെപ്പറ്റി പറയുന്നുമില്ല. റോഡിന്റെ കാര്യത്തിലും സാംസ്ക്കാരിക നിലയത്തിന്റെ കാര്യത്തിലുമെല്ലാം ഒപ്പുശേഖരണം നടത്തി ഞാൻ തന്നെ പ്രസിഡന്റിന് നിവേദനം സമർപ്പിച്ചതാണ്. പക്ഷെ ഇക്കാര്യത്തിലെന്തേ ഒരു ചിന്ത വരാഞ്ഞത് ?

''അലവിക്ക നമുക്കെന്ത് ചെയ്യാൻ കഴിയും ഇക്കാര്യത്തിൽ ?'' എന്റെ സംശയം.

''സമരം ചെയ്യണം.'' അലവിക്ക.

''എങ്ങനെ ?''

''പറയാം. മാഷ് നാളെ കാ

ലത്ത് വീട്ടിൽ വരൂ ! നമുക്ക് പരിപാടി തയ്യാറാക്കാം.''

പിറ്റേന്ന് കാലത്ത് തന്നെ ഞാൻ അലവിക്കയുടെ 'ലയനം' വീട്ടിലെത്തി. പരിപാടി തയ്യാറാക്കി. മുക്കത്തെ കലാകാരന്മാരെ നേരിട്ടുകണ്ടു. അവർ പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തു. മീറ്റിങ്ങിൽ സംഘടനയ്ക്ക് 'ബോധി' എന്ന് പേരുനൽകി. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം പ്രമാണിച്ച് മുക്കം അങ്ങാടിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ബോധിവൃക്ഷ ചുവട്ടിൽ (ആൽവൃക്ഷം) ഒരാഴ്ചക്കാലം വിവിധ പരിപാടികൾ മറയില്ലാതെ അവതരിപ്പിക്കാനും രണ്ടുകിലോമീറ്റർ അകലെയുള്ള അഗസ്ത്യൻ മുഴി ടൗണിൽ നിന്ന് സർവ്വവിധ കലാപ്രകടനങ്ങളോടും കൂടി ഒരു സാംസ്ക്കാരിക ഘോഷയാത്ര സംഘടിപ്പിക്കാനും തീരുമാനിച്ചു. അങ്ങനെ തിറ, തെയ്യം, കോൽക്കളി, ഭരതനാട്യം, മോഹിനിയാട്ടം എന്നുവേണ്ട എല്ലാവിധ കലാരൂപങ്ങളുമായി ചെണ്ടവാദ്യത്തോടുകൂടി ആൽച്ചുവട്ടിലേയ്ക്ക്. നൂറുകണക്കിന് കലാകാരന്മാർ അണി നിരന്ന സാംസ്കാരികഘോഷയാത്ര. തുടർന്ന് സാംസ്ക്കാരികയോഗം. പറയാനുള്ളതെല്ലാം പൊതുജന സമക്ഷം ഞങ്ങൾ സമർപ്പിച്ചു. പൊതുജനങ്ങളുടേയും കച്ചവടക്കാരുടേയും ഓട്ടോ തൊഴിലാളികളുടേയും പത്രപ്രവർത്തകരുടേയും നിർലോഭമായ പിന്തുണ ഞങ്ങൾക്ക് ലഭിച്ചു, എല്ലാ അർത്ഥത്തിലും.

ദിവസവും വൈകുന്നേരം തായമ്പകയുടെ അകമ്പടിയോടെ പരിപാടിയുടെ ആരംഭം. തുടർന്ന് സാംസ്ക്കാരിക സായാഹ്നം. കലാ - സാംസ്ക്കാരിക രംഗത്തുള്ളവരുടെ മാത്രം പ്രസംഗങ്ങൾ; പിന്നീട് കലാ-പരിപാടികൾ. മേക്കപ്പ് പോലും മറയില്ലാതെ - കർട്ടനും സ്റ്റേജുമൊന്നുമില്ല.

നാടൻ കലാകാരന്മാരെ ദിവസവും ആദരിയ്ക്കും. നാട്ടിപ്പാട്ട്, ഞാറ്റുപാട്ട്, തിരുവാതിരിക്കളി, കോൽക്കളി, പഴയ ചെണ്ടക്കാർ, ഹാർമോണിസ്റ്റുകൾ തുടങ്ങി ആരും തിരിഞ്ഞ് നോക്കാത്തവരെ പൊതുവേദിയിൽ പൊന്നാടയണിയിച്ചു ഞങ്ങൾ ബഹുമാനിച്ചു. പഞ്ചായത്ത് മത്സരാർത്ഥികളെ വിളിച്ചുവരുത്തി പരസ്യമായി ജനങ്ങൾ അവരോട് ചോദ്യങ്ങൾ ചോദിച്ചു - "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടാൽ എന്തൊക്കെ ചെയ്യും?" എന്ന ചോദ്യാവലിയ്ക്ക് സ്ഥാനാർത്ഥികൾ മറുപടി പറഞ്ഞു. ആയിരക്കണക്കിനാളുകളുടെ ഒപ്പു ശേഖരണം നടത്തി പ്രസിഡന്റിന് സമർപ്പിച്ചു, ഒരു തെരുവ് നാടകത്തിന്റെ അകമ്പടിയോടെ.

ആറുവർഷമാണ് നിരന്തരമായി പോരാടിയത്. ഹാസ്യാത്മകവും, വിമർശനാത്മകവുമായ സ്ക്രിപ്റ്റുകൾക്ക് രൂപം നൽകി പൊതുജനമധ്യത്തിൽ ഞങ്ങളവതരിപ്പിച്ചു. കൂട്ടാളിപ്പാട്ട്, കൊക്കീരപ്പൻ മുക്കത്ത്, കിണറുകൾ താഴുന്നു, മാവേലി മുക്കത്ത്, ഡ്യൂപ്ലിക്കേറ്റ് തുടങ്ങിയ ഹാസ്യാത്മക ചിത്രീകരണങ്ങളിലൂടെ അധികാരികളെ സ്വൈര്യം കെടുത്തി.

ഗുജറാത്ത് ഭൂകമ്പ ദുരിതർക്കും കാർഗിൽ യുദ്ധത്തിനും വേണ്ടി തെരുവീഥികളിൽ പാടി ഞങ്ങൾ പണവും വസ്ത്രവും ശേഖരിച്ചയച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത കര-വ്യോമ-കടൽ സൈന്യ പ്രതിനിധികളെ ആദരിയ്ക്കയും യുദ്ധം എന്താണെന്ന് പൊതുജനങ്ങളെ ബോധവൽക്കരിയ്ക്കയും ചെയ്തു.

അങ്ങനെ നിരവധി നിരവധി കാര്യങ്ങൾ. എന്നിട്ടും ഭരണാധികാരികൾ ഉണർന്നില്ല. കിട്ടാവുന്ന വേദികളിലെല്ലാം ഞങ്ങൾ അവരെ സ്വൈര്യം കെടുത്തി. യു. ഡി. എഫും. എൽ. ഡി എഫും മാറി മാറി വന്നെങ്കിലും അവർ വിളിച്ചുചേർക്കുന്ന മറ്റു പരിപാടികളിൽ ചോദ്യങ്ങൾ ചോദിച്ച് അവരെ വിറളി പിടിപ്പിച്ചു. ഒടുവിൽ എന്റെ സുഹൃത്തുകൂടിയായ ഒരു സഖാവ് പറഞ്ഞു "ഭാസി മാഷെ, നിങ്ങളുടെ ചരമത്തോടനുബന്ധിച്ച് അനുശോചനയോഗത്തിന് ഓഡിറ്റോറിയം ഉണ്ടാവും."

ഒടുവിൽ സമർത്ഥനും കലാകുതുകിയുമായ ഒരു സെക്രട്ടറി പഞ്ചായത്തിൽ ജോലിയ്ക്കെത്തി. അന്നത്തെ വനിതാ പ്രസിഡന്റും സെക്രട്ടറിയും ഒത്തൊരുമിച്ചപ്പോൾ കലാകാരന്മാരുടെ മാത്രമല്ല നാട്ടുകാരുടേയും സ്വപ്നം പൂവണിഞ്ഞു. 1000 പേർക്കിരിയ്ക്കാവുന്ന ഒരു ഓഡിറ്റോറിയം (ഇ. എം. എസ്. ഓഡിറ്റോറിയം) നിലവിൽ വന്നു. ഒരുപക്ഷെ എന്റെ ചരമത്തോടനുബന്ധിച്ച് പ്രസ്തുത സഖാവ് അനുശോചനയോഗം സംഘടിപ്പിച്ചേയ്ക്കാം. ഏതായാലും ജീവിച്ചിരിയ്ക്കുമ്പോൾ ത്തന്നെ ഈ ഓഡിറ്റോറിയം കാണാൻ എനിയ്ക്ക് ഭാഗ്യമുണ്ടായല്ലോ !

'ബോധിയുടെ' നേതൃത്വപരമായ പങ്ക് വഹിച്ചവരെ ഓർമ്മിച്ചുകൊണ്ട് ഈ ലേഖനത്തിന് പൂർണ്ണ വിരാമമിടാം. മുക്കം ഭാസി (പ്രസി.), സി. അലവി (സെക്ര.), സി. ശ്രീധരൻ (ട്രഷറർ), മുക്കം വിജയൻ, മോഹനൻ, ശശി, ഗോപാലൻ കൊല്ലാർ കണ്ടി, അശോകൻ മാഷ്, സിഗ്നി ദേവരാജ്, ദിനേശൻ, നാരായണൻ കുട്ടി എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളും, സലാം കാരശ്ശേരി, ഡോ. വിശ്വനാഥ്, ഡോ. രവീന്ദ്രൻ, കൊറ്റങ്ങൽ കാഞ്ചനമാല തുടങ്ങിയവർ ഉപദേശകസമിതി അംഗങ്ങൾ. മുക്കത്തെ എല്ലാ കലാകാരന്മാരുടേയും കലാകാരികളുടേയും പിന്തുണ ഈ സംരംഭത്തിൽ നിർണ്ണായകമായിരുന്നു. സർവ്വോപരി മുക്കത്തെ സഹൃദയരുടെ സംഭാവനകളാണ് ഞങ്ങളെ ഊർജ്ജസ്വലരാക്കിയത്, ശക്തരാക്കിയത്. അമ്പതിലധികം സംഘടനകളുടെ ആദരവും കീർത്തി പത്രങ്ങളും എന്നെ തേടിവന്നു. ഞാൻ സംതൃപ്തൻ, തികച്ചും സംതൃപ്തൻ! 'സഫലമീ യാത്ര' !

(അവസാനിച്ചു)

ശ്രീ. മുക്കം ഭാസി സാറുടെ 'എന്റെ അഭിനയസ്മരണകൾ' എന്ന പംക്തിയിൽ പ്രസിദ്ധീകരിച്ച ഇരുപത്തിയേഴ് അദ്ധ്യായങ്ങൾ ചേർത്ത് ഒരു പുസ്തകമാക്കി ഏക തത്ത്വ മെയ് മാസം ആദ്യവാരം പുറത്തിറക്കുന്നു. പുസ്തകം മുൻകൂറായി ബുക്ക് ചെയ്യാൻ ബന്ധപ്പെടുക:

**ഏക തത്ത്വ പബ്ലിക്കേഷൻ**

**ഫോൺ നമ്പർ : 9446443321, 9387118131.**

# ദേവഭൂമിയിലെ ദേവദാരുക്കൾ

## യാത്രാവിവരണം (ഭാഗം 11)

# ജോഷി മഠ്



ഈശ്വർകുമാർ തരവത്ത്
9946655277

ഉറക്കക്ഷീണത്തോടെതന്നെ എല്ലാവരും നേരത്തെ റെഡിയായി. പുറത്ത് ചാറ്റൽ മഴ. കാലത്ത് പ്രാതലിനും കിട്ടി, ചൂടുകാപ്പിക്കൊപ്പം പുട്ടും ചെറുപയറും ! മുഖങ്ങളിലെല്ലാം സംതൃപ്തി നിറഞ്ഞ പുഞ്ചിരികൾ കാണാൻ കഴിഞ്ഞു. ചുറ്റിലും മഞ്ഞുമൂടിയ കൊടുമുടികൾ. മേഘാവൃതമായ ആകാശം. അതിലെ വെളുപ്പും കറുപ്പും മനസ്സിൽ മാറി മാറി ചേക്കേറിക്കൊണ്ടിരുന്നു. ബദരീയാത്രയിലെ ഈ ഇടത്താവളം സമുദ്രനിരപ്പിൽ നിന്ന് 1890 മീറ്റർ ഉയരത്തിൽ കിടക്കുന്ന ഒരു ചെറുപട്ടണമെന്ന് പറയാം. ചെറിയ ചെറിയ ഹോട്ടലുകൾ, ആശുപത്രികൾ, സ്കൂളുകൾ എന്നിവയൊക്കെ ഇവിടെയുണ്ട്.

ചൈനാ അതിർത്തിയിലെ ഈ പ്രദേശം സൈനീകപരമായും പ്രാധാന്യം അർഹിക്കുന്നുണ്ട്. ITBF ന്റെ സംരക്ഷണത്തിലുള്ള ഈ സ്ഥലത്തെ കൊടുമുടികളും താഴ്വരകളും കാടുകളും മഞ്ഞിൽ മൂടുമ്പോഴും ഉറങ്ങാതെ തളരാതെ ഉണർന്നിരുന്ന് അവർ നാട് സംരക്ഷിക്കുന്നു. ഇവിടേക്കടുത്തുള്ള ഔലി എന്ന സ്ഥലത്ത് സർക്കാരിന്റെ സ്കീയിങ്ങ് പരിശീലനകേന്ദ്രവും റിസോർട്ടും ഉണ്ട്. ഔലിയേയും ജോഷിമഠിനേയും യോജിപ്പിക്കുന്ന റോപ്‌വേക്ക്, തറനിരപ്പിൽ നിന്ന് 40 മീറ്റർ ഉയരവും 4 കി.മീറ്റർ ദൈർഘ്യവുമുണ്ട്.

* * * * *

ഇവിടെ ഒരു പഴയ ദുർഗ്ഗാക്ഷേത്രവും, നരസിംഹക്ഷേത്രും കണ്ടു. ശങ്കരാചാര്യർ പ്രതിഷ്ഠിച്ചതെന്നു കരുതുന്ന ഇവിടെ രാവിലേയും വൈകുന്നേരവും പൂജയും ആരതിയും ഉണ്ട് - മഞ്ഞുകാലത്ത് ബദരീനാഥ് അടച്ചുപൂട്ടി റാവൽജിയും പരിവാരങ്ങളും ജോഷിമഠിലെത്തിയാൽ, തിരിച്ചുപോകുംവരെ ഇവിടെയാണ് ബദരീനാഥനെ പൂജിക്കുക.

ബദരീ - കേദാർ ക്ഷേത്രകമ്മിറ്റികളുടെ ആസ്ഥാനവും ഇവിടെയാണ്. ശങ്കരാചാര്യർ കല്പമരത്തിന്റെ ചോട്ടിൽ തപസ്സനുഷ്ഠിക്കുകയും ജ്ഞാനോദയം ഉണ്ടായതും ജോഷിമഠിൽവെച്ചാണെന്ന് വിശ്വസിച്ചുവരുന്നു. തപസ്സിരുന്നുവെന്ന് കരുതുന്ന ഗുഹയുടെ മീതെയായി വളരെ പഴക്കം ചെന്ന ഒരു കൽപ്പവൃക്ഷം ഇപ്പോഴും കാണുന്നുണ്ട്. ഗവേഷകർ ഇതിന് 2400 വർഷത്തിന്റെ പഴക്കം കൽപ്പിക്കുന്നു.

അദ്വൈത ദർശനങ്ങൾക്കായി അദ്ദേഹം വടക്ക് സ്ഥാപിച്ച മഠമാണ് ജോഷിമഠ്. കിഴക്ക് പുരിയും പടിഞ്ഞാറ് ദ്വാരകയും തെക്ക് ശൃംഗേരിയുമാണ് മറ്റ് മഠങ്ങൾ. ഇവിടെയുള്ള പഴയ മഠത്തിൽ പൂജകളും ആരതിയും ഇപ്പോഴും തുടർന്നുവരുന്നുണ്ട്. കത്തുന്ന നെയ്‌വിളക്കിനുമുമ്പിൽ കൈകൂപ്പിനിന്നു. പുറത്ത് മഴക്ക് ശക്തി കൂടിയിരുന്നു.

* * * * *

ഈ മഠത്തിൽ വെച്ച് യാദൃച്ഛയാ ബോധാത്മരൂപാനന്ദ എന്നൊരു സ്വാമിജിയെ പരിചയപ്പെട്ടു. ബംഗാളിൽ ജനിച്ചു. ഐ. എസ്. ആർ. ഒ. യിലും തുടർന്ന് നാസയിലും ശാസ്ത്രജ്ഞനായിരുന്ന അദ്ദേഹം ഇപ്പോൾ തികച്ചും ആത്മീയ പാതയിൽ സഞ്ചരിക്കുന്നു. ഈ യാത്രയിലുടനീളം, ഞങ്ങൾ സാക്ഷ്യം വഹിച്ച അറിവുകളേയും സംസ്കാരങ്ങളേയും മാനവികതയേയും മാനസോർജ്ജത്തേയും പറ്റി സ്വാമിജി ഞങ്ങളോട് ചോദിച്ചു. അദ്ദേഹം സ്വാംശീകരിച്ച ദർശനങ്ങളേയും ജനി-മൃതികളേയും ജീവൽത്തുടിപ്പുകളേയും ഉദയാസ്തമയങ്ങളേയും വരെ വിശദമായി വിവരിച്ചുതന്നു. എന്ത്, എവിടെ, എങ്ങിനെ ഉപയോഗിക്കണം എന്ന തിരിച്ചറിവാണ് എല്ലാവിധ പഠനങ്ങളേയും സഞ്ചാരങ്ങളേയും സാധൂകരിക്കുന്നതെന്നും, നൂറു കഴിവുകളിലല്ലാ, നമുക്കുള്ള ചെറിയ കഴി



വുകൾ യഥാസ്ഥാനത്ത് യഥാസമയം പ്രയോജനപ്പെടുത്തുമ്പോഴാണ് അറിവും കഴിവും പ്രവർത്തനക്ഷമമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. മരുഭൂമിയിലെ പോലെയല്ലാ കടലിലെ യാത്ര. മൈതാനത്തിലേത് പോലെയല്ലാ മലമുകളിലെ സഞ്ചാരം. വഴിയുടെ രീതി അറിയാത്തവന്റെയും യാത്രയുടെ ലക്ഷ്യമറിയാത്തവന്റേയും സഞ്ചാരം നിരർഥകവും നിഷ്ഫലവുമായിത്തീരുന്നു.

അറിവിന്റെ അക്ഷയഖനിയായി തോന്നി. നന്ദിയും നമസ്കാരവും പറഞ്ഞ്, ആശീർവാദത്തിനായി തലകുനിച്ചപ്പോൾ, നിഷ്കളങ്ക ചിരിയുമായി പറഞ്ഞു, 'നന്മ ചെയ്യുക, നല്ലത് വരുത്തുക' ! ആശ്രമ കവാടത്തിൽ നിന്ന് അകന്നകന്നുപോകുമ്പോഴും ആ അക്ഷരചിമിഴുകൾ ആത്മാവിൽ മുഴങ്ങിക്കൊണ്ടിരുന്നു.

ചതുർധാം യാത്രയുടെ പരിസമാപ്തിയുമായി, ഹരിദ്വാറിലേക്കും, അവിടെനിന്ന് ഡൽഹി വഴി നാട്ടിലേക്കും ഞങ്ങൾ മടങ്ങുകയാണ്. പുറത്ത് കനത്ത മഴ. പിന്നിലേക്കോടിമറയുന്ന മഴത്തുള്ളികൾക്കും വഴിക്കാഴ്ചകൾക്കുമൊപ്പം മനസ്സും വിചാരങ്ങളും പിറകിലേക്കോടിക്കൊണ്ടിരുന്നു. മഴയും... യാത്രയും... എനിക്കെന്നും പ്രിയപ്പെട്ടവ തന്നെ.

### *വീണ്ടും ഡൽഹിയിലേക്ക്*

ചിതറിയും മുറിഞ്ഞും നീങ്ങുന്ന മലങ്കാറ്റിനും മഴക്കാറുകൾക്കുമൊപ്പം വാഹനം മുന്നോട്ടു നീങ്ങവെ, സ്വച്ഛസാനുക്കളിലെ കൊടുമുടികളും ദേവദാരുക്കളും ഞങ്ങളിൽനിന്ന് അകന്നകന്നുപോകുന്നത് കാണാമായിരുന്നു. ഞാനിതുവരെ കണ്ടതും അനുഭവിച്ചതുമൊന്നുമല്ല യഥാർത്ഥ സാക്ഷിപത്രം! തുടങ്ങിയിട്ടില്ലാത്ത ഇനി തുടങ്ങാനിരിക്കുന്ന ഒന്നാണത്. അതീത കാലത്തിന്റെ ഏതെങ്കിലുമൊരു പടവിലിരുന്ന് എനിക്കത് എഴുതപ്പെടേണ്ടിയിരിക്കുന്നു. രേഖകളും ചിത്രങ്ങളും വെച്ചു നൽകുന്ന വിവരണങ്ങൾക്കു പരിധിയും പരിമിതികളുമുണ്ട്...

ഒരിക്കലും മായില്ല എന്നു കരുതപ്പെടുന്ന ഒരടയാളവും യഥാർത്ഥത്തിൽ ഒന്നിനെക്കുറിച്ചും തെളിവുതരില്ല. തെളിവടയാളങ്ങളും ഓർമ്മച്ചിത്രങ്ങളുമില്ലാതെ തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ നഷ്ടപ്പെടുന്നത് ബന്ധങ്ങളുടെ ഊഷ്മളതയും ഇഴയടുപ്പവുമായിരിക്കും. വാഹനം ഹരിദ്വാർ ലക്ഷ്യമാക്കി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ഇടയ്ക്കിടെ വഴിയിൽ വിശപ്പും ദാഹവും ശമിപ്പിച്ചുകൊണ്ടുള്ള യാത്ര - നീണ്ട യാത്രയിൽ എല്ലാവരും ക്ഷീണിതരായിരുന്നു. രാത്രി ഹരിദ്വാറിലെ അയ്യപ്പക്ഷേത്രത്തിൽ മടങ്ങിയെത്തി, തിരുമേനിയുടെ കുശാലായ മോരുകറി ചേർത്ത നാടൻ ഊണുകഴിച്ചപ്പോൾ, മനസ്സിലേതുപോലെ ശരീരത്തിനും ഊർജ്ജം കൈവന്നു.

* * * * *

പിറ്റേന്ന്, അതിരാവിലെ തന്നെ എഴുന്നേറ്റ്, വേഗത്തിൽ കുളിയും മറ്റും കഴിച്ച് ഡൽഹിയിലേക്കുള്ള ആറുമണിയുടെ ജനശതാബ്ദി എക്സ്പ്രസ്സിനായി ഓട്ടോറിക്ഷയിൽ സ്റ്റേഷനിലേക്കുവന്നു. തിരുമേനിയും കൂട്ടരും ഞങ്ങൾക്ക് ഹൃദ്യമായ യാത്രാമംഗളങ്ങൾ നേർന്നു, യാത്രയാക്കി !

അയ്യപ്പക്ഷേത്രത്തിനു മുന്നിലെ ലക്ഷ്മൺ പ്രസാദിന്റെ ചെറിയ ചായക്കട മറന്നുകൂടാ! അവിടെ താമസിച്ച ദിവസങ്ങളിൽ, രാവിലത്തേയും വൈകുന്നേരത്തേയും അയാളുടെ നല്ല ചായ, ഞങ്ങൾക്ക് ഉന്മേഷവും ഉത്സാവും നൽകിയിരുന്നു. കടുകെണ്ണയിലുള്ള ലക്ഷ്മണിന്റെ പലഹാര രുചികളുടെ അരോചകത്വങ്ങൾക്കും, ഞങ്ങൾക്കിടയിൽ പലർക്കുമനുഭവപ്പെട്ട ഭാഷാ പ്രശ്നങ്ങൾക്കും നടുവിൽ എളിമയോടെ അദ്ദേഹം ഓരോരുത്തരുടേയും ആവശ്യങ്ങൾ പ്രത്യേകം പ്രത്യേകം ചോദിച്ചറിഞ്ഞ് നിവർത്തിക്കുന്നത് നന്ദിയോടെ ഓർക്കുകയാണ്. വിനീതരാകുന്നവരുടെ വിനയം എപ്പോഴും ഒരു പാഠമാണ്. അവർക്ക് തലമുറകളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠ നേടാനാകും.

ഉറക്കക്ഷീണമുണ്ടായിരുന്നെങ്കിലും ഈ വണ്ടിയിലെ യാത്ര, പൊതുവെ ക്ലേശരഹിതമായിരുന്നു. ഉത്തരാഞ്ചിലൂടെയുള്ള ഈ യാത്രക്കിടയിൽ, ഫലഭൂയിഷ്ടമെങ്കിലും ചെറിയ ചെറിയ കൃഷിഭൂമികളിൽ നെല്ലും, ചോളവും, തിനയും, കടുകും, കരിമ്പും പ്രധാന കാർഷികോല്പന്നങ്ങളായി കണ്ടു. പരമ്പരാഗതമായ ഇവിടത്തെ സാലവൃക്ഷ നിരകൾ വെട്ടിമാറ്റി, മിക്കയിടങ്ങളിലും അഭിശപ്തമായ യൂക്കാലിപ്സ് നട്ടുവളർത്തുന്നത് കണ്ടപ്പോൾ ശരിക്കും വിഷമം തോന്നി.

ചെറുഗ്രാമങ്ങൾ പിന്നിട്ട്, മുസാഫിർനഗറിലൂടെയും റൂർക്കിയിലൂടെയും കടന്നുപോകുമ്പോൾ, പാതയ്ക്കിരുവശമായി നിരവധി ചെറുതും വലുതുമായ ഫാക്ടറികൾ കണ്ടു. ഡൽഹിയിൽ നിന്ന് 175 കി.മീ. അകലെയുള്ള ഈ പ്രദേശങ്ങൾ, ഇരുമ്പുരുക്കു വ്യവസായങ്ങളുടെ നാടായി അറിയുന്നു.

മുൻ തീരുമാനപ്രകാരം രണ്ടുപേർ ഡൽഹിക്കുതൊട്ടുമുമ്പുള്ള, ഗാസിയാബാദിലിറങ്ങി. അവിടെയുള്ള സഹോദരന്റെ കൂടെ രണ്ടു ദിവസം തങ്ങി, നാട്ടിലേക്കു മടങ്ങാനായിരുന്നു ഉദ്ദേശം. നിർഭാഗ്യവശാൽ ഒരാൾക്ക് പിടിപ്പെട്ട കലശലായ പനിയും തൊണ്ടവേദനയും, ഫ്ളൈറ്റിൽ പെട്ടെന്നു നാട്ടിലേക്ക് മടങ്ങാൻ, അവരെ നിർബന്ധിതരാക്കി.

ഞങ്ങളുടെ സംഘാംഗങ്ങൾ അങ്ങിനെ ഒമ്പതിലേക്ക് ചുരുങ്ങി. അനിയേട്ടന് കടുത്ത കഫക്കെട്ടും ചുമയുമുണ്ട്. നാരായണന് വയറിനു ചെറിയ പ്രശ്നമുണ്ടായെങ്കിലും, കൂടുതലാവാതെ പോയി. ക്ഷീണിതരെങ്കിലും മറ്റാർക്കും പറയത്തക്ക ആരോഗ്യ പ്രശ്നമൊന്നുമില്ല. വേലായുധേട്ടൻ, ലത്തീഫിക്കാ, രാമകൃഷ്ണേട്ടൻ എന്നിവർ, സന്തത സഹചാരികളായ തങ്ങളുടെ മരുന്നുകളോട്, കൃത്യമായി നീതിപുലർത്തുന്നത്, കാണാമായിരുന്നു. കരുണാകരേട്ടനാവട്ടേ, തന്റെ കണിശമായ ആഹാരനിയന്ത്രണത്തിലും കൃത്യത പാലിച്ചു.

* * * * *

### ബാക്കിപത്രം

ഉച്ചതിരിഞ്ഞ് ഡൽഹിയിലെത്തുമ്പോൾ നല്ല മഴ ! മഴയും സമ

യത്തിന്റെ കുറവുമൂലം, അന്നത്തെ പരിപാടി ഹുമയൂൺഖബർ (Huma yun Toub) സന്ദർശനത്തിൽ മാത്രമൊതുക്കി. റോഡുകളിൽ അവിടവിടെയായി വെള്ളം കെട്ടിനിന്നിരുന്നത് വാഹനഗതാഗതത്തെ ബാധിക്കുന്നുണ്ടായിരുന്നു. ഖബറിൽ നിന്ന് അല്പം അകലെയായി വാഹനം പാർക്ക് ചെയ്യേണ്ടതുള്ളതിനാൽ, മഴയത്ത് കുറച്ചുദൂരം നടക്കേണ്ടതായും വന്നു.

എ. ഡി. 1508 മുതൽ 1556 വരെ ജീവിച്ച അദ്ദേഹത്തിന് യുദ്ധങ്ങൾക്കിടയ്ക്ക് മറ്റൊന്നിനും സമയമില്ലാതെ പോയെന്ന് ചരിത്രം! മികച്ചൊരു കവി കൂടിയായ അദ്ദേഹം, ഒന്നാമത്തെ മുഗൾ ചക്രവർത്തി ബാബറുടെ മകനും, മഹാനായ അക്ബറുടെ പിതാവുമാണ്. അദ്ദേഹത്തിന്റേയും മറ്റുപല മുഗൾ ചക്രവർത്തിമാരുടേയും അന്ത്യവിശ്രമ സ്ഥലവുമാണിത്.

എ. ഡി. 1569ൽ പത്നി, ഹാമിദബാനു ബീഗമാണ് ഈ കുടീരം നിർമ്മിച്ചത്. ഉയർന്നുപൊങ്ങിയ കമാനങ്ങളോടും, വിശാലമായ പൂന്തോട്ടങ്ങളാലും ഇത് മനോഹരമാക്കിയിരിക്കുന്നു. തെക്കും പടിഞ്ഞാറും ഇരുനിലവാതായനങ്ങളോടെ, രണ്ടുപ്രവേശന ദ്വാരങ്ങൾ. കിഴക്കേ ചുവരിനോടുചേർന്ന്, 'ബരദാരി' എന്ന പവലിയനും, വടക്കേ ചുവരിന്റെ നടുക്കായി വിശാലമായ ഒരു 'ഹമ്മാമും' (സ്നാനമുറി) ഉണ്ട്. നിരവധി സുന്ദര ആർച്ചുകളാൽ സമ്പന്നമാണ് ഈ നിർമ്മിതി.

എ. ഡി. 1857ലെ ഒരു യുദ്ധകാലത്ത് അവസാനത്തെ മുഗൾചക്രവർത്തി ബഹാദൂർഷാ സഫർ, അദ്ദേഹത്തിന്റെ മൂന്നു ഭാര്യമാരോടുംകൂടി ഒരു അഭയാർത്ഥിയായി ഇവിടെ അഭയം തേടിയെന്നത്, ചരിത്രത്തിലെ കറുത്ത മറ്റൊരു മുഖം ! ഹുമയൂൺ ഖബറിൽ നിന്നിറങ്ങുമ്പോഴേക്കും, മഴയുടെ ശക്തി കുറഞ്ഞിരുന്നു.

* * * * *

ഹോട്ടലിലെത്തി ചായ കുടിച്ച് ഫ്രെഷ് ആയപ്പോഴേക്കും കാലാവസ്ഥ മെച്ചപ്പെട്ടിരുന്നു. ഷോപ്പിങ്ങിനായി ചിലർ സിറ്റിയിലേയ്ക്കു പോയി. ഡൽഹിമെട്രോ, കാണാനും കയറാനുമായിരുന്നു മറ്റുചിലരുടെ താത്പര്യം. തെളിഞ്ഞ സായാഹ്നം, പൊതുവെ എല്ലാവരിലും നല്ലൊരു മൂഡ് സൃഷ്ടിച്ചതായി തോന്നി.

* * * * *

ഇനി ശേഷിക്കുന്ന രണ്ടു ദിവസങ്ങൾ, ചരിത്രഗന്ധം തങ്ങി നിൽക്കുന്ന, പടയോട്ടങ്ങളുടെ കുളമ്പടി കേൾക്കുന്ന, രാജാക്കന്മാരും ചക്രവർത്തിമാരും, മുൻഭരണാധികാരികളും, രാഷ്ട്രപിതാവും അന്ത്യവിശ്രമം കൊള്ളുന്ന, ഈ മഹാനഗരത്തെ തൊട്ടറിയാനായാണ് ! രണ്ടു ദിവസങ്ങൾ അതിന് അപ്രാപ്യമെന്നറിഞ്ഞുകൊണ്ടുതന്നെ...!

രാവിലെ ഒമ്പതുമണിക്കുതന്നെ പണിക്കേഴ്സ് ട്രാവൽസിന്റെ ഓഫീസിലെത്താൻ നിർദ്ദേശം കിട്ടിയിരുന്നു. അവിടെ വോൾവോ ബസ്സും, ഒരു ഗൈഡും ഞങ്ങളെ കാത്തുനിൽക്കുന്നുണ്ട്. ബിർലാ ഹൗസിലേക്കാണ് ആദ്യം പോയത്. സ്വതന്ത്രഭാരതത്തിന്റെ ത്രിവർണ്ണ പതാക, ചെങ്കോട്ടയിൽ ഉയർത്തപ്പെട്ടപ്പോഴും, ചോരപ്പുഴകളൊഴുകുന്ന ബംഗാളിൽ, തന്റെ ശാന്തിദൗത്യം തുടരുകയായിരുന്നു മഹാത്മാജി! സ്വന്തം ആയുസ്സിനെക്കുറിച്ചുമാത്രം കൂടുതൽ കരുതലുള്ളവർ വിളവിനെക്കുറിച്ച് ചിന്തിക്കും. വരും കാലത്തിന് കാവലാളാകുന്നവർ വിത്തിനെക്കുറിച്ചും... തനിക്ക് പ്രയോജനപ്പെടില്ലെന്നറിഞ്ഞിട്ടും തനതു പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നവർ ചുറ്റുപാടുകളെ നിഷ്കളങ്കവും നിറസമൃദ്ധവുമാക്കും...!

1948 ജനുവരി 30 ന് വൈകുന്നേരം ഇവിടെ നടന്ന പ്രാർത്ഥനായോഗത്തിലേക്ക് നടന്നുപോകവെ, ഗോഡ്സെ എന്ന ഭാരതീയന്റെ തന്നെ വെടിയുണ്ടകളേറ്റ് മാനവസ്നേഹത്തിനും, അഹിംസക്കും, സഹിഷ്ണുതക്കും വേണ്ടി നിലകൊണ്ട ആ മഹാത്മാവ്, ഇവിടെ വീണുമരിച്ചു.

ലോകത്തിന്റെ ആത്മാവിൽ ആഴത്തിൽ മുറിവേല്പ്പിച്ച, ആ രംഗത്തിന് സാക്ഷ്യം വഹിച്ച മണ്ണിൽ, ഞങ്ങൾ ശിരസ്സുകുനിച്ചു നിന്നു. അദ്ദേഹമുപയോഗിച്ച മുറികളും, സാധനസാമഗ്രികളും, അവസാനമായി പ്രാർത്ഥനയ്ക്കു നടന്നുനീങ്ങിയ വഴിയും മറ്റും, ലളിതമായും ചിട്ടയായും 'ഗാന്ധി സ്മൃതി'യിൽ സൂക്ഷിച്ചിരിക്കുന്നു. ആ യുഗപുരുഷൻ അന്ത്യവിശ്രമം കൊള്ളുന്ന രാജഘട്ടിലെ സമാധിയ്ക്കുമുമ്പിലും തൊഴുകൈകളോടെ ഞങ്ങൾ പ്രണാമമർപ്പിച്ചു.

(തുടരും)

■ കവിത


# കണിക്കൊന്ന



**സുധാകരൻ എടത്തറ**
**9400658289**

മേടപ്പുലരിയ്ക്കു ചന്തം ചാർത്തുമീ
കണിക്കൊന്ന പൂങ്കുലകൾ.
നിന്നെ കണികണ്ടുണർന്നെന്നാൽ
നിറയുന്നു മനസ്സാകെ സൗഭാഗ്യതേനലകൾ.
അഴകാർന്നൊരാ മഞ്ഞപട്ടുടയാടകൾ
നെയ്തതോ കണിക്കൊന്നകൾ
ആരുമറിയാതെ തൻ ചേലയാക്കീടുവാൻ
കവർന്നെടുത്തുവോ കാർമുകിൽ വർണ്ണൻ.
ചേലെഴും നിന്നെ കണ്ടു മോഹിച്ചിടാ
മാനവമനസ്സുകളെങ്ങുമുണ്ടോ
വിഷുദിനപുലരിയിൽ നിന്നെ കണികണ്ടു
സായൂജ്യമടയാത്തവരേറെയുണ്ടോ.
മണ്ണോടു മണ്ണായ് നമ്മളൊരു ദിനം ചേർന്നെന്നാലും
നമുക്കായിനിയൊരു ജന്മമുണ്ടാകുമെന്നാകിലോ
നീയാം കണിമലരായ് ജനിച്ചീടു
വാനാണെനിക്കേറെയിഷ്ടം.

# ഒഴുകി ഓടും തപാൽ ഓഫീസ്



ടി. ജെ. നായർ
9446630412

**ഭാ**രതത്തിന്റെ വടക്കേ അറ്റത്ത് നിലകൊള്ളുന്ന സംസ്ഥാനമാണല്ലോ ജമ്മു-കാശ്മീർ. പതിനേഴാം നൂറ്റാണ്ടിൽ മുഗൾ രാജാവ് ജഹാംഗീർ ഇവിടെ എത്തിയപ്പോൾ നമ്മുടെ കാശ്മീരിനെ വർണ്ണിച്ചത് ഇങ്ങനെയാണ് : 'ഭൂമിയിൽ സ്വർഗ്ഗം എന്ന് ഒന്ന് ഉണ്ടെങ്കിൽ അത് ഇവിടെത്തന്നെയാണ്.' ഇന്ന് ലോകത്തിലെത്തന്നെ ഏറ്റവും കൂടുതൽ സന്ദർശകരെ ആകർഷിക്കുന്ന മനോഹരമായ ഭൂമിയും ഈ കാശ്മീർ സ്വർഗ്ഗഭൂമി തന്നെയാണ്.

ഹിമാലയ പുണ്യ പർവ്വതത്തിന്റെ മടിയിൽ പരിലസിക്കുന്ന ഈ സ്ഥലം പ്രകൃതി രമണീയമായ – ലോക പ്രസിദ്ധമായ ഒരു സ്ഥലം തന്നെ. വർഷം മുഴുവനും പ്രകൃതി ഇവിടെ ആനന്ദദായകമാണ്. കാലാവസ്ഥയിൽ ഒരു ഏറ്റക്കുറച്ചിലും ഇല്ല. ജലധാരകൾ – നാനാമതസ്ഥരുടേയും ആരാധനാലയങ്ങൾ, താമസിക്കാൻ മനോഹരമായ കോട്ടേജുകൾ എല്ലാം എല്ലാം ജമ്മു കാശ്മീരിന് അഴകേകും ദൈവാനുഗ്രഹങ്ങൾ!

പ്രകൃതിരമണീയമായ ഒരു നദിയിലാണ് പറയാൻ പോകുന്ന ഈ പോസ്റ്റ് ഓഫീസ് നില കൊള്ളുന്നത് ! 'ചലിക്കും തപാൽ നിലയം' എന്നതാണ് ഇതിന്റെ പ്രത്യേകത. ലോകപ്രസിദ്ധമായ നെഹ്റു പൂങ്കാവനത്തിന് സമീപത്തുകൂടിയാണ് ഈ നദി ഒഴുകുന്നത്.

2011ൽ മുഖ്യമന്ത്രി ആയിരുന്ന ഒമർ അബ്ദുല്ല, കമ്മ്യൂണിക്കേഷൻ മന്ത്രി സച്ചിൻ പൈലറ്റ് എന്നിവർ ചേർന്നാണ് ഈ ഒഴികി ഓട്ടം തപാൽ നിലയം ഭാരതത്തിന് സമ്മാനിച്ചത്. ഇന്നും പതിവുപോലെ മറ്റെങ്ങുമുള്ള പോസ്റ്റാഫീസുകൾ പോലെത്തന്നെ ഇവിടേയും പ്രവർത്തികൾ നടന്നുവരുന്നുണ്ട്.

തപാൽ നിലയത്തോടൊപ്പം തന്നെ ഇവിടെ ഒരു മ്യൂസിയവും പ്രവർത്തിച്ചുവരുന്നു. ഇതിൽ ലോകത്തിലെ പോസ്റ്റാഫീസുകളുടെ എല്ലാം ചരിത്രം – തപാൽ സ്റ്റാമ്പുകൾ, കാർഡുകൾ, കവറുകൾ എല്ലാം എല്ലാം ശേഖരിച്ചുവെച്ചിരിക്കുന്നു. കൂടെത്തന്നെ കാശ്മീരിന്റെ ചരിത്രവും ഒരു ഭാഗത്ത് – മ്യൂസിയം – മറുവശത്ത് തപാൽ നിലയം.

ഇപ്പോൾ നിങ്ങൾക്ക് ഒരു സംശയം തോന്നാം. തോണി കയറി ആരാണ് ഇവിടെ സ്റ്റാമ്പും കവറും വാങ്ങുവാൻ വരുക എന്ന് ? എന്നാൽ ഒട്ടും തന്നെ സംശയിക്കേണ്ട. ജമ്മു കാശ്മീർ സന്ദർശിക്കുവാനായി വരുന്നവർ എല്ലാവരും ഇവിടെ ഒഴുകി ഒഴുകി എത്തുന്നു.

ഈ തപാൽ നിലയത്തിന് ചുറ്റുമായി ജോലി ചെയ്യുന്നവർ എല്ലാവരുടേയും 'സേവിങ്ങ്സ് ബേങ്ക്' കൂടിയാണ് ഈ തപാൽ ഓഫീസ്. ഭാരതത്തിന്റെ നാനാഭാഗത്തുനിന്നുമായി പലരും ഇവിടെ വന്ന് കർമ്മനിരതരാണ്. അവരുടെ എല്ലാവരുടേയും സമ്പാദ്യവും ഇവിടേയ്ക്കാണ് ഒഴുകി ഒഴുകി എത്തുന്നത്. ഒരു വർഷം – ഒന്നരക്കോടിയോളം രൂപയാണ് ഈ പോസ്റ്റോഫീസിൽ നിക്ഷേപിക്കപ്പെടുന്നത്. ഈ പണമെല്ലാം അവരവരുടെ സ്വന്തം നാട്ടിലെ രക്ഷിതാക്കളുടെ കൈകളിൽ എത്താൻ നിമിഷങ്ങൾ മാത്രമേ വേണ്ടു എന്നതാണ് 'പോസ്റ്റൽ പുണ്യം'.

2014ലെ കാലവർഷക്കെടുതി കാശ്മീരിനേയും വിട്ടുവെച്ചില്ല എന്ന വാർത്ത നാമേവരും പത്രങ്ങളിൽ വായിച്ചിരിക്കുമല്ലോ ? ദാൽ ഏരിയിൽ അന്ന് വെള്ളപ്പൊക്കമായിരുന്നു – അതിവർഷം – സാധാരണ ഇല്ലാത്ത കാലവർഷ കെടുതികൾ ! ഈ അതിവർഷം നമ്മുടെ തപാൽ ഓഫീസിനേയും വിട്ടുവെച്ചില്ല. എന്നാൽ അവിടേയും സമയോചിതമായി ഓടി എത്തി – അല്ല – പറന്നെത്തി നമ്മുടെ പട്ടാളം. ഇന്ത്യാ – പാക്ക് അതിർത്തിയിൽ രാപ്പകൽ ഉറക്കമൊഴിച്ചുകാത്തിരിക്കുന്ന പട്ടാളക്കാരാണ് അവിടേയും പോസ്റ്റോഫീസിന് രക്ഷകരായി പറന്നെത്തിയത് എന്നത് ചരിത്രം.

കാലവർഷക്കെടുതികൾക്ക് അല്പം ആശ്വാസം വന്നപ്പോൾ നമ്മുടെ തപാൽ നിലയം വീണ്ടും അവിടെ തന്നെ പുനഃസ്ഥാപിതമായി. കാശ്മീരിലെ വളരെ പ്രധാനമായ സ്ഥലത്ത് നമുക്കും ഒരു പ്രാവശ്യമെങ്കിലും ഈ പോസ്റ്റോ ഓഫീസും പരിസര പ്രദേശങ്ങളും കണ്ട് ആസ്വദിക്കുവാൻ സർവ്വേശ്വരൻ സംഗതി വരുത്തട്ടെ എന്ന പ്രാർത്ഥനയോടെ – ആ സുവർണ്ണാവസരത്തിനായി നമുക്കും കാത്തിരിക്കാം.

എന്തെല്ലാം – പുതിയ – പുതിയ വാർത്താവിതരണ സമ്പ്രദായങ്ങൾ നിലവിൽ വന്നാലും ; സമ്പാദിയ്ക്കുവാനായി എത്രയോ ബാങ്കുകൾ വീട്ടുമുറ്റത്തുതന്നെ കെട്ടിപ്പടുത്താലും ഒരിക്കലും നമ്മുടെ തപാൽ നിലയങ്ങളുടെ പേരും പെരുമയും ഒരിയ്ക്കലും നശിക്കുകയില്ല എന്ന് ഓർത്താലും. നിത്യേന വൈകുന്നേരങ്ങളിൽ രണ്ടരയ്ക്കും നാലിനുമിടയ്ക്ക് 'പോസ്റ്റ് പേഴ്സൺ'* വീട്ടിൽ വന്ന് കോളിങ്ങ് ബെല്ലടിക്കും എന്ന് തീർച്ച. കാത്തിരിക്കാം നമുക്കും ദിവസേന ആ കോളിങ്ങ് ബെല്ലിനായി.

*കുറിപ്പ്:-*

* ഇനി പോസ്റ്റ് മാൻ എന്ന വാക്കിന് പ്രാധാന്യമില്ല. ഇപ്പോൾ ധാരാളമായി സ്ത്രീകളും ഈ പദവിയിൽ വിരാജിക്കുന്നു; ഇനി Post Person.

# തിരഞ്ഞെടുപ്പ് കാലത്തെ തിരിഞ്ഞ് നോട്ടങ്ങൾ



**മുരളി മൂത്തേടം**
**9847347704**

**വ**ലിയ ഒരു യുദ്ധഭീതി ഒഴിഞ്ഞു. അഭിനന്ദൻ അഭിമാനമായ് ഇന്ത്യൻ മണ്ണിൽ തിരിച്ചെത്തി. അതിർത്തി ഇപ്പോഴും അശാന്തമായ് തുടരുന്നു. രാഷ്ട്രത്തിനും, രാഷ്ട്രീയ അധികാരവർഗ്ഗീയഭ്രമത്തിലും ഇരയായ് പലരും പിടഞ്ഞ് വീഴുന്നു. ചിലർ ഔദ്യോഗികമായും മറ്റ് ചിലർ ആരാലും ശ്രദ്ധിക്കപ്പെടാതെയും മരിച്ച് കൊണ്ടിരിക്കുന്നു.

രാജ്യം ഇനി ഉറ്റ് നോക്കുന്നത് തിരഞ്ഞെടുപ്പ് പോരാട്ടത്തിലേക്കാണ്. വിജയിക്കുമെന്ന് ഉറപ്പുള്ള സീറ്റുകൾ കണ്ടെത്താനും, പാർട്ടിക്ക് വിധേയനും ജനസമ്മതനുമായ സ്ഥാനാർത്ഥികളെ അണിനിരത്താനുമുള്ള തത്രപ്പാടിലാണ് രാഷ്ട്രീയ പാർട്ടികൾ. ചിലർ പദവിക്ക് പുറമേ വീണ്ടും മത്സരിച്ച് ജയിച്ച് ജനസേവനം ചെയ്യാൻ വെമ്പുന്നു. വാഗ്ദാന പ്രകടനങ്ങളുടെ പെരുമ്പറ മുഴങ്ങുന്നു. പാർട്ടിക്കുവേണ്ടി മരിച്ചവർ രക്തസാക്ഷികളായ് ഉയരുന്നു. മരിച്ചവന്റെ കുടുംബം ജീവിക്കുന്ന രക്തസാക്ഷിത്വമായ് നിഴലിക്കുന്നു. രാഷ്ട്രീയവൈരവും, അഴിമതിയും പൊടിതട്ടിയെടുക്കപ്പെടുന്നു. വിവാദങ്ങൾ കൊഴുക്കുമ്പോൾ ദുരന്തങ്ങൾ സംഭവിക്കുന്നു. അതിൽ സംശയം ഉന്നയിക്കുന്നവനും, തെറ്റ് ചൂണ്ടിക്കാണിക്കുന്നവനും രാജ്യദ്രോഹി, ആജന്മ ശത്രു അല്ലെങ്കിൽ പാർട്ടിവിരുദ്ധൻ. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ അടിവേരുള്ളവൻ പണിയൊന്നും എടുക്കാതെ പണക്കാരൻ ആവുന്നു. അവൻ പണിമുടക്കിന് ആഹ്വാനം ചെയ്യുന്നു. നേതാവിന് ജയ് വിളിക്കാനും, ഹർഷാരവം മുഴക്കാനും യുവരക്തങ്ങൾ തെരുവിൽ ഇറങ്ങുന്നു. എന്നാൽ ഒരു രാഷ്ട്രീയനേതാവോ അവന്റെ കുടുംബമോ തെരുവിൽ പാർട്ടിക്കുവേണ്ടി സംഘട്ടനങ്ങളിൽ അകപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നില്ല എന്നതും. കക്ഷി രാഷ്ട്രീയഭേദമെന്യ ഒരു രാഷ്ട്രീയനേതാവിലും രാജ്യസ്നേഹം അവശേഷിക്കുന്നില്ല എന്നതും നഗ്നസത്യം. ജാതിയും മതവും വർഗ്ഗവും വിശ്വാസവും അവിശ്വാസവും എന്തിന് സ്ത്രീയിലും പുരുഷനിലും വരെ വേർതിരിവ് സൃഷ്ടിച്ച് അവർക്കിടയിൽ സ്പർദ്ധ വളർത്തി രാഷ്ട്രീയക്കാരൻ വോട്ട് ബാങ്ക് മെനയുന്നു. അനിവാര്യമായ പല വികസനങ്ങളും രാഷ്ട്രീയചൂതാട്ടങ്ങളിൽ നിശ്ചലമാക്കുന്നു. കോടികളുടെ കോഴക്കേസുകളും വൻ അഴിമതികളും നേതാക്കൻമാരുടെ വീട്ടുപടിക്കൽ അവസാനിക്കുന്നു. ഒരു പൗരന് ലഭിക്കാവുന്ന അർഹമായ പരിഗണനകൾ പോലും അവന്റെ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഊന്നിയാവുന്നു. എളിമയുടേയും അഹിംസയുടേയും പ്രതീകമായിരുന്ന ഖദർവസ്ത്രം ഇന്ന് ഒരു കൂട്ടം നീചശക്തികളുടെ കവചമായ് മാറ്റപ്പെട്ടിരിക്കുന്നു. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട് ജനാധിപത്യഇന്ത്യയിൽ ഇന്ന് എന്താണ് നടക്കുന്നത്.

നടക്കുകയല്ല നാം ഓടുകയാണ്. പണത്തിനും പ്രശസ്തിക്കും, പാശ്ചാത്യസംസ്കാരത്തിനും പിറകേ മറ്റൊരുത്തന്റെ കൂടേയോ അവന്റെ മുന്നിലോ എത്താനുള്ള ഓട്ടം. ഓരോ രാജ്യത്തിനും അവരുടെ പ്രകൃതിക്ക് അനുസൃതമായ ആവാസ വ്യവസ്ഥകൾ ഉണ്ട്. നാം നമ്മുടെ പ്രകൃതി നന്മയും, പൈതൃകവും മറന്ന് അന്യരാജ്യങ്ങളിലെ ഭാഷയും, സംസ്കാരവും ഭക്ഷണവും ശീലമാക്കുന്നു. മാതൃഭാഷയിൽ പേര് പോലും എഴുതാൻ കഴിയാത്ത ഒരു പുതുതലമുറയെ ഇവിടെ വാർത്തെടുക്കപ്പെടുന്നു. നൂതന വസ്ത്രധാരണ ശൈലികൾ പലപ്പോഴും അതിർവരമ്പ് ഭേദിക്കപ്പെടുന്നു. പാതിവെന്ത മാംസവും കൊഴുപ്പ് കലർന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളും ഗുരുതര ആരോഗ്യ പ്രശ്നങ്ങളെ ക്ഷണിച്ച് വരുത്തുന്നു. പരസ്യചിത്രങ്ങളിലും ഹോളിവുഡ് സിനിമകളിലും ഭ്രമിച്ച് ഫാഷനിലും, വേഗതയിലും നാം പുതിയ മാനങ്ങൾ തേടുന്നു. വിദേശ രാജ്യങ്ങളിലെ മികവാർന്ന റോഡിലൂടെയുള്ള പ്രകടനങ്ങൾ ശാസ്ത്രീയമല്ലാത്തതും ദുർഘടം നിറഞ്ഞതുമായ നമ്മുടെ റോഡിലൂടെ അനുവർത്തിക്കപ്പെടുമ്പോൾ വൻ അപകടങ്ങൾ ഭവിക്കുന്നു. ഇവിടെ ഇറക്കുമതി ചെയ്യുന്നതും വിപണിയിൽ ഉള്ളതുമായ മിക്ക ഭക്ഷ്യ ഉൽപ്പന്നങ്ങളിലും വൻ തോതിൽ വിഷാംശം കണ്ടെത്തുന്നുണ്ടെങ്കിലും ശക്തമായ നടപടികൾ സാധ്യമാകുന്നില്ല. ഭക്ഷ്യസുരക്ഷ, ആരോഗ്യസംരക്ഷണം തുടങ്ങിയ പ്രധാന വകുപ്പുകളിൽ നീതി നിർവ്വഹണത്തിന് ഊർജ്ജസ്വലരായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ പരാജയപ്പെടുന്നു എന്നത് ഖേദകരം. മനുഷ്യാവകാശം പലപ്പോഴും പ്രഹസനമായ് ഒതുങ്ങുന്നു. സാമൂഹിക പ്രവർത്തകർ മൗനം ഭജിക്കുന്നു. സാംസ്കാരിക നായകരിൽ ചിലർ, അവർ വിശ്വസിക്കുന്ന പാർട്ടികൾക്ക് വേണ്ടി സംസാരിക്കുന്നു. പല ഒറ്റയാൾ പോരാട്ടങ്ങളും അടിച്ചമർത്തപ്പെടുന്നു. നീതിപാലകർ പോലും അധികാരകേന്ദ്രങ്ങളുടേയും രാഷ്ട്രീയശക്തികളുടേയും ഇംഗിതങ്ങൾക്ക് വഴങ്ങേണ്ടി വരുന്നു. മാധ്യമ ഇടപെടലുകൾ ചൂണ്ടിക്കാണിക്കുന്നതിലും, പുതിയ വാർത്തകളിലേക്കുള്ള മത്സര ഓട്ടങ്ങളിലും അവസാനിക്കുന്നു. അന്വേഷണ വ്യഗ്രതയുള്ള എഴുത്തുകാർ കൊല്ലപ്പെടുന്നു അല്ലെങ്കിൽ നിശബ്ദരാക്കുന്നു. ഒരു രാഷ്ട്രത്തിന്റെ വളർച്ചയിൽ പരമപ്രധാന പങ്ക് വഹിക്കുന്ന രാജ്യസുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം, വാണിജ്യം, ബാങ്കിങ്ങ് തുടങ്ങിയ സുപ്രധാന മേഖലകൾ വൻകിട

കോർപ്പറേറ്റുകളിൽ നിക്ഷിപ്തമായിരിക്കുന്നു.

ദൈവത്തിനും മനുഷ്യനുമിടയിൽ ഇടനിലക്കാരായി മതമേലാളൻമാർ തിന്ന് ചീർക്കുന്നു. ആൾദൈവങ്ങളും അന്ധവിശ്വാസങ്ങളും വളർന്ന് പന്തലിക്കുന്നു. വിദ്യാസമ്പന്നരായ യുവതലമുറ ലഹരിമരുന്നുകളുടേയും സൈബർ ലോകത്തിന്റേയും ചിലന്തിവലയിൽ കുരുങ്ങുന്നു. വിഷാദരോഗങ്ങളും കുടുംബകലഹങ്ങളും ദിനംപ്രതി വർദ്ധിക്കുന്നു. കുരുന്നുകൾ തെരുവിൽ ഉപേക്ഷിക്കപ്പെടുന്നു. അവർ പീഡനങ്ങൾക്ക് ഇരയാവുന്നു. വിനോദവിജ്ഞാന ശാഖയായ് വളരുന്ന നവമാധ്യമങ്ങളിലെ ഇടനാഴികളിൽ യുവതിയുവാക്കൾ സ്വകാര്യതയും ലൈംഗികതയും തുറന്നുകാട്ടുന്നു. അവ ഉദ്ഘോഷിക്കപ്പെടുന്നു. ഇനിയും ഒരുതലമുറയ്ക്ക് ഒന്നും ബാക്കിവെയ്ക്കാതെയുള്ള ഈ യാത്ര ആശങ്കാജനകമായ് തുടരുന്നു. ജീർണ്ണമായ ഈ അവസ്ഥയിലും നന്മ വറ്റാത്ത ആതുര സേവനങ്ങളും സന്നദ്ധസംഘടനകളും ഉയർന്നുവരുന്നു എന്നത് ആശ്വാസകരമാണ്. വിദ്യാസമ്പന്നരും നിസ്വാർത്ഥജനസേവന തൽപ്പരരുമായ സ്ഥാനാർത്ഥികൾ എല്ലാ രാഷ്ട്രീയപാർട്ടികൾക്കിടയിലും ഉണ്ട്. ഈ തിരഞ്ഞെടുപ്പ് കാലത്ത് നാം കൈവിട്ടുപോയ നന്മകൾ തിരിച്ചറിയാനും അവയെ തിരഞ്ഞെടുക്കാനും നമുക്ക് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

●

**അറിയിപ്പ്**

**രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.**

**എഡിറ്റർ**

■ വിജ്ഞാനച്ചെപ്പ്

# കേരള പോലീസ്



**ഡോ. ഒ. സി. പ്രമോദ്**
**9446071421**




**വി**ജ്ഞാനച്ചെപ്പിൽ നമ്മുടെ പോലീസ് സേനാ വിഭാഗത്തെപ്പറ്റി പറയാം. ഊണും ഉറക്കവും വെടിഞ്ഞ് ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കുന്ന പോലീസ് സംവിധാനത്തിലെ ഉള്ളുകള്ളികൾ മനസ്സിലാക്കുന്നത് നല്ലതാണ്. പോലീസ് (POLICE) എന്ന ആംഗലേയ പദം 6 വിവിധ പദങ്ങൾ ലോപിച്ച് (acronym) ഉണ്ടായതാണെന്ന് വിശ്വസിക്കപ്പെടുന്നു. പോലീസ് എന്ന പേര് പോലും പേടിസ്വപ്നമായിരുന്ന കാലത്ത് വിനയത്തോടും (Politeness), അനുസരണയോടും (Obedient), വിശ്വസ്തനായും (Loyal), സമർത്ഥനായും (Intelligent), ധൈര്യശാലിയായും (Courageous), പരിശ്രമിയും (Effecient) ആയ ഇത്തരക്കാർ, പലപ്പോഴും വിപരീത സ്വഭാവം പുലർത്തിയിരുന്നവരായിരുന്നു എന്നത് ഒരു പരമാർത്ഥമാണ്. അതുകൊണ്ടുതന്നെ മനുഷ്യപ്പറ്റില്ലാത്ത ഇത്തരക്കാരെ നാട്ടുകാർക്ക് ഭയമായിരുന്നു. ഇവരുടെ തലവെട്ടം കണ്ടാൽ രക്ഷപ്പെടാനുള്ള വ്യഗ്രതയായിരുന്നു സാധാരണക്കാരായ പലർക്കും. ജീവിക്കാനുള്ള (വയറ്റുപ്പിഴപ്പിന്) ഉപാധി എന്ന നിലയിലാണ് പലരും ഈ സർവ്വീസിൽ എത്തപ്പെട്ടത്. മറ്റുള്ളവരെ വിരട്ടിയും പേടിപ്പിച്ചും കൈക്കൂലി വാങ്ങിയും തെറി അഭിഷേകം നടത്തിയും കഴിഞ്ഞതുകൊണ്ട്, പിന്നീട് മറ്റ് തൊഴിലിൽ ശോഭിക്കാൻ പറ്റില്ല എന്ന ഉത്തമ ബോധ്യത്താൽ പോലീസ് സർവ്വീസിൽ തന്നെ നിലയുറപ്പിച്ചവരായിരുന്നു മിക്കവരും. ഉള്ളുകള്ളികൾ തിരിച്ചറിഞ്ഞ് ഉദ്യോഗം വലിച്ചെറിഞ്ഞ് മറ്റ് തൊഴിലിൽ ചേക്കേറിയവരും ചില്ലറ അല്ലായിരുന്നു. ഇതൊക്കെ പഴയ കാല പോലീസ് ചരിത്രം.


പണ്ട് കാലത്ത് ഏത് ഇന്ത്യൻ സർക്കാർ സർവ്വീസും വലിയ ആകർഷണമായിരുന്നില്ല. വിരലിലെണ്ണാവുന്ന ഉന്നത ഉദ്യോഗസ്ഥർക്കൊഴികെ, ബാക്കിയുള്ളവർക്ക് കഞ്ഞി കുടിച്ച് പോകാം എന്നല്ലാതെ സാമ്പത്തികമായി വലിയ മെച്ചം ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് അക്കാലത്ത് പലരും സർക്കാർ ജോലി കിട്ടിയിട്ടും അത് ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലയിലേക്ക് കടന്നത്. വ്യാപാരികൾക്കും കൃഷിക്കാർക്കും ഒക്കെ സർക്കാർ ജീവനക്കാരേക്കാൾ മെച്ചമുണ്ടായിരുന്ന കാലമായിരുന്നു അത്. പണ്ട് കാലത്ത് സർവ്വീസിൽ കയറിയ ഒരു പോലീസുകാരന് 365 ദിവസവും ജോലിക്ക് ഹാജരാകണമായിരുന്നു. സ്വന്തം വിവാഹത്തിനും സ്വന്തം മാതാപിതാക്കളുടെ ശവദാഹത്തിനും മാത്രം ലീവ് കൊടുത്തിരുന്ന കാലം. പകൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളിനെക്കൊണ്ട് തുടർച്ചയായി രാത്രിയിലും (രാവും പകലും) ജോലി ചെയ്യിച്ചിരുന്ന കാലം. റിട്ടയർ ചെയ്യുന്നതുവരെ അവധി ഇല്ലാതെ ജോലി ചെയ്യേണ്ട അവസ്ഥ. ഇതിനേക്കാൾ എത്രയോ ഭേദമായിരുന്നു കൃഷിപ്പണിയിൽ ഏർപ്പെടുന്നത്. മണ്ണ് ചതിക്കില്ല എന്ന വിശ്വാസവും അദ്ധ്വാനിച്ചാൽ മണ്ണിൽ പൊന്ന് വിളയും എന്നും സാധാരണക്കാർ വിശ്വസിച്ചുപോന്നു. ഒരു ഗതിയും പരഗതിയും ഇല്ലാത്തവരായിരുന്നു തിരുവിതാംകൂറിൽ 'അഞ്ച് രൂപ പോലീസിൽ' ചേർന്നത്. മാസം അഞ്ചു രൂപയായിരുന്നു രാജഭരണ കാലത്ത് അവരുടെ ശമ്പളം.

കാലം മാറിയതോടെ രീതികളും മാറി. ഇന്ന് സർക്കാർ സർവ്വീസ് ആകർഷണമുള്ളതായി. ക്ലാസ് ഫോർ ജോലിയടക്കം ഏത് ജോലിയും പത്രാസ്സുള്ള ജോലിയാവുക

യും സർക്കാർ ജീവനക്കാർക്ക് അവധികളും ആനുകൂല്യങ്ങളും ലഭിച്ചതോടെ ജനലക്ഷങ്ങൾ എങ്ങനെയെങ്കിലും ഇതിൽ കയറിപ്പറ്റാൻ നെട്ടോട്ടമോടുന്നു. പോലീസ് സർവ്വീസ് എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലും വികസിത രാജ്യങ്ങളിലും POLICE എന്ന വാക്കിലെ ഓരോ അക്ഷരവും അന്വർത്ഥമാക്കുന്നതുപോലെ മാന്യമായ തൊഴിലായിരുന്നു നേരത്തേ തന്നെ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി നമ്മുടെ കേരള പോലീസും അതിന്റെ പാതയിലാണെന്ന് കാണാം. ഇടിയൻ പോലീസുകാരൊക്കെ സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെറുപ്പക്കാരായ പുതുതലമുറ ശാസ്ത്രീയ കുറ്റാന്വേഷണങ്ങൾക്ക് തുടക്കം കുറിക്കുകയും, പല പോലീസ് സ്റ്റേഷനുകളും ജനസൗഹൃദ-മാതൃകാ പോലീസ് സ്റ്റേഷനുകൾ ആവുകയും ചെയ്തതോടെ പോലീസിന്റെ അലകും പിടിയും മാറിയെന്ന് പറയാം. ലോക്കൽ പോലീസിൽ മിക്കയിടത്തും ആവശ്യത്തിന് സേനാംഗങ്ങൾ ഇല്ല എന്നതാണ് അവർ നേരിടുന്ന ഇന്നത്തെ വലിയ പ്രശ്നം. അത് അവിടുത്തെ മാത്രം പ്രശ്നമല്ല മറിച്ച്, കേരളത്തിലെ ഓരോ വകുപ്പും നേരിടുന്ന പ്രധാന പ്രശ്നം ആണിത്. ഉള്ളവരെക്കൊണ്ട്, മാടിനെക്കൊണ്ട് പണിയിപ്പിക്കുന്നതുപോലെ ഉദ്യോഗസ്ഥരുടെ ചാറൂറ്റി പണിയിപ്പിക്കുന്നതിൽ മാറി മാറി വരുന്ന സർക്കാരുകൾ ആനന്ദം കണ്ടെത്തുന്നു എന്ന് തോന്നിപ്പോകും, ഇതൊക്കെ അടുത്തറിയാൻ ശ്രമിച്ചാൽ.

കാക്കിയിട്ടതും തൊപ്പിവെച്ചതുമായ ആളുകളെ കണ്ടാൽ അവർ പോലീസുകാരാണെന്ന് ഏത് പോലീസുകാരനും അറിയാം. (ക്ഷണിക്കണം. വിദ്യാഭ്യാസമില്ലാത്തവർ പോലീസിൽ ഉണ്ടായിരുന്ന കാലത്ത് സാധാരണക്കാർ നടത്തിയിരുന്ന ഒരു പ്രയോഗമാണിത്. ഇന്ന് ഉന്നത ബിരുദധാരികളും എഞ്ചിനിയറിംഗ് - പ്രഫഷണൽ വിദ്യാഭ്യാസം ഉള്ളവരും ഉൾക്കൊള്ളുന്നതാണ് നമ്മുടെ സേന.) യൂണിഫോമിൽ നിൽക്കുന്നവരെ കണ്ടാൽ പോലീസുകാരാണെന്ന് തിരിച്ചറിയാമെങ്കിലും അവരൊക്കെ ഏത് റാങ്കിലുള്ളവരാണെന്ന് പോലീസ് സേനയുടെ പുറത്തുള്ള പലർക്കും അറിഞ്ഞുകൂടാ. പൊതുജനങ്ങളുമായി ബന്ധപ്പെടുന്നതുകൊണ്ട് സർക്കിൾ ഇൻസ്പെക്ടർ സബ്ബ് ഇൻസ്പെക്ടർ, അവരുടെ താഴെയുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ ഉദ്യോഗ ചിഹ്നങ്ങൾ പലർക്കും അറിയാമെങ്കിലും അതിന് മുകളിലേക്കുള്ളവരുടെ തോൾചിഹ്നങ്ങൾ (Insignia) പലർക്കും അറിഞ്ഞുകൂടാ എന്നതാണ് സത്യം. ഐ.പി.എസ്സുകാർ ഉൾപ്പടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾക്ക് പോലും insignia യും ഫ്ളാഗും വെവ്വേറെയാണെന്ന് എത്ര പേർക്കറിയാം ? കേരള പോലീസിലെ വിവിധ റാങ്കുകൾ അവരുടെ insignia/sleev emblem (chevron) - ഇവ ചുവടെ കൊടുക്കുന്നു.

| Name of Rank | Insignia or Chevron | Identification Marks |
|---|---|---|
| 1. Civil Police Officer (CPO) | | 1) പഴയ പോലീസ് കോൺസ്റ്റബിളിന് കുറച്ചുകാലം മുമ്പാണ് സി.പി.ഒ. എന്ന് നാമകരണം നടത്തിയത്.<br>2) ഇവർക്ക് പ്രത്യേക അധികാര ചിഹ്നം ഇല്ല.<br>3) K.P Metal Badge shoulderൽ കാണാം |
| 2. Senior Civil Police Officer (SCPO) |  | 1) Three Chevron on sleev<br>2) K. P. Metal badge on shoulders.<br>3) CPO, SCPO - ന് Black shoe, Black belt, Blue Cap ആണ്. |
| 3. Assistant Sub Inspector (ASI) |  | 1) Five pointed one star (Silver Colour)<br>2) Blue - Red Plastic badge<br>3) K. P. Metal badge<br>4) Brown coloured belt, shoes, കാക്കി തൊപ്പി |
| 4. Sub Inspector (SI) |  | 1) ASI യുടെ സവിശേഷമായ യൂണിഫോമിന്റെ കൂടെ five pointed two silver star. |
| 5. Circle Inspector (CI) |  | 1) പോലീസ് സർവ്വീസിൽ ഗസറ്റഡ് ഓഫീസർമാരിൽ ആദ്യത്തെ ആൾ.<br>2) SIയുടെ Uniform ന്റെ കൂടെ Three Stars.<br>3) KPS Metal Plate (ഇതിന് താഴെയുള്ളവർക്ക് KP Plate ആണ്.) |
| 6. a) Deputy Superintendent of Police (Dy. SP) |  | 1) CIയുടെ എല്ലാ സവിശേഷതയും ഉള്ള യൂണിഫോമും<br>2) Red-Blue Plastic badge DySPയിൽ ഇല്ല എന്നതാണ് സവിശേഷത. |
| 6. b) DySP (Senior Grade) |  | 1) Asoka Stamba and KPS Metal Plate. |
| 7. Assistant Superintendent of Police (ASP) |  | **IPS Officer on probation**<br>1) IPS Metal badge on shoulders and cap. |
| Assistant Superintendent of Police (ASP) |  | **IPS Officer on probation**<br>1) IPS Metal badge on shoulder and cap. |
| Assistant Superintendent of Police (ASP) |  | **IPS Officer on probation**<br>1) IPS Metal badge on shoulder and cap. |

| | | |
|---|---|---|
| 8. Additional Superintendent of Police |  | Asoka Stamba |
| 9. a) Superintendent of Police |  | One Star and Asoka Stamba |
| b) Selection Grade SP |  | Two star and Asoka Stamba |
| DIG of Police (Deputy Inspector General) |  | Three Star and Asoka Stamba |
| 10. IG of Police (Inspector General) |  | Baton & Sword and a star |
| 11. Additional DGP and<br>11. a) DGP |  | Additional DGPയും DGP യും രണ്ട് തസ്തികയാണെങ്കിലും രണ്ടുപേർക്കും ഒരേ insignia ആണ് ഉള്ളത്. Baton & Sword and Asoka Stamba. |

കേരള പോലീസിലേക്ക് പ്രധാനമായും മൂന്ന് തരത്തിലുള്ള തിരഞ്ഞെടുപ്പാണ് ഉള്ളത്. പോലീസ് കോൺസ്റ്റബിൾ (സിവിൽ പോലീസ് ഓഫീസർ) തസ്തികയിലേക്ക് പ്രവേശിക്കാവുന്ന തലവും സബ്ബ് ഇൻസ്പെക്ടർ തലത്തിലുള്ള പ്രവേശനവും ഐ. പി. എസ്.കാരുടെ പ്രവേശനവും ആണിവ (ചില സംസ്ഥാനങ്ങളിൽ Dy.SP തലത്തിലേക്കും റിക്രൂട്ട്മെന്റ് നടത്താറുണ്ട്). സ്പോർട്സ് ക്വാട്ടയിലേക്കുള്ള പ്രവേശനം വേറേ രീതിയിലാണ്. സിവിൽ പോലീസ് ഓഫീസർ (കോൺസ്റ്റബിൾ) ആകാൻ പത്താം തരം വിജയവും (+2 അടിസ്ഥാന യോഗ്യത ആക്കാൻ നീക്കം നടക്കുന്നു) PSC റാങ്ക് ലിസ്റ്റിൽ കയറാനുള്ള പൊതുവിജ്ഞാനവും തക്കതായ ശാരീരിക യോഗ്യതയും വേണ്ടതുണ്ട്. സി. പി. ഒ. ആയ ഒരാൾ പടിപടിയായി ഉയർന്ന് SI Cadre വരെ എത്താറുണ്ട്. പക്ഷെ 30 വർഷത്തെ കാത്തിരിപ്പിന് ഒടുവിലാണ് എസ്. ഐ. റാങ്കിൽ എത്താൻ സാധിക്കുന്നത്. (പണ്ട് കാലത്ത് ASI വരെ എത്തുന്നത് പോലും ഭാഗ്യവാന്മാർക്ക് മാത്രം ഉള്ളതായിരുന്നു.)

ഏതെങ്കിലും സർവ്വകലാശാല ബിരുദവും തക്ക ബുദ്ധിസാമർത്ഥ്യവും ശാരീരിക യോഗ്യതകളും ഉള്ള മിടുക്കന്മാർക്ക് എസ്. ഐ. റാങ്കിലേക്ക് നേരിട്ട് പി. എസ്. സി. പരീക്ഷ വഴി എത്തപ്പെടാവുന്നതാണ്. മുപ്പത് വർഷത്തോളം കാലം ജോലി ചെയ്ത് പ്രമോഷനിലൂടെ എസ്. ഐ. ആയവർക്ക് സർവ്വീസ് അനുഭവം കൂടുമെങ്കിലും നേരിട്ട് എസ്. ഐ. ആയവരുടെ ബുദ്ധിസാമർത്ഥ്യം റിട്ടയർ ആകാറായ ഗ്രേഡ് എസ്. ഐ.ക്ക് ഉണ്ടാവുകയില്ല എന്ന് നാട്ടുകാർ അടക്കം പറയുന്നു. ഗ്രേഡ് എസ്. ഐ.മാർ, എസ്. ഐ.മാരാണെങ്കിലും പോലീസ് സ്റ്റേഷന്റെ ചാർജ്ജ് നേരിട്ട് എസ്. ഐ. ആയവരിലായിരിക്കും. അവരുടെ കീഴിൽ Additional SI ആവാനാണ് മിക്കവരുടേയും യോഗം. ചെറുപ്പക്കാരനായ എസ്. ഐ.യെ ഗ്രേഡ് എസ്. ഐ.ക്ക് ഉള്ളുകൊണ്ട് ഇഷ്ടമല്ലങ്കിലും Station House Officer ആയ SIയെ മറ്റുള്ളവർ അംഗീകരിച്ചേ മതിയാവൂ. (ഈയ്യിടെ SHO പദവി എസ്. ഐ.മാരിൽ നിന്ന് സി. ഐ. മാർക്ക് ഏൽപ്പിച്ച് കൊടുത്തെങ്കിലും അതുണ്ടാക്കുന്ന പൊല്ലാപ്പിൽ നിന്ന് ഇതുവരെ സ്റ്റേഷനുകൾ മോചിതമല്ല.)

Direct Entry SI മാർ 10 വർഷം മുതൽ 15 വർഷം വരെ സേവനം അനുഷ്ഠിച്ചാൽ മാത്രമേ Circle Inspector (CI) തലത്തിലേക്ക് എത്തപ്പെടുകയുള്ളു. പോലീസ് സർവ്വീസിൽ ഗസറ്റഡ് ഓഫീസർമാരുടെ ആരംഭം സി. ഐ. യിലൂടെ ആണ്. സി. ഐ. ആയി ഒരു ദശകത്തോളം (ഒഴിവുകളുടെ എണ്ണം അനുവദിച്ച് വർഷങ്ങൾക്ക് ഏറ്റക്കുറച്ചിൽ വരാം) സേവനം അനുഷ്ഠിക്കുമ്പോൾ അവർ Dy.SP റാങ്കിൽ എത്തപ്പെടും. വളരെ നല്ല സർവ്വീസ് റിക്കാർഡ് ഉള്ള Dy.SP മാർ 8 വർഷം പൂർത്തീകരിച്ചാൽ അവരിൽ നിന്ന് കുറച്ചുപേരെ നമ്മുടെ സർക്കാരിന് IPS ലഭിക്കുന്നതിലേക്ക് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്യാം. അവർ അംഗീകരിച്ച് കഴിഞ്ഞാൽ ഇത്തരം DySP മാർക്ക് confessed IPS ലഭിക്കുന്നതാണ്. ഇത്തരത്തിൽ IPS ലഭിക്കുന്നവർക്ക് Direct IPS കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും സർവ്വീസ് ബാക്കിയുണ്ടെങ്കിൽ അടുത്ത പ്രമോഷനുകൾ ലഭിക്കുന്നതുമായിരിക്കും. പക്ഷെ വൈകി മാത്രം IPS ലഭിക്കുന്ന ഇത്തരക്കാർക്ക് SP റാങ്കിന്റെ മുകളിൽ പോകാൻ പ്രായം അനുവദിക്കാറില്ല.

ഇവിടേയും confessed IPS കാരേക്കാൾ ജനങ്ങൾക്ക് മമത ഉള്ളത് Direct IPS കാരോടാണ്. ഞങ്ങളാണ് കൂടുതൽ ഓണം ഉണ്ടതെന്ന് confessed IPS കാർ അടക്കം പറയുമെങ്കിലും ബുദ്ധിസാമർത്ഥ്യത്തിൽ ഒന്നാമതെത്തിയ IPS കാരോളം വരില്ല മറ്റുള്ളവർ. ഹൈദരബാദിലെ സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പോലീസ് അക്കാദമിയിലെ ശിക്ഷണം കൂടി കിട്ടുന്ന IPS കാർ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ മുമ്പിൽ തന്നെയാണ്. ഏത് ജോലിയിലും ആദ്യത്തെ നാലഞ്ചുവർഷങ്ങൾ പുതിയ കാര്യങ്ങൾ പഠിക്കാനുള്ളതാണ്. ആ സമയത്ത് കീഴുദ്യോഗസ്ഥരേക്കാൾ ചില കാര്യങ്ങളിൽ അവർക്ക് പ്രായോഗിക പരിജ്ഞാനം കുറവായിരിക്കും. പക്ഷെ ഞൊടിയിടയിൽ എല്ലാം പരിഹരിക്കാൻ കഴിയുന്ന മനസ്സുള്ളവരാണ് അവർ.

ചില സംസ്ഥാനങ്ങളിൽ Dy.SP റാങ്കിലേക്ക് നേരിട്ട് പ്രവേശ

നം അനുവദിക്കാറുണ്ട്.  പക്ഷെ നമ്മുടെ നാട്ടിൽ അത് താഴെത്തട്ടിലുള്ളവരുടെ പ്രമോഷൻ സാധ്യതകൾ ഇല്ലാതാക്കുന്ന കാരണത്താൽ അത്തരം സാഹസത്തിന് മുതിർന്നിട്ടില്ല. നമ്മുടെ നാട്ടിൽ Deputy Collector സ്ഥാനത്തേക്ക് ചില ഒറ്റപ്പെട്ട നിയമ നങ്ങൾ നടത്തിയിരുന്നു. പക്ഷെ ഇപ്പോൾ സർവ്വീസ് സംഘടനങ്ങൾ അ തിനെതിരെ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്.

ഉന്നത പോലീസ് ഉദ്യോഗ സ്ഥരുടെ വാഹനത്തിന് പോലും In signia യും പ്രത്യേക ഫ്ളാഗും ഉണ്ടെ ന്ന് പറഞ്ഞല്ലോ. അവ ചുവടെ കൊ ടുക്കുന്നു.

| Rank | Insignia on Vehicle | Flag on Vehicle |
|---|---|---|
| DIG |  Silver coloured star on Blue background |  |
| IG |  Two silver coloured star on blue background |  |
| ADGP & DGP |  Three stars on blue background. |  |

NB: Vehicle insignia ഓഫീസർമാരുടെ വാഹനത്തിന്റെ മുമ്പിലും പിറകിലും പ്രദർശിപ്പിക്കും. എന്നാൽ ഫ്ളാഗ് മുൻവശത്ത് മാത്രമേ കാണുകയുള്ളു.

കേരളത്തിൽ 5 കോർപ്പറേഷനാണ് ഉള്ളത്. ജനസംഖ്യയെ അടിസ്ഥാനമാക്കിയാണ് കോർപ്പറേഷൻ രൂപീകരണം നടക്കുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ എന്നിവയാണിവ. ജനസംഖ്യ കൂടുതലുള്ള ഈ നഗരങ്ങളിൽ ക്രമസമാധാനം പരിപാലിക്കുന്നത് സിറ്റി പോലീസ് കമ്മീഷണറുടെ (CPC) നേതൃത്വത്തിലാണ്. നമ്മുടെ നാട്ടിലെ സാഹചര്യം അനുസരിച്ച് DIG റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനാണ് CPC ആയി വരാറുള്ളത്. മുംബൈ, ബാംഗ്ലൂർ, ഹൈദരബാദ്, കൽക്കട്ട പോലെയുള്ള വൻ നഗരങ്ങളിൽ DGP റാങ്കിലുള്ള ഉദ്യോഗസ്ഥർ തന്നെയാണ് CPC സ്ഥാനം കയ്യാളുന്നത്.

തിരുത്ത്

കഴിഞ്ഞ ലക്കത്തിലെ ഇന്ത്യൻ സൈനിക സേവനങ്ങളും സവിശേഷതകളും - എന്ന പംക്തിയിൽ മിലിറ്ററി ഉദ്യോഗസ്ഥരുടെ Insignia കൈകൊണ്ട് വരച്ചാണ് ഞാൻ നൽകിയത്. അശോക സ്തംഭം ഒക്കെ കൈകൊണ്ട് വരച്ചത് ഭംഗിയായില്ല എന്നതിനാൽ നമ്മുടെ എഡിറ്റർ ഇന്റർനെറ്റിൽ പരതി Insignia copy ചെയ്ത് ഇടുകയാണ് ചെയ്തത്. അപ്പോൾ ശ്രദ്ധിക്കപ്പെടാതെ രണ്ട് തെറ്റുകൾ സംഭവിക്കുകയുണ്ടായി. 'Quarter Master Havildar' - എന്ന സ്ഥാനം ഇന്ന് ഇന്ത്യൻ സേനയിൽ ഇല്ല (മുമ്പ് ഉണ്ടാ യിരുന്നു). കൂടാതെ Havildar Naik, Lance Naik തുടങ്ങിയവർക്ക് Sleev Emblem (Chevron) (അതായത് തോൾ ചിഹ്നം ഇല്ല, മറിച്ച് Half കൈ ഷർട്ടിന്റെ കൈഭാഗത്താണ്) ഉള്ളത്. ഇതൊക്കെ വ്യക്തമായി എഴുതി ക്കൊടുത്തെങ്കിലും എഡിറ്റ് ചെയ്തപ്പോൾ ശ്രദ്ധക്കപ്പെടാതെ പോയതും ഇന്റർനെറ്റിനെ ആശ്രയിച്ചപ്പോൾ സംഭവിച്ച തെറ്റുമാണ്.

■ കവിത



ജലജ പ്രസാദ്
9074676288, 9048447917

# നിറമുള്ള ശബ്ദങ്ങൾ

വല്ലാത്ത കറുപ്പാണ്
ചില ശബ്ദങ്ങൾക്ക്.
കാഴ്ചയെത്തന്നെ മൂടിക്കളയുമത്.
കടും ചെമന്ന നിറത്തിലുമുണ്ട്
ശബ്ദങ്ങൾ
കണ്ണിലത് തീ പോലെ കത്തും.
അച്ചൂടിൽ കരളും വേവും.
വയലറ്റ് ശബ്ദങ്ങൾ
മറ്റെങ്ങും പോകാതെ
നമ്മുടെ കേൾവിയിൽ മാത്രം
വട്ടം ചുറ്റിയങ്ങനെ.
അശരീരി പോലെ
കണ്ണിലൂടെ വേഗമങ്ങ്
പടർന്നുമറയുന്ന
നീല ശബ്ദങ്ങൾ
സൗമ്യമായടങ്ങും.
പച്ചനിറമുള്ള ഒച്ചയ്ക്ക്
നല്ല കുളിരാണ്.
ഇലച്ചാർത്തിലെ മഴത്തുള്ളി
മർമരം പോലെ
സ്വയം നനഞ്ഞ്
മറ്റാരെയും നനയിക്കാതെ
ചുരുക്കം ചില ശബ്ദങ്ങൾക്കേ
വെള്ള നിറമുള്ളു.
കണ്ണിലും കരളിലും കാതിലും
ചിരി തൂകി നിൽക്കും.
കറ പുരളാതെ
കരിയാതെ കരിക്കാതെ.
ചില ശബ്ദങ്ങൾക്ക്
സപ്തവർണ്ണങ്ങളാണ്
പഞ്ചേന്ദ്രിയങ്ങളിലും
ബുദ്ധിയിലും ഹൃദയത്തിലും
ഒരേ സമയം വിരിയുന്ന
അഴകുള്ള ശബ്ദം
അപൂർവമായേ അതു വരൂ
മഴവില്ലുപോലെ
മോഹിപ്പിച്ചങ്ങ് മാഞ്ഞുപോകുമത്.
മതിവരും മുമ്പേ...

# ഓർമ്മകളിൽ ഇനിയും...



ശ്രീജ കോതമംഗലത്ത്
7736145646, 8157925357

**"ടീ**ച്ചറെ ഇന്ന് ദക്ഷയാഗം ആട്ടക്കഥ മൂന്നാം ദിവസമാ. ടീച്ചറുടെ പ്രിയപ്പെട്ട ഭാഗമാണ് ഇന്ന് കളി... വരുന്നോ കാണാൻ..."

ജനലോരത്ത് ചാരുകസേരയിൽ മയങ്ങുകയായിരുന്നു ഞാൻ. രാധയുടെ ആ ചോദ്യംകേട്ടാണ് ഞെട്ടി എഴുന്നേറ്റത്.....

"സന്ധ്യയ്ക്കാണോ ഇങ്ങനെയുറങ്ങുന്നത് ടീച്ചറെ. ഒന്നെണീറ്റു വന്നേന്റെ കൂടെ..." അവൾ ചിണുങ്ങി...

"ഞാനില്ല്യ..കുട്ടീ...നീ പോയി വാ... എന്തോ ഒരു മടി... ഒന്നിനും ഒരു ഉഷാറില്ല.."

ഞാൻ ജനലിനപ്പുറത്തെ ടാറിട്ട റോഡിലേയ്ക്ക് കണ്ണുകൾ നീട്ടി. ആരൊക്കെയോ ആ വഴിയെ ധൃതിയിൽ പോകുന്നുണ്ട്. കഥകളി കാണാനാവും. ഇന്ന് കുറച്ച് കൂടുതലാളുകൾ ഉണ്ടെന്ന് തോന്നുന്നു.

"എന്നാൽ ഞാനിറങ്ങട്ടെ അപ്പുറത്തെ ഉമയെക്കൂട്ടി പോകാം തുണയ്ക്ക്..."

രാധ ഏണിപ്പടികൾ ഇറങ്ങുന്ന ശബ്ദം അകന്നകന്നുപോയപ്പോൾ ഓർമ്മകൾ ഓടിയെത്തി. ഓർമ്മകളിൽ... നിറങ്ങളുടെ പെയ്ത്ത് തുടങ്ങി. നെയ്വിളക്കിന്റെ മണം... പണ്ട് കഥകളി യോഗം ധനുവിലെ തിരുവാതിരനാൾ...

ദക്ഷയാഗം ആട്ടക്കഥ നടന്നുകൊണ്ടിരിക്കുന്നു വേദിയിൽ. പ്രേമപരവശയായ സതീദേവി.

*ഹന്ത ദൈവമേ...*
*ഞാനെന്തുചെയ്വൂ...*
*ഹന്ത ദൈവമേ...*
*അന്തരാർത്തി മമ*
*നൽകിയീവണ്ണം... ബന്ധുരാഗൻ*
*അവനെങ്ങുമറഞ്ഞൂ...*

പരമശിവന്റെ അഭാവത്തിൽ സതീദേവി വിവശയായിരിക്കുന്നു. സമയം പോകുന്നതറിയാതെ ഉണർന്നിരിക്കുന്ന കളിത്തട്ട്. ധനുവിലെ തണുപ്പ് വകവെയ്ക്കാതെ... പെട്രോൾമാക്സിന്റെയും നിലവിളക്കിന്റെയും മാസ്മരിക വെളിച്ചത്തിൽ കളിയിൽ ലയിച്ചങ്ങിനെ ആളുകൾ...

സതീദേവിയുടെ വിയോഗമറിഞ്ഞ് മഹാദേവൻ പരമശിവൻ ദിഗ്ഗന്തങ്ങൾ പിളറുമാറ് അലറി വിളിച്ച്, സംഹാരമൂർത്തിയായി ആയിരം തലയുള്ള വീരഭദ്രനെയും, ഭദ്രകാളിയെയും സൃഷ്ടിക്കുകയും യാഗം അലങ്കോലപ്പെടുത്താനും, ദക്ഷനെ വധിക്കാനുമായി അനുഗ്രഹിച്ച് വിടുകയും ചെയ്യുന്ന രംഗം....

കഥകളിയിലെ മിഴിവിൽ മുഴുകിയിരിക്കുകയായിരുന്നു താൻ... അന്നത്തെ പത്തൊൻപതുകാരി. വീരഭദ്രനായി വേഷമണിഞ്ഞ ആൾ കലിതുള്ളി യാഗശാലയിലേയ്ക്ക് നിലം പിളരുമാറ് ചവിട്ടിക്കുലുക്കിയാണ് ആളുകൾക്കിടയിലൂടെ പ്രവേശിച്ചത്. ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി വന്ന വീരഭദ്രൻ വഴിയിലിരുന്നു സ്റ്റേജിലേയ്ക്ക് മിഴിനട്ടിരുന്ന എന്റെ മുഖത്തോടുചേർത്ത് മുഖം കൊണ്ടുവന്നതും "ഘ്വാ..." എന്നലറി വിളിച്ചതും പെട്ടെന്നായിരുന്നു...!

ഉച്ചത്തിൽ അലറി അതുവഴി പാഞ്ഞുപോയ ആൾ സ്റ്റേജിൽ ചാടിക്കയറി തിരിഞ്ഞ് നോക്കിയത് ആരു കാണാൻ. ഒട്ടും പ്രതീക്ഷിക്കാത്തതായതുകൊണ്ട് ഞെട്ടിത്തരിച്ച് "അയ്യോ..." എന്ന് വലിയവായിൽ കരഞ്ഞുവിളിച്ചുപോയി താൻ. അന്ന് പേടിച്ചതിന് ഒരാഴ്ച പനിപിടിച്ചു കിടന്നു. പനിക്കാരിയെ കാണാൻ വന്നപ്പോൾ കരുണമ്മാമയാണ് പറഞ്ഞത്. വീരഭദ്രനായി വേഷം കെട്ടിയയാൾ മന്ദം സ്ക്കൂളിലെ പുതിയ മാഷാണെന്ന്. നല്ല കഥകളിക്കാരനാണത്രേ...! കഥകളിക്ക് കൈനിറയെ സമ്മാനം വാങ്ങീട്ടുളളയാളാണത്രേ..! അന്നു പേടിപ്പിച്ചയാളുടെ മുഖമൊന്ന് കാണാൻ തോന്നിയെന്നതു സത്യം. പക്ഷെ...അതത്ര പെട്ടെന്ന് നടക്കുമെന്ന് വിചാരിച്ചില്ല.

കുഞ്ഞിമീശക്കാരൻ കഥകളിമാഷ് വീട്ടുകാരുമായി വന്നത് തന്നെ പെണ്ണുകാണാനായിരുന്നു. കൂടെ കരുണമ്മാമയും ഉണ്ടായിരുന്നു. പെണ്ണിനെയും വീട്ടുകാരെയും കണ്ട്... കല്യാണവും ഉറപ്പിച്ച് പോകാനിറങ്ങുമ്പോഴാണ് 'ചെക്കന് പെണ്ണിനോടെന്തോ മിണ്ടണമെന്ന്' പറഞ്ഞുവെന്ന് കരുണമ്മാമ അമ്മയുടെ കാതിൽ പിറുപിറുത്തത്. കാലിലെ പെരുവിരലിൽ നിന്നൊരു തണുപ്പു കേറി. പേടികൊണ്ടാണ്.

കരുണമ്മാമയെ ധിക്കരിക്കാൻ പാടില്ലാലോ. എന്താണിപ്പോൾ മിണ്ടാനുള്ളത് ? വടക്ക്ഭാഗത്തെ ഇറയത്തേയ്ക്കിറങ്ങി കാത്തുനിന്നു. മാനത്ത് മഴമൂട്ടമുണ്ടായിരുന്ന സമയം. തണുത്തകാറ്റിലും വിയർക്കാൻ തുടങ്ങിയപ്പോൾ കുഞ്ഞിമീശക്കാരൻ മാഷ് വന്നു. മുഖത്ത് ചമ്മലുണ്ട്. ഒരു ചിരി വരുത്തി എന്റെയടുത്തെത്തി. ഏറ്റവും അടുത്ത്.

"ഘ്വാ....ഘ്വാ...."

ഞാൻ ഞെട്ടിയെഴുന്നേറ്റു. ബോധം വന്നത് അപ്പോഴാണ്. ചാരുകസേരയിലാണ്, പൂമുഖത്താണ്. ഛെ ! വീണ്ടും മയങ്ങിപ്പോയോ ?

കാവിൽ മേളം കൊട്ടിക്കേറുന്നുണ്ട്..

*'അന്തകാന്തകവൈഭവം ഹൃദി*

*ചിന്തിയാതെ മദാന്ധനായ്.....*
*ഹന്തനിന്ദിത സപ്തതന്തുവിധം തുടർന്നവനാരെടാ...?'*

'ഘ്രോ...' അമ്പലത്തിൽ നിന്നാണലർച്ച. വീരഭദ്രൻ വന്നിരിക്കും സർവ്വരേയും വിറപ്പിക്കാൻ. കാതോർത്തു. വീരഭദ്രന്റെ അലർച്ച ഒന്നുകൂടി കേൾക്കുണ്ടോ...?? എനിക്ക് ചിരിവന്നു.

''മാഷിന്റെ അലർച്ചയുടെയത്രയും വരില്ലാട്ടോ ഇത്...'' കുസൃതിയോടെ വെള്ളതേച്ച ചുമരിലെ ചിത്രത്തിലിരുന്നു കള്ളച്ചിരി ചിരിക്കുന്ന മാഷിനെ നോക്കിപ്പറഞ്ഞപ്പോൾ മാഷിനും അത് രസിച്ചെന്നു തോന്നി.

*ഹന്ത ദൈവമേ...*
*ഞാനെന്തുചെയ്വൂ...*
*ഹന്ത ദൈവമേ...*
*അന്തരാർത്തി മമ നൽകിയീവണ്ണം....*
*ബന്ധുരാഗൻ അവനെങ്ങുമറഞ്ഞൂ...?*

ഈ വരികൾ വീണ്ടും അറിയാതെ ചുണ്ടുകളിൽ...

എങ്ങോട്ടാണ് മറഞ്ഞത്...? എന്തനിഷ്ടമാണ് ഞാൻ ചെയ്തത്... നിറങ്ങൾ പൂത്തിറങ്ങുന്നുണ്ട് ഇന്ന് വീണ്ടും കാവിൽ...

മനസ്സിൽ, കണ്ണുകളിൽ വീണ്ടും നീരനക്കം. മിഴികൾ പൂട്ടി വീണ്ടും ചാരുകസേരയിലേയ്ക്ക് ചാഞ്ഞു.

## കാർട്ടൂൺ

ആശയം : അജയ് ബാലചന്ദ്രൻ
9895659050
വര : വിദ്യാ ചന്ദ്രൻ






## കവിത

# എൻ കിനാവിൻ ഗരുഡൻ

**ശ്രീജ. ആർ, 9496130546**

കാതു തുളയ്ക്കുന്ന
കൂക്കു വിളികേട്ട്
ആകാശത്തിൽ കൂർത്ത
കണ്ണുമായ് ഉറ്റുനോക്കി ഞാൻ.

അറബിക്കഥയിലെ കംബളമോ....
എന്ന് അമ്പരന്നിരിക്കവെ
തിരിച്ചറിഞ്ഞു ഞാനെൻ
കിനാവിൻ ഗരുഡനെ.

ചലനമില്ലാത്ത ചിറക് വിടർത്തി പാറുന്ന
അവൻെറ ചിറകുകൾ മെല്ലെ സ്പർശിക്കാൻ
ആഞ്ഞു വീശുന്ന കാറ്റിൻെറ
കൈകോർത്ത് പറന്നുയരുവാൻ
ഒന്നു കൊതിച്ചുപോയി ഞാൻ.

ബാലിശമായ എൻ കൊഞ്ചൽ
നിഷ്കളങ്കമായ എൻ കെഞ്ചൽ
കീഴ്പ്പെടുത്തിയോ പ്രിയ കാറ്റിനെ....

എന്തൊരു ഭാഗ്യശാലിയാണെന്നൊ ഞാൻ
ഇതാ ഇങ്ങനെ സ്വച്ഛന്ദമായ്, സ്വതന്ത്രമായ്...
എൻ മാനസ ഗരുഡനൊത്ത് പറന്നുയരുവാൻ.

സ്വപ്നം യാഥാർത്ഥ്യങ്ങളാകും തീർത്തും
ആത്മാവിൽ ജ്വലിക്കും തീ നാളത്തെ
കത്തിയടങ്ങിയ ചാരത്തിൽ നിന്നുയരുന്ന
ഗരുഡൻ കണ്ണിമ ചിമ്മാതെ കാക്കും വരെ.

പരിഹസിക്കാൻ പരിചയമുണ്ടോ
ജല കുമിളകളല്ലാ എൻ സ്വപ്നങ്ങൾ
ജലത്തിൻ അഗ്നിയെ തിരിച്ചറിഞ്ഞ
കാവ്യചേതനയാണ് എൻ ഗരുഡൻ.

പിൻതിരിപ്പൻ പാഴ്വാക്കുകളെ നശ്വരമാക്കി,
അനശ്വരമായ സ്വർഗ്ഗത്തെ കീഴടക്കും
ഗഗന സാമ്രാട്ടായഗരുഡന്റെ
സാമ്രാജ്ഞിയാണു ഞാൻ.

ചിന്താവിചാരങ്ങളെ അഗ്നിയിൽ
ഉരുക്കിയുരുക്കി കാരിരുമ്പായ
വാക്കുകളാൽ വാർത്തെടുക്കാൻ
എൻ കിനാവിൻ ഗരുഡൻ സമ്മാനിച്ച
വാളിൻ മൂർച്ചയുള്ള തൂലികയുണ്ടെൻ മുഷ്ടിയിൽ.

കൈവശമാക്കും ഞാൻ കിനാക്കളെ
സജീവമാക്കും ഞാനെൻ പ്രമദവനത്തെ
ചിറക് വിടർത്തി പറന്നുയരുവാൻ
എന്നെന്നും കൂടെയുണ്ട്
എൻ കിനാവിൻ ഗരുഡൻ.

# തേൻമിഠായി



**സുഗുണ സന്തോഷ്**
**9843320445**

മുറ്റത്തെ നിഴലുനോക്കി മുത്തശി നേരം ഗണിച്ചു. "പോസ്റ്റ്മാൻ വന്നില്ലല്ലോ..?? ഉണ്ണി, അത്രേടൊന്ന് പോയി വരോ നീയ്?"

മുത്തശ്ശിടെ ചോദ്യം കേട്ട ഉണ്ണിക്ക് സന്തോഷായി.

"ഓ..ഞാൻ പോവാം മുത്തശ്ശി"

ബോംബേന്ന് ഉണ്ണീടെ അമ്മാമന്റെ കത്തും മണിയോഡറും വരാനുള്ള സമയമായി. അച്ഛനില്ലാത്ത ഉണ്ണീം, ഉണ്ണീടെ അമ്മയും ആ അമ്മാമന്റെ കാരുണ്യത്തിലാണ് കഴിയുന്നത്.

ഉണ്ണി ആരെയോ കാണാനുള്ള തിടുക്കത്തിൽ ഊക്കിൽ നടന്നു.

"അവളുണ്ടാവോ വീട്ടിൽ?" ഉണ്ണി സ്വയം ചോദിച്ചു.

അയലത്തെ സൈക്കിൾ കടക്കാരൻ സുരേട്ടൻ കൊടുത്ത ഒരു ടയറുണ്ട്. അതാണ് ഉണ്ണീടെ വണ്ടി. അതുമോടിച്ച് ഉണ്ണി ഇടവഴിയും, പാലവും കടന്ന് ഉമ്മറത്ത് തെച്ചി നിറയെ പൂത്തു നിൽക്കുന്ന വീടിനടുത്തെത്തി. വണ്ടിയുടെ സ്പീഡ് കുറച്ചു. മുടിയൊന്ന് കോതി ഒതുക്കി. ഷർട്ടും ഒതുക്കി. പിന്നെ ഒരു ചൂളം വിളി.

അവൾ മുന്നിലെത്തി. പേര് മായ. വല്ലാതെ ചിണുങ്ങി വരുന്ന കണ്ടപ്പൊഴേ ഉണ്ണിക്ക് ഒരു പന്തികേട് തോന്നി.

"ഉണ്ണിയേട്ടൻ എങ്ങട്ടാ?" മായ ചോദിച്ചു.

"ദേ..നിന്റെ പല്ലെവിടെ?"

"ദേ...ആ കാക്ക കൊണ്ടു പോയി."

ഉണ്ണി അവളെ കളിയാക്കി ചിരിച്ചു. മായയുടെ കണ്ണുകൾ നിറഞ്ഞു. വള്ളി ട്രൗസറിന്റെ കീശയിൽ കയ്യിട്ട് ഒരോലപന്തെടുത്ത് അവൾക്ക് നൽകി. പരിഭവം മാറിയ മായ തൊണ്ണുകാട്ടി ചിരിച്ചു.

"ശരി, ഞാൻ പോവാട്ടൊ, മുത്തശ്ശി തിരയും" ഉണ്ണി തെല്ല് ഗർവ്വോടെ ടയറു വണ്ടി സ്റ്റാർട്ട് ചെയ്തു. കവലയിലെ പോസ്റ്റോഫീസിലെത്തി. കത്ത് കയ്പറ്റി.

"മണിയോഡർ ഉണ്ടോ...?" ഉണ്ണി ചോദിച്ചു.

"ഇല്ല്യ..വന്നിട്ടില്ല്യ" ഉത്തരം കിട്ടി. ഉണ്ണി അവന്റെ വണ്ടിയോടിച്ച് തിരികെ നടന്നു. പോവുന്ന വഴി മുത്തശ്ശിക്ക് വെറ്റിലയടക്കയും, പിന്നെ തേൻ മിഠായിയും വാങ്ങിച്ചു. മായ ഉണ്ണീയേം കാത്തു വഴിവക്കിൽ നിൽപ്പുണ്ടായിരുന്നു.

"ഇതാ മിഠായി"

മായക്ക് രണ്ട് തേൻ മിഠായി നൽകി ഉണ്ണി യാത്ര പറഞ്ഞു. വീടിന്റെ ഉമ്മറത്തിണ്ണയിൽ മുത്തശ്ശി ഉണ്ണിയെ കാത്തിരിപ്പുണ്ട്

"എന്താ ഇത്ര വൈകിയേ ഉണ്ണ്യേ.."

ഉണ്ണി ഒന്നും മിണ്ടിയില്ല.

"ഇതാ കത്ത്... മണിയോഡർ വന്നിട്ടില്ല്യ മുത്തശ്ശി.."

ഉണ്ണി കയ്യിലിരുന്ന വെറ്റിലയും നൽകി.

"ഇതൊന്ന് വായിക്കൂ ഉണ്ണീ"

ഉണ്ണി എഴുത്തു പൊട്ടിച്ചു വായിച്ചു തുടങ്ങി.

എത്രയും പ്രിയപ്പെട്ട അമ്മക്ക്,

സുഖമെന്ന് കരുതുന്നു. ചേച്ചിയ്ക്കും ഉണ്ണിയ്ക്കും സുഖമല്ലെ? ഞാൻ അടുത്ത ആഴ്ച വരുന്നുണ്ട്. തിരികെ വരുമ്പോൾ ഉണ്ണിയെക്കൂടി കൊണ്ടു പോരാം. അവൻ ഇനി ഇവിടെ നിൽക്കട്ടെ. നല്ല വിദ്യാഭ്യാസവും, പഠനസൗകര്യവും വേണം ഇനി അവന്. നിങ്ങൾ ഇനി അവന്റെ കാര്യത്തിൽ വിഷമിക്കണ്ട.

എന്ന്
മകൻ

ഉണ്ണിയുടെ മുഖം വാടി. കണ്ണുകൾ നിറഞ്ഞു. മുത്തശ്ശിയും, അമ്മയും അവനെ സമാധാനിപ്പിക്കാൻ നന്നെ പാടുപെട്ടു. ബോംബെ നഗരത്തിന്റെ അത്ഭുതങ്ങൾ വർണ്ണിച്ചു.

അമ്മാമനോടൊപ്പം പോവാൻ മനസ് തയ്യാറെടുത്തു. ഉണ്ണി വണ്ടിയുമായി മായയുടെ വീട്ടിലെത്തി ചൂളം വിളിച്ചില്ല. എങ്കിലും മായ പുറത്തു വന്നു.

"ഞാൻ ബോംബെക്ക് പോവാട്ടൊ, ഇടക്ക് ലീവിന് വരാം. എഴുത്ത് എഴുതണം നീ.." മായ ഒന്നും മിണ്ടാതെ നിന്നു.

രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞു. യാത്ര പറയാതെ ഉണ്ണി തിരിഞ്ഞ് നടന്നു. ഉണ്ണി കണ്ണിൽ നിന്ന് മറയുവോളം മായ നോക്കി നിന്നു.

* * * * *


"അതേയ്, നേരെത്രയായിന്ന് അറിയോ ഉണ്ണിയേട്ടന്?"

ചെറു ഞെട്ടലോടെ ഉണ്ണി കണ്ണുകൾ തുറന്നു.

"എന്താ മാഷെ, ഒരു പകൽക്കിനാവ്?"

ചോദ്യം ഭാര്യ മായയുടേതായിരുന്നു. ഒന്നര വയസ്സുകാരൻ മകൻ തന്റെ അടുക്കലേക്ക് കുതിക്കാൻ തയ്യാറായി നിൽക്കുന്നു. നാട്ടിലെ ഒരവധിക്കാലം സമ്മാനിച്ച പകൽ കിനാവോർത്ത് മകനെ ഉണ്ണി നെഞ്ചോട് ചേർത്ത് പുഞ്ചിരിച്ചു...

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## ആദ്യകാഴ്ച

*മെയ്19 തിങ്കൾ*

ഇന്ന് അവളെ ആദ്യമായി കണ്ടു. ആ വീടിന്റെ പൂമുഖത്ത് അവളുടെ വരവും കാത്തിരിക്കുമ്പോൾ ആകാംക്ഷയാൽ എന്റെ ഹൃദയമിടിപ്പ് എനിക്കു തന്നെ കേൾക്കാമായിരുന്നു. അകത്തുനിന്നും നേരെ നടന്നുവന്ന് എന്റെ മുന്നിൽ യാതോരു കൂസലുമില്ലാതെ ഇരുന്ന അവളുടെ തിളക്കമുള്ള കണ്ണുകളിൽ അല്പം പോലും പരിഭ്രമമോ അപരിചിതത്വമോ കണ്ടില്ല. ചുണ്ടുകളിൽ വിരിഞ്ഞ് പതിയേ കവിളുകളിലേക്ക് വളർന്ന് കണ്ണുകളിലേക്ക് പടർന്ന അതിമനോഹരമായ ഒരു ചിരി അവളെനിക്ക് സമ്മാനിച്ചു. സത്യംപറയട്ടെ ആകർഷകമായ ആ ചിരിയിലൂടെ എന്റെ മനസ്സിലും ആ നിമിഷം അവൾ കയറിയിരുന്നു കഴിഞ്ഞു. നാളത്തെ അന്തിമ വിധിക്കായി അവളുടെ ജാതകകുറിപ്പ് ഞാനീ പേജിൽ വെക്കട്ടെ.

*മെയ് 20 ചൊവ്വ*

പാതയോരത്തുള്ള പഴയ ഇരുനില കെട്ടിടത്തിലെ പ്രായമുള്ള ജോത്സ്യന്റെ മുറിയിൽ നിന്ന് അത്യുത്തമത്തിൽ ചേർന്ന ജാതകക്കുറിപ്പുമായി ഇളക്കമുള്ള മരക്കോണിയിറങ്ങുമ്പോൾ എന്തെന്നില്ലാത്ത വിജയഭാവം. വെറ്റിലക്കറ പിടിച്ച പല്ലുകൾ മുഴുവൻ പുറത്തുകാട്ടി പതിവില്ലാത്തവിധം ചിരിച്ചാണ് ജോത്സ്യൻ പറഞ്ഞത്. ഒഴിവാക്കരുത് ഒരു കാരണവശാലും. ഇത്രമേൽ ചേരുന്ന ജാതകങ്ങൾ അത്യപൂർവ്വം. അതിരുകവിഞ്ഞ ആത്മവിശ്വാസത്തോടെ ഞാനവളെ എന്റെ ഹൃദയത്തോട് ചേർത്തുനിർത്തി. എന്നും എവിടേയും മാറ്റി നിർത്തപ്പെടുന്നവന്റെ അപകർഷതാബോധമാണ് ഞാൻ. നിറമുള്ള സ്വപ്നങ്ങൾ നൽകാൻ എനിക്കാവുമോ.

നിറമുള്ള സ്വപ്നങ്ങളിലേക്ക് നമുക്കൊരുമിച്ച് യാത്രചെയ്യാം എന്നറിയിച്ച് അവൾ എന്റെ കൈകൾ ചേർത്തുപിടിക്കുന്നതായി എനിക്ക് തോന്നുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസമായി ഈ മെയ് ഇരുപതിനെ ഞാൻ കുറിച്ചിടുന്നു.

35 വർഷം പഴക്കമുള്ള അയാളുടെ ഡയറിക്കുറിപ്പിലേക്ക് മുഖമമർത്തി അവൾ കിടന്നു. പഴകി നിറം മങ്ങിയ പേജുകളിൽ തെളിയുന്ന നീല നിറമുള്ള മനോഹരമായ അക്ഷരങ്ങളിൽ കണ്ണീരു പടർന്നു. ചുറ്റുമുയരുന്ന ശബ്ദങ്ങൾ ഒന്നും അവൾ അറിഞ്ഞതേയില്ല. എടുക്കുകയാണ് "അമ്മയ്ക്ക് കാണണ്ടേ."

"വേണ്ട..." മുഖമുയർത്തി ഒട്ടും നിയന്ത്രണം വിടാതെ ശബ്ദം ഇടറാതെയാണ് മകന് മറുപടി നൽകിയത്.

അവസാനക്കാഴ്ച സ്വയം നിഷേധിച്ച് നിറം മങ്ങിയ ആ പേജുകളിലേക്ക് വീണ്ടും മുഖമമർത്തുമ്പോൾ അവൾ വേറെ എവിടേയും രേഖപ്പെടുത്താത്ത എന്നാൽ മായ്ച്ചുകളയാനാകാത്തവിധം അവളുടെ ഉള്ളിന്റെയുള്ളിൽ മാത്രം കുറിച്ചിട്ട ആ ആദ്യകാഴ്ച ഒട്ടും നിറം മങ്ങാതെ തെളിഞ്ഞുനിൽപ്പുണ്ടായിരുന്നു...

## ടെസ്റ്റിങ്ങ്

ആ അടുത്തവീട്ടിലെ തള്ളയ്ക്ക് എന്നെ കണ്ണെടുത്താൽ കണ്ടൂട. അവരുടെ വളപ്പിലെ അടക്കയും തേങ്ങയും ഒക്കെ കക്കണത് ഞാനാണ് എന്നാണ് ആ തള്ളടെ വിചാരം. പലരോടും അയമ്മ അതു പറയുകയും, കയ്യിൽ കിട്ടിയാൽ മുട്ടുകാല് തച്ചൊടിക്കണം കള്ളപ്പന്നിടെ എന്നഭിപ്രായപ്പെടുകയും ചെയ്തതൊക്കെ ഞാനറിഞ്ഞിട്ടുണ്ട്. അതോണ്ട് ഞാനിപ്പൊ ആ വഴിക്ക് പോവാറില്ല. കഴിഞ്ഞ ഒരുമാസമായി തള്ള കിടപ്പിലാണെന്നറിഞ്ഞു. ഞാൻ തിരിഞ്ഞു നോക്കാൻ പോയില്ല. നമ്മളെന്തിനാ വെറുതെ, നമ്മൾക്കെന്തു കാര്യമുണ്ട്.

ഇന്നലെ ഞാൻ അങ്ങാടീന്ന് വരുമ്പൊ തള്ളടെ മൂത്ത മകൻ റിട്ടേർഡ് മിൽട്ട്രി ശിവശങ്കരൻ വീടിന്റെ പടിക്കൽ നിൽക്കുന്നു. കണ്ടപ്പോൾ പതിവിൽ കവിഞ്ഞ ലോഹ്യം. അമ്മയുടെ അസുഖത്തെ കുറിച്ചൊക്കെ സംസാരിച്ച് സംസാരിച്ച് വാ അമ്മയെ കാണാം എന്നും പറഞ്ഞ് വീട്ടിലേക്ക് വിളിച്ചു. വിളിച്ചതല്ലേ അലോഹ്യം കാണിക്കുന്നതെങ്ങനെ. ഞാൻ ചെന്നു. അമ്മയ്ക്ക് നല്ല ഓർമ്മക്കുറവുണ്ടെന്നും തീരെ വയ്യ എന്നും പറഞ്ഞപ്പോൾ ഞാൻ മനസ്സിൽ കരുതി അങ്ങനെ തന്നെ വേണം. വീട്ടിലേക്ക് കയറിയതും സ്നേഹത്തോടെ അകത്തേക്കു വിളിച്ചു "വരൂ." അകത്തെ മുറിയിൽ അവർ കിടക്കുന്നതിനടുത്തു കൊണ്ടുപോയി നിർത്തി ശിവശങ്കരൻ വിളിച്ചു. "അമ്മേ നോക്കൂ ഇതാരാ വന്നത് എന്നു നോക്കൂ അമ്മയെ കാണാൻ മാനുട്ടൻ വന്നിരിക്കുന്നു."

ഇത്രയുമായപ്പോൾ എനിക്കും പാവം തോന്നി. ഞാൻ ഒന്നുകൂടി മുന്നോട്ടു കയറി നിന്നു. നേരെ കണ്ടോട്ടെ എന്ന മട്ടിൽ. തള്ള എന്നെ തന്നെ കുറേനേരം നോക്കി പിന്നെ നിറഞ്ഞ സന്തോഷത്തോടെ നന്നായൊന്നു ചിരിച്ചു. മുഖം നിറഞ്ഞ ചിരി. അതോടെ നിരാശനായ ശിവശങ്കരന്റെ ശബ്ദമുയർന്നു.

"രക്ഷയില്ല യാതോരു രക്ഷയുമില്ല ഒട്ടും ഉള്ളോർമ്മയില്ല അല്ലെങ്കിലൊന്നും അന്നെ കണ്ടാ ചിരിക്കില്ല മാനുട്ടാ ചിരിക്കില്ല..."

കത്തുകളയക്കേണ്ട വിലാസം :
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

# എച്ചിൽ



പ്രീത സുധീർ
7502951100

**എ**ച്ചിൽകൂനക്കരികെ കാവലായി പെൺപട്ടിയുണ്ട്. ഇരുളിന്റെ വിജനതയിൽ എവിടെയോ അറിയാതെ മുള പൊട്ടിയ മനുഷ്യജന്മം. ജീവനുള്ള മാംസപിണ്ഡമായി തെരുവിൽ അവതരിച്ചു. അതൊരു പെൺകുഞ്ഞ് ആയിരുന്നു. രക്ത ബന്ധത്തിനു എച്ചിലായവൾ. കാക്കകളെയും, ഈച്ചകളെയും ആട്ടി അകറ്റി പട്ടി കാവൽ ഇരുന്നു. കുഞ്ഞു കരയുന്നില്ല. ജീവനുണ്ട്. വരണ്ട ചുണ്ടുകൾ മുലപ്പാൽ തേടി. കർമ്മഫലം കയ്പ് നീരായി ചുണ്ടിൽ ഒലിച്ചിറങ്ങി.

രക്തബന്ധത്തിന്റെ നോവ് പൊക്കിൾകൊടിയിൽ കിനിഞ്ഞിറങ്ങുന്നു. മെയ്യിൽ വഴുവഴുപ്പ്. അമ്മയുടെ നനവ്. അമ്മയുടെ മാറു പിളർന്നാണ് വന്നത്. അറിയാത്ത അച്ഛന്റെ നെഞ്ചിലാണ് ചവിട്ടാൻ തോന്നിയത്. വിഷവാക്കുകൾ കേട്ടു, വിഷത്തെ ഭുജിച്ചാണ് വളർന്നത്. വിഷം അഗ്നിയായി മാറിയിരിക്കുന്നു. കരയില്ല, വിശന്നാലും തളർന്നാലും. യമദൂതൻ എച്ചിൽകൂനക്കടുത്തുണ്ട്, കാത്തിരിപ്പാണ്. മരണത്തിനും ജീവനും ഇടയിലെ നേർത്ത നൂൽപ്പാലം. പട്ടി കരുതലോടെ ഇരുന്നു. കുഞ്ഞിന്റെ വരണ്ട ചുണ്ടുകൾ പട്ടിയെ നോവിച്ചു. അറിയാതെ പാൽ ചുരന്നു. പട്ടിപ്പാൽ ആണ്. കുഞ്ഞിന്റെ ചുണ്ടിൽ പാൽ ഇറ്റു വീണു. കയ്പോ മധുരമോ അറിഞ്ഞില്ല, നുണഞ്ഞിറക്കി. പട്ടിപാൽ ആണ് കുടിച്ചത്. രക്തത്തിൽ നന്ദി കലരും. മനുഷ്യന് ഇല്ലാത്ത എന്തോ ഒന്ന്. പ്രാണൻ കിട്ടി.

അമ്മയിപ്പോൾ പിടയുന്നുണ്ടാവും. മുലപ്പാലിന്റെ പിടച്ചിൽ. ചുരക്കുന്ന മുലപ്പാൽ അഗ്നിപോലെ പൊള്ളിക്കുന്നുണ്ടാകും. കുഞ്ഞിന്റെ ശാപം. അമ്മ അഗ്നിയിൽ വെന്തുരുകും. ദൂതൻ കാത്തിരിപ്പാണ്. അടുത്തത് മഴ... കലി പിടിച്ച മഴ.

പട്ടി കുഞ്ഞിനെ തുണിയോടെ കടിച്ചുപിടിച്ചു ചേമ്പിൻ താളിനു താഴെ കിടത്തി. നനയാതിരിക്കാൻ കരുതലോടെ ഇരുന്നു. എച്ചിൽകൂനയിൽ നിന്നു ഒരു എലി പുറത്തു വന്ന് പിടഞ്ഞു പിടഞ്ഞു മരിച്ചു. മനുഷ്യൻ കഴിച്ച ഭക്ഷണത്തിന്റെ ബാക്കി എന്തോ കഴിച്ചതാണ്. എലി മരിച്ചു. മനുഷ്യൻ മരിച്ചിരിക്കുമോ? സാധ്യത ഇല്ല. വിഷം കഴിച്ചാലും ചാവില്ല. വിഷം കഴിച്ചു വിഷമായി മാറികൊണ്ടിരിക്കയാണ്. വിഷം നിറഞ്ഞു വിഷം ചീറ്റും. ദൂതനു സമാധാനം ആയി. നിന്നു കാൽ കഴച്ചു. ഇനി പോകാം. പോകുന്നതിനു മുൻപ് കുഞ്ഞിനെ നോക്കി. അനുവാദം ഇല്ലാത്തതാണ്. എന്നാലും അനുഗ്രഹിച്ചു. ദീർഘായുസ്സാവട്ടെ. എലിയെ ദഹിപ്പിക്കണോ. അതോ കുഴിച്ചിടണോ. അറിയില്ല. ഉദകക്രിയ ചെയ്യണ്ടേ. ആരു ചെയ്യും.? അതു മനുഷ്യനു മാത്രം മതിയോ. അപ്പോൾ എലിയുടെ ആത്മാവ്?

അങ്ങനെയെങ്കിൽ ഈ ലോകത്തെ പ്രാണികളുടെയും, മൃഗങ്ങളുടെയെല്ലാം ആത്മാക്കൾ... അവർക്കു മോക്ഷം കിട്ടാൻ ക്രിയകളുടെ ആവശ്യം ഇല്ല. അവർ തെറ്റ് ചെയ്യുന്നില്ല. അവർ സ്വന്തം ജീവിതം ജീവിച്ചു തീർക്കുന്നു. മോക്ഷം വേണ്ടതു മനുഷ്യനാണ്. കാരണം തെറ്റു ചെയ്യുന്നത് മനുഷ്യൻ മാത്രമാണ്. മോക്ഷം കിട്ടാനും പ്രയാസം, ജീവിച്ചാലും മരിച്ചാലും.

മനുഷ്യൻ ശ്രേഷ്ഠനാണ്. അതു മനസ്സിലായി. അതുകൊണ്ടാണ് തെരുവിൽ കിടക്കേണ്ടി വന്നത്. മഴ മാറി. പട്ടി ചേർന്ന് കിടന്നു. കുഞ്ഞു വിചാരിച്ചു കാണും, ഇതാണ് അമ്മ. അമ്മയുടെ ചൂട്, അമ്മയുടെ സ്നേഹം. കുഞ്ഞു ഉറങ്ങി സുഖമായി.

എപ്പോഴോ ഒരു വളയിട്ട കൈകൾ വന്നു. ദൈവത്തിന്റെ കൈകൾ. കുഞ്ഞിനെ വാരിയെടുത്തു. പട്ടി കരുതലോടെ നിന്നു. വളർത്താൻ ആണ്. കൊല്ലാൻ അല്ല. മനസ്സിലായപ്പോൾ മാറി നിന്നു. പട്ടിക്കു സ്നേഹം തിരിച്ചറിയാം. പോയ ജന്മത്തിൽ നൽകിയ ഒരു ഉരുള ചോറിന്റെ നന്ദി ആയിരിക്കാം പട്ടി കാവൽ ആയി മാറിയത്. നന്ദി. പട്ടി ആശ്വാസത്തോടെ നനഞ്ഞ മണ്ണിൽ ചുരുണ്ടു കൂടി കിടന്നു. അടുത്ത കുഞ്ഞിനെ കാത്ത്... ●

■ കവിത

## ദൈവം പ്രാർത്ഥിക്കുന്നത്

ബിന്ദു പി. എസ്., 9496174088

പൂജാദ്രവ്യങ്ങളുമായി ഭക്തർ
ശ്രീകോവിലിനു മുന്നിൽ
തൊഴുതുനിന്നു
ദൈവമാവട്ടെ അപ്പോൾ
സ്വന്തം പാരതന്ത്ര്യത്തെ
പഴിച്ചുകൊണ്ട്
മൂകമായങ്ങനെ...
ഭക്തരുടെ തേങ്ങലുകൾക്കും
പരിദേവനങ്ങൾക്കുമൊന്നും
ആത്മപരിശോധനയിലാണ്ട
അവിടുത്തെ മനസ്സിലേക്ക്
എത്താനായില്ല.
ക്ഷേത്രത്തിനുള്ളിൽ
പൂജാരി സർവ്വസ്വതന്ത്രനാണെന്ന്
ദൈവം വേദനയോടെ ഓർക്കുന്നു.
പൂജാരിയുടെ പ്രവൃത്തികളിൽ
ദൈവം അതൃപ്തനാവുന്നു.
പൂജാരിയുടെ പങ്കുവയ്ക്കലുകളിൽ
മനസ്സിനെ നീറാൻ വിട്ട് ദൈവം
കോപത്തിന്റെ തൃക്കണ്ണ്
തുറക്കുന്നത്
ഭക്തമാനസങ്ങൾക്കു നേരെയാണ്.
നിലവിളിയോളമെത്തുന്ന
തങ്ങളുടെ പ്രാർത്ഥനകളെ
സ്ഥിരമായി അവഗണിക്കുന്ന
ദൈവത്തിനെ
വീണ്ടും വീണ്ടും പഴി
പറഞ്ഞുകൊണ്ട്
ഭക്തർ ഒരു നിലവിളിയായി
മാറുന്നു.

# ഒരു വിനോദയാത്രയുടെ അന്ത്യം



**മനോഹരി സി. ബി**
**9400681668**

**രാ**ത്രി ഭക്ഷണത്തിനുശേഷം എല്ലാവരും ഉറങ്ങാൻ തുടങ്ങിയിരുന്നു. ഞാൻ അടുക്കള ജോലികളെല്ലാം തീർത്തശേഷം അടുത്ത ദിവസം പോകാനുള്ള ടൂറിനുവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഒറ്റ ദിവസത്തെ പരിപാടിയാണെങ്കിലും അത്യാവശ്യം വേണ്ട ചില തയ്യാറെടുപ്പുകൾ നടത്തുന്നതിനിടയിലാണ് മൊബൈൽ റിങ് ചെയ്തത്. എന്റെ കൂട്ടുകാരി ആശയായിരുന്നു. സാധാരണയായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോഴാണ് അവൾ വിളിക്കാറുള്ളത്. ഞാനും അങ്ങനെത്തന്നെ. പരസ്പരം പറഞ്ഞുതീർന്നാലുള്ള ആശ്വാസം വളരെ വലുതാണ്. സംസാരത്തിനിടെ അവൾ പറഞ്ഞു, മകളുടെ വിവാഹം ഏകദേശം തീരുമാനമായിരിക്കുന്നു. പക്ഷേ പഠനം കഴിഞ്ഞുമതി വിവാഹം എന്ന ഉറച്ച് വാശിയിലാണ് അവൾ. നല്ല ബന്ധമായതിനാൽ ഇപ്പോൾത്തന്നെ നടത്തണം എന്ന തീരുമാനത്തിലാണ് ഭർത്താവ്. രണ്ടുപേരും ഒരുപോലെ വാശിയിൽ നിന്നാൽ ഞാനെന്തു ചെയ്യും? വിവാഹം കഴിഞ്ഞു പഠിക്കാനാണെങ്കിൽ അവൾക്ക് താൽപര്യവുമില്ല.

ഒരാൾക്ക് പഠിക്കണം എന്നുപറയുന്നത് ന്യായമായ ഒരാവശ്യമാണല്ലോ. അതുകൊണ്ട് അല്പം കൂടി ക്ഷമിച്ചുകൂടേ. നീ ഭർത്താവുമായി ഒന്നുകൂടി സംസാരിച്ചുനോക്കു. കുട്ടികളുടെ ന്യായമായ ആവശ്യങ്ങൾ നാം വകവെച്ചുകൊടുക്കണമല്ലോ. ഇത്തരത്തിൽ ഞാനവളെ സമാധാനിപ്പിച്ചു. ടൂർ ഒരുക്കങ്ങൾ വീണ്ടും തുടർന്നു. പാരസെറ്റമോളും വിക്സ് വേപ്പൊറബ്ബും എന്റെ ബാഗിൽ ഇടം പിടിച്ചു.

അതിരാവിലെത്തന്നെ ഞങ്ങൾ ടൂർ ആരംഭിച്ചു. ബസ്സിൽ ആവേശത്തിന്റെ ബഹളം തിരതല്ലി. ഞങ്ങൾ തുമ്പൂർമുഴി ശലഭോദ്യാനം സന്ദർശിച്ച് അവിടുത്തെ തൂക്കുപാലത്തിലൂടേയും മറ്റും നടന്ന് നിരവധി ഫോട്ടോകൾ എടുത്തു. എന്റെ കൂട്ടത്തിൽ പലരും കൊച്ചുകുട്ടികൾക്കുള്ള വിനോദോപകരണങ്ങളിൽ കയറി സ്വന്തം ബാല്യത്തിലേക്ക് തിരിച്ചുപോയി. അവിടെ അധികസമയം ചിലവഴിക്കാതെ അടുത്ത തീരം തേടി ഞങ്ങൾ യാത്ര തുടങ്ങി. നേരേ അതിരപ്പിള്ളിയിലേക്കുള്ള യാത്ര. ബസ്സിനകത്ത് പലരും ടൂറിനെപ്പറ്റി മൈക്കിലൂടെ ഘോരഘോരം സംസാരിച്ചു. പലരും പാട്ടുപാടി, ചിലർ നൃത്തം വെച്ചു 'ചളി', 'ചളു' എന്നീ വാക്കുകൾ ചിലർ ബസ്സിൽ പരിചയപ്പെടുത്തി.

ബസ്സ് ചെന്നുനിന്നിടത്തുനിന്നും അല്പം നടന്നാൽ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മുകൾ ഭാഗത്തെത്താം. ഒരുവശത്തുകൂടിയുള്ള ചെങ്കുത്തായ പ്രാകൃതവഴിയിലൂടെ നടന്നിറങ്ങിയാൽ വെള്ളച്ചാട്ടത്തിനടിഭാഗത്തെത്താം. എന്നാൽ അതല്പം ദുഷ്കരമായിരുന്നു. ഇതിനുമുൻപ് രണ്ടുപ്രാവശ്യം വന്നിട്ടും ഞാനങ്ങോട്ട് പോയിട്ടില്ല. എന്നാൽ ഇപ്രാവശ്യം ധൈര്യമായി ഇറങ്ങാൻ തന്നെ തീരുമാനിച്ചു. ഇറക്കം തന്നെ വളരെ ദുഷ്കരമായിരുന്നതിനാൽ ഇറങ്ങുമ്പോൾ തന്നെ കയറുന്നതിനെക്കുറിച്ചായിരുന്നു ചിന്ത. താഴെ വെള്ളച്ചാട്ടത്തിനുസമീപം ചെന്നപ്പോൾ തോന്നി ഇവിടേക്ക് വന്നിരുന്നില്ലെങ്കിൽ കനത്ത നഷ്ടമായേനേ എന്ന്. ഉയരത്തിലുള്ള പാറക്കെട്ടിൽ നിന്നും മൂന്നുവഴിയായി താഴേക്ക് പതിക്കുന്ന വെള്ളച്ചാട്ടം എത്ര കണ്ടാലും മതിവരില്ല. ഉയരത്തുനിന്നും പാറയിലൂടെ ഒഴുകി താഴെ എത്തുന്നതിനുമുമ്പായി മറ്റു പാറകളിൽ തട്ടിത്തെറിച്ച് വെളുത്ത പുക പോലെ തൂളിത്തെറിച്ച് താഴേക്കൊഴുകുന്നു. അതിനടുത്തേക്കുപോകാൻ സന്ദർശകർക്ക് അനുവാദമില്ല. അപകടം ഒഴിവാക്കാനായി കയറുകൾ കെട്ടി പരിധി നിശ്ചയിച്ചിരിക്കുന്നു. അവിടെ കുന്നുകൂടിക്കിടക്കുന്ന പാറക്കെട്ടുകളിലൂടെ കയറിയിറങ്ങി ഞങ്ങളെല്ലാവരും പരമാവധി അടുത്തുവരെ എത്തി. ഞങ്ങൾ പാറകളിൽ കയറിയിരുന്ന് ആ സൗന്ദര്യം നിർന്നിമേഷം നോക്കി ആസ്വദിച്ചു. വെള്ളം പാറകളിൽ തട്ടിത്തെറിച്ച് ഞങ്ങളുടെ ദേഹത്തേക്ക് അതിന്റെ തൂളലുകൾ പതിച്ചു. സുഖകരമായ അനുഭവം. പലരും ആവേശത്താൽ കയർ വേലി പൊക്കിപ്പിടിച്ച് അപ്പുറത്തേക്ക് കടന്നു. കാവൽക്കാരൻ പറഞ്ഞതൊന്നും അവർ ശ്രദ്ധിച്ചില്ല. അവരുടെ ദൃഷ്ടികൾ നിർബാധം പതിക്കുന്ന ആ ജലധാരകളിൽ മാത്രമായിരുന്നു.

ഞങ്ങൾ പതിയെ കയറ്റങ്ങൾ കയറി തിരിച്ചുപോരാൻ തുടങ്ങി. പലരും ഒതുക്കുകൾ ഓടിക്കയറി. എന്നാൽ ഞാനടക്കം കുറച്ചുപേർ നന്നേ ബുദ്ധിമുട്ടി. പലയിടത്തും ഇരുന്നശേഷമാണ് കിതച്ചുകൊണ്ട് ഞാൻ മുകളിലെത്തിയത്. മുകളിൽ വെള്ളച്ചാട്ടത്തിലേക്കുപോകുന്ന വെള്ളം വലിയ പുഴ പോലെ പരന്നൊഴുകുകയാണ്. വെള്ളച്ചാട്ടം തുടങ്ങുന്ന സ്ഥലത്ത് വലിയ ഒഴുക്കാണ്. അവിടേയും വേലികെട്ടി സന്ദർശകരെ നിയന്ത്രിച്ചിരുന്നു. എന്നാൽ അതിന് മുൻപുള്ള ഭാഗത്ത് പുഴയിൽ വലിയ താഴ്ചയോ ഒഴുക്കോ ഉണ്ടായിരുന്നില്ല. കുളിച്ചുല്ലസിക്കാൻ പറ്റിയ സ്ഥലം.

ഞങ്ങളുടെ കൂട്ടത്തിലുള്ളവരെല്ലാം വെള്ളത്തിലേക്ക് ഇറങ്ങി നടന്നുപോയി. ആണുങ്ങൾ പരമാവധി അഭ്യാസങ്ങളെല്ലാം അവിടെ കാണിച്ചു. വെള്ളം ചില ചെറിയ പാറക്കെട്ടുകളുടെ മുകളിലൂടെ ഒഴുകി വഴിഞ്ഞ് താഴേക്ക് കുത്തനെ ചാടുന്നുണ്ടായിരുന്നു. പലരും അതിനുതാഴെ പോയിരുന്നു. സ്ത്രീജനങ്ങൾ അവർക്ക് പറ്റുന്നവിധത്തിൽ വെള്ളത്തിൽ മുങ്ങിക്കുളിച്ചുവന്നു. എനിക്ക് പോകാനാഗ്രഹമുണ്ടായിരുന്നെങ്കിലും ശരീരം അനുവദിക്കാത്തതിനാൽ ഞാൻ ഒരു പാറപ്പുറത്തിരുന്ന് വി

ശ്രമിച്ചു. അല്പസമയം തീരത്തോടടുത്ത ഒരു പാറയിലിരുന്ന് കാലുവെള്ളത്തിലോട്ടിട്ട് ഞാൻ ആ തണുപ്പാസ്വദിച്ചു. ആ സമയത്തും ആശയുടെ ഫോൺ വന്നു. "എന്തായെടീ, വല്ല സമവായവും ആയോ?" ഞാൻ ചോദിച്ചു.

"എന്തുപറയാൻ ഇന്ന് ശനിയാഴ്ചയും അവൾ കോളേജിലേക്ക് പോയിട്ടുണ്ട്. ഭർത്താവ് ഇവിടെ ഇല്ലാതിരുന്നതിനാൽ ഒരുവക ചോദ്യോത്തരങ്ങൾ ഇല്ലാതെ പോയി. പഠിത്തമാണ് കല്യാണത്തിന് തടസ്സമെങ്കിൽ ഇപ്പോൾത്തന്നെ അത് നിർത്തും എന്നാണ് അദ്ദേഹം പറയുന്നത്. അപ്പോഴാണ് ശനിയാഴ്ചയിലെ സ്പെഷ്യൽ ക്ലാസ്. യൂണിഫോമിട്ട് ഇറങ്ങിവന്നപ്പോഴാണ് ഞാനും അറിയുന്നത്. ഉച്ചഭക്ഷണവും പാത്രത്തിലാക്കി ഉടനെ പോയി. ഇപ്പോൾ സംസാരം പോലും കുറവാണ്. എനിക്കാകെ ഒരസ്വസ്ഥത. ഭർത്താവും മകളും തമ്മിൽ ഒരു യുദ്ധം നടക്കാൻ പോകുന്ന പോലെ. അതിൽ ആരു ജയിച്ചാലും ഞാനായിരിക്കും തോൽക്കുന്നത്."

ഞാൻ വീണ്ടും സമാധാനിപ്പിച്ചു. എക്സാം അടുക്കാറായല്ലോ. ക്ലാസ്സിൽ പോകരുതെന്ന് പറയുന്നത് ശരിയാണോ ? നീ അദ്ദേഹത്തോട് ഒന്നുകൂടി സംസാരിക്കൂ. എല്ലാം ശരിയാകും. ശനിയാഴ്ചയായതിനാൽ ഞാൻ വീട്ടിൽ കാണും എന്നു കരുതിയാണ് അവൾ വിളിക്കുന്നത്. ടൂറിന്റെ കാര്യം ഞാനവളോട് പറഞ്ഞില്ല. കാരണം അവൾ അതൊന്നും കേൾക്കാനുള്ള മൂഡിലല്ലായിരുന്നു.

കുളിക്കാൻ പോയവർ മനസ്സില്ലാമനസ്സോടെ വെള്ളത്തിൽ നിന്നും കയറിവന്നു. അവർ വസ്ത്രം മാറ്റി യാത്രക്ക് തയ്യാറായി. താഴെ ഇറങ്ങിക്കയറിയ ക്ഷീണമെല്ലാം കഴുകിക്കളഞ്ഞ ഉന്മേഷമായിരുന്നു അവർക്ക്. ഞങ്ങൾ മുൻകൂട്ടി പറഞ്ഞ പ്രകാരം ഹോട്ടലിൽ നിന്നും ഭക്ഷണം കഴിച്ച് വീണ്ടും വണ്ടിയിൽ കയറി. വാഴച്ചാലായിരുന്നു അടുത്ത ലക്ഷ്യം. ബസ്സിലെ മൈക്ക് വീണ്ടും സജീവമായി. ഗാനോൽസവം തുടങ്ങി. ഭക്ഷണം കഴിച്ചതിനാൽ നൃത്ത പരിപാടി ഉണ്ടായിരുന്നില്ല. പാട്ടുകൾ കവിതകളായും പല ഭാഷകളായും പ്രത്യക്ഷപ്പെട്ടു. മൈക്ക് ബസ്സിന്റെ മുൻഭാഗത്ത് നിന്നും പിറകിലെത്തി തിരിച്ച് മുന്നിലേക്ക് യാത്ര ചെയ്തെത്തിയപ്പോഴേക്കും ഞങ്ങൾ വാഴച്ചാലിൽ എത്തിച്ചേർന്നു.

എല്ലാവരും ബസ്സിറങ്ങി നടക്കാൻ തുടങ്ങി. ഒഴുക്കിന്റെ ശബ്ദം കേൾക്കാമായിരുന്നു. അടുത്തെത്തിയപ്പോൾ ശാന്തഭാവത്തിൽ ശക്തമായി ഒഴുകുന്ന ഒരു പുഴ. നിരവധി പാറക്കൂട്ടങ്ങളെ തഴുകി വിശാലമായി അത് ഒഴുകുന്നു. പലയിടത്തും ഒഴുക്കിന് ശക്തിയുണ്ട്. കണ്ടാൽ ആർക്കും ഒന്ന് ഇറങ്ങിനോക്കാൻ തോന്നും. കരയോടടുത്ത ഭാഗത്ത് താഴ്ച വളരെയില്ല. എന്നാൽ ഒന്ന് ചവിട്ടിയാൽ കാൽ തെന്നി ഒഴുക്കിലേക്ക് പതിക്കും. പിന്നെ പിടികിട്ടില്ല. അത്രയും വഴുക്കലാണ് ആ പാറകളിൽ. ശരിക്കും ചതി ഒളിഞ്ഞിരിക്കുന്ന പാറകൾ. നിരവധി ആളുകളുടെ ജീവൻ അപായപ്പെട്ടതിനാൽ അവിടേയും പുഴയുടെ കരയിലൂടെ നീണ്ട സിമന്റ് വേലി നിർമ്മിച്ചിട്ടുണ്ട്. ഞങ്ങൾ വേലിയുടെ കൈവരിയിൽപ്പിടിച്ച് മുന്നോട്ട് നടന്നുനീങ്ങി. പുഴയുടെ വിവിധ ഭാവങ്ങൾ കാണാനായി. തന്നിലേക്ക് അത് മാടിവിളിക്കുന്നതായി തോന്നി. ഒരുപക്ഷെ ആ വേലിയില്ലായിരുന്നെങ്കിൽ ഞാനും അതിനടുത്തേക്ക് നടന്നുപോയേനെ. വല്ലാത്ത ഒരാകർഷണീയത ആ പുഴയൊഴുക്കിനുണ്ടായിരുന്നു. സംരക്ഷണവേലിയുടെ ഒരുഭാഗം പുഴയും മറുഭാഗം ഒഴിഞ്ഞ ഒരുസ്ഥലവുമാണ്. ഇവിടേക്ക് മഴക്കാലത്ത് വെള്ളം നിറഞ്ഞുവരുന്ന പ്രദേശമാണ്. വലുതും ചെറുതുമായ ചില പാറക്കല്ലുകൾ അവിടെ പലയിടത്തും ഉയർന്നുനിൽക്കുന്നു. മരങ്ങളുടെ നിഴലും പുഴയുടെ തണുപ്പും ചേർന്ന് ആ പ്രദേശം ഒരു നിശ്ശബ്ദ താഴ്വര പോലെയായിരുന്നു; പശ്ചാത്തലത്തിൽ പുഴയുടെ കളകളാരവം ഉണ്ടെങ്കിൽ പോലും.

ഞങ്ങൾ കൈവരിയിൽ പിടിച്ച് മുന്നോട്ട് നടന്നുകയറിക്കൊണ്ടിരുന്നു. പെട്ടെന്നാണ് ഒരുദൃശ്യം കണ്ണിൽപ്പെട്ടത്. ഒരു വലിയ പാറപ്പുറത്ത് കമിതാക്കളായ ഒരു ചെറുപ്പക്കാരനും പെൺകുട്ടിയും. അവർ സ്വയം മറന്ന് പരിസരം മറന്ന് ഇരിക്കുകയാണ്. ആരെല്ലാം അതുവഴി വരുന്നു പോകുന്നു എന്നൊന്നും അവർ അറിയുന്നതേയില്ല. അവളുടെ തല അവന്റെ തോൾഭാഗത്തുകൂടി നെഞ്ചിൽ ചേർത്തുവെച്ചിരിക്കുന്നു. അവൻ കഴുത്ത് വളച്ച് തല അവളുടെ കഴുത്തിന് പുറകിലോട്ട് ചേർത്തുവെച്ചിരിക്കുന്നു. അവർക്ക് രണ്ടുപേർക്കുമിടയിൽ ഒട്ടും സ്ഥലം ഇല്ലായിരുന്നു. ഒറ്റക്കല്ലിൽ തീർത്ത പ്രതിമപോലെ അവരിരുന്നു. കൊക്കുരുമ്മുന്ന പക്ഷികളെപ്പോലെ ഒട്ടിച്ചേർന്നിരുന്ന് അവർ ഹൃദയം ഹൃദയത്തോട് സംസാരിക്കുന്ന പോലെ പതിഞ്ഞ സ്വരത്തിൽ ആശയവിനിമയം നടത്തുന്നു. അയാൾ ഒരു കൈകൊണ്ട് അവളെ തഴുകി സമാധാനിപ്പിക്കും പോലെ.

പ്രേമത്തിന്റെ ഉദാത്ത ഭാവത്തെ ഇത്രയും പ്രകടമാക്കുന്ന ഒരു രംഗം സിനിമയിൽ പോലും കണ്ടതായി ഓർമ്മയില്ല. എന്റെ കൂട്ടത്തിലുള്ളവർ അവരെ ഒന്ന് നോക്കുകയും പിന്നീട് പരസ്പരം നോക്കുകയും ചെയ്തു. ഏതോ കവികൾ വർണ്ണിച്ചിട്ടുള്ള പോലെ അതിസുന്ദരമായ ഒരു പ്രേമരംഗം. രണ്ടാമതൊന്നുകൂടി നോക്കാൻ ധൈര്യം വന്നില്ല. കാരണം നിസ്വാർത്ഥമായ സ്നേഹത്തെ സ്വകാര്യമായി അനുഭവിക്കാൻ വേണ്ടപ്പെട്ടവരുടെ ദൃഷ്ടിയിൽ നിന്നും രക്ഷപ്പെട്ട് മൈലുകൾ താണ്ടി വന്നവരാകാം. അവരെ നോക്കി ശല്യപ്പെടുത്തരുതല്ലോ. ഞാൻ നടന്ന് അവരുടെ ഏകദേശം അടുത്തെത്തിയപ്പോൾ ഒന്ന് പാളി നോക്കി. അവളുടെ തലയിൽ ചുറ്റിവെച്ചിരിക്കുന്ന തട്ടത്തിന്നിടയിലൂടെ കാണായ മുഖഭാഗങ്ങളിൽ നിന്നും എനിക്കൊരു കാര്യം വ്യക്തമായി. അത് ആശയുടെ മകൾ ആമിയായിരുന്നു. എനിക്ക് കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി. ഞാൻ മുന്നോട്ടുള്ള യാത്ര മതിയാക്കി. കൈവരിയിൽ മുറുകെപ്പിടിച്ച് പെട്ടെന്ന് തിരിഞ്ഞുനടന്നു ബസ്സിനടുത്തേക്ക്.

# പുലരുമ്പോൾ പറയാം



ഉണ്ണി വിശ്വനാഥ്
9895555393, 9447340590

2015-2016 ആതുര സേവനത്തിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ചതിന് സുമംഗലയ്ക്ക് അവർഡ് പ്രഖ്യാപിച്ചു. അന്നേരം മുതൽ ആശംസ വാക്കുകൾ കേട്ടു മടുത്തു. സുമംഗലക്ക് ഭർത്താവ് രവിയെ ഒന്നു വിളിച്ചു പറയാൻ പോലും കഴിഞ്ഞില്ല. ഒരേ തിരക്കാണ്, മക്കൾ കോളേജിൽ പോയതിനാൽ അറിയാൻ തരമില്ല. രോഗികളെ ശ്രദ്ധിക്കാൻ കഴിയാത്തതിനാൽ ഫോൺ സ്വിച്ച്ഓഫ് ചെയ്തു. ഈ അടുത്ത കാലത്തായി വല്ലാത്ത മറവി പിടികൂടിയിട്ടുണ്ട്. രാവിലെ ക്യാന്റീനിൽ ചായ കുടിച്ചു മടങ്ങവേ സ്റ്റെതസ്കോപ്പ് അവിടെ വെച്ചു പോന്നു. മറവി കൂടിയെന്ന തിരിച്ചറിവിന് അത് ഊന്നൽ നൽകി. അച്ഛന് ഉച്ചക്ക് കഴിക്കാനുള്ള മരുന്ന് എടുത്തുവെച്ചോ ആവോ ? റിസപ്ഷനിൽ വിളിച്ച് വീട്ടിലേക്ക് കണക്റ്റ് ചെയ്തുതരാൻ ആവശ്യപ്പെട്ടു. എൻഗേജ് ആണത്രേ, ഇടവേളകളിലെല്ലാം ശ്രമിച്ചു പരാജയപ്പെട്ടു. രാവിലെ റിസീവർ മാറ്റി വെച്ചോ ആവോ ? തിരക്കോട് തിരക്ക്. മൊബൈൽ സ്വിച്ച്ഓഫ് ആയതിനാൽ ആശംസകൾ നേരാൻ അഭ്യുദയകാംഷികൾ വീട്ടിലേക്ക് വിളിയോട് വിളിയായിരുന്നു. സുദേവൻ മാഷ് ഓരോ കോളും അറ്റന്റു ചെയ്ത് ആശംസകൾ സ്വീകരിച്ച് ഡയറിയിൽ പേരും സമയവും കുറിച്ചുവെച്ചു മകൾ വരുമ്പോൾ അറിയാനായി. കുറച്ചു കാലങ്ങളായി ഇത് പതിവാ, ഓർമ്മ തീരെയില്ല. പ്രായം 85 ആയതിന്റെ ആവും. പത്തുമുപ്പതു കൊല്ലം പിള്ളേരെ പഠിപ്പിക്കാൻ ഓർത്തുവെച്ചതും, ഈ കഴിഞ്ഞകാലങ്ങളിൽ വായിച്ചു കൂട്ടിയ പുസ്തകങ്ങളിലെ ഇഷ്ടങ്ങൾ ഓർത്തുവെച്ചതിനാലും തലയുടെ ഓർമ്മമുറി നിറഞ്ഞു കാണും .

കമ്പ്യൂട്ടർ പോലെ പഴയത് കളഞ്ഞ് പുതിയത് സ്വീകരിക്കാൻ സ്ഥലം കണ്ടെത്താൻ കഴിയില്ലല്ലോ, ഉള്ളത് ഇരിപ്പതു തന്നെ പുതിയതൊട്ടു കൊള്ളത്തുമില്ല. വല്ലാത്ത ക്ഷീണം ഒന്നുകിടക്കാം. മാഷ് മെല്ലെ റൂമിലേക്ക് നടന്നു. തലയണ ഉയർത്തിവെച്ച് ചാരി കിടന്നു. എന്തോ ഉറക്കം വരുന്നില്ല. എഴുന്നേറ്റ് ചുവരിൽ തൂങ്ങിയ പഴയ കാല ചിത്രങ്ങളിലേക്കും, ഓർമ്മകളിലേക്കും മെല്ലെക്കടന്നു. മിക്ക ചിത്രങ്ങളുടേയും നടുവിൽ ഭാനുമതി ചിരിച്ച മുഖവുമായിരിക്കുന്നു.

കമ്പ്യൂട്ടറിൽ പൊടി തട്ടുന്ന ബ്രെഷ് എടുത്ത് എത്തിവലിഞ്ഞ് ഓരോ ഫോട്ടോയിലേയും പൊടി തട്ടി. പിന്നെ ഉറക്കെ കുറച്ചുതവണ തുമ്മി. ഫോട്ടോയിൽ നോക്കി പറഞ്ഞു നീ ചിരിച്ചോ, പണ്ട് കറിക്ക് താളിക്കുമ്പോഴും ഞാൻ തുമ്മിയാൽ അടുക്കളേന്ന് വന്ന് എന്റെ മുന്നിൽ നിന്ന് ചിരിക്കുമായിരുന്നല്ലോ. ഇപ്പോൾ നീ പൊടി തൂളിച്ചാ തുമ്മിച്ചതെന്നു മാത്രം. എന്റെ തുമ്മൽ കാണാൻ നിനക്കത്ര ഇഷ്ടായിരുന്നേൽ പോയപ്പോൾ എന്നെക്കൂടെ കൂട്ടായിരുന്നില്ലേ ? ഓർമ്മകളുടെ നനവ് കണ്ണുകളിൽ പടർന്നതു തുടച്ച് ഉമ്മറത്തേക്കു നടന്നു .

ചെമ്പകം പൂത്തു നിൽക്കുന്നുണ്ട്. അവൾ നട്ടതാ. പന്ത്രണ്ട് കൊല്ലം കൊണ്ട് അത് കൂരയേക്കാൾ ഉയരത്തിലെത്തി. വാച്ചിൽ നോക്കിയപ്പോൾ മണി അഞ്ചു കഴിഞ്ഞിരിക്കുന്നു. മേലു കഴുകി വിളക്കു വെക്കണം. കുട്ട്യോളെത്താറുമായി. മേൽ കഴുകി വന്ന് മുറ്റത്തിറങ്ങി തുളസിയും, ചെമ്പരത്തിയും, നന്ത്യാർവട്ടവുമൊക്കെ നുള്ളി പൂജാമുറിയിൽ കയറാൻ തുടങ്ങുമ്പോൾ കുട്ടികളെത്തി .

വന്നപാടെ ബാഗ് രണ്ടിടത്തായി വലിച്ചെറിഞ്ഞു, ഒരാൾ ദിവാൻ കോട്ടിലും, മറ്റേയാൾ സോഫയിലും ചാടിക്കയറി . റ്റി. വി ഓണാക്കി. റ്റി. വി. ശബ്ദത്തെ അവഗണിച്ചുകൊണ്ട് മാഷ് നാമം ചൊല്ലാൻ തുടങ്ങി. യൂറോപ്യൻ സംഗീതത്തിന്റെയും, താളച്ചുവടുകളുടേയും ശബ്ദത്തിന് അയാളുടെ ശ്രദ്ധതിരിക്കാൻ കഴിഞ്ഞില്ല. എന്നത്തേതിലും കൂടുതൽ നേരം പൂജാമുറിയിൽ കഴിച്ചുകൂട്ടി. പുറത്ത് വന്ന് ക്ലോക്കിൽ നോക്കിയപ്പോൾ സമയം 6.50. അടുക്കളയിൽച്ചെന്ന് രണ്ടു ബിസ്കറ്റും ഒരു കപ്പ് ചുക്കുവെള്ളവും കഴിച്ച് റൂമിലേക്ക് കടന്നു.

കതകു ചാരി വെളിച്ചം കെടുത്തി കിടന്നു, ഉറക്കം വല്ലാതെ കണ്ണുകളെ കീഴ്പ്പെടുത്തുന്നുണ്ട്. മണി പത്തായി സുമംഗല വീടെത്തിയപ്പോൾ. ഹാളിൽ ഒരു പാവം ഇറ്റാലിയൻ ഡാൻസുകാരൻ കാണികളില്ലാതെ ആടിക്കൊണ്ടേയിരിക്കുന്നു. റ്റി. വി.യുടെ നിർത്താതെയുള്ള നിലവിളി അവസാനിപ്പിച്ചു.

ദിവാൻകോട്ടിലും, സോഫയിലും വിരിപ്പുകൾ അലങ്കോലമായിക്കിടക്കുന്നു. എന്തൊക്കെയോ പരിഷ്കൃത ഭക്ഷണങ്ങളുടെ അവിശിഷ്ടങ്ങൾ ടീപ്പോയിലും തറയിലുമായി വാരിവലിച്ചിട്ടിരിക്കുന്നു. പുസ്തകങ്ങളും, പാത്രങ്ങളും വികലാംഗരായവരെപ്പോലെ അവിടവിടെ ഞാത്തും, മടങ്ങിയും കിടക്കുന്നു. കണ്ട കാഴ്ച്ചയിലെ യുദ്ധഭൂമിയെ പഴയ രൂപത്തിലാക്കി. മുറിയിൽ പോയൊരു കുളി പാസാക്കി അടുക്കളയിലെത്തി. വരുമ്പോൾ കൊണ്ടുവന്ന വീട്ടുക്കളക്ക് പരിചയമില്ലാത്ത ഭക്ഷണ സാധനങ്ങൾ മേശമേൽ നിരത്തി.

ചിതറിക്കിടന്ന പാത്രങ്ങളൊക്കെ പെറുക്കി കഴുകിയൊതുക്കി. ദീക്ഷ, ആനന്ദ് ഉറക്കെ വിളിച്ചു. മുകളിലെ രണ്ടു ഡോറുകൾ വ്യത്യസ്ത താളത്തിൽ കരയുന്നതു കേട്ടു. രണ്ടു വശത്തുകൂടി വന്ന് മേശയുടെ രണ്ടു മുക്കിലായി സ്ഥാനം പിടിച്ചു. എടുത്തു കഴിക്കാൻ പറഞ്ഞ് സുമംഗല ഹാളിലെ ഫോണിനടുത്തേക്ക് നീങ്ങി. ഡയറി തുറന്നപ്പോൾ എന്നത്തേയും പോലെ വന്ന കോളുകളും,

പേരും, സമയവും കൃത്യമായിത്തന്നെ എഴുതി വെച്ചിട്ടുണ്ട്. ഓരോരുത്തരെയായി വിളിക്കാൻ തുടങ്ങി. പുറത്ത് കാറിന്റെ ശബ്ദം കേട്ട്, സംസാരിച്ചിരുന്ന വ്യക്തിക്കൊരു, ശുഭരാത്രി നേർന്ന് ഡോറിനടുത്തേക്ക് നടന്നു. ഇന്ന് നേരത്തെയാണല്ലോ ? മണി 11.40. "Congrats Dear", അത്രമാത്രം.

"മേലുകഴുകി വരൂ ഭക്ഷണം വിളമ്പി വെക്കാം."

"ഞാൻ പുറത്തു നിന്നു കഴിച്ചു, താൻ കഴിച്ചോളൂ."

ഇനിയും മൂന്ന് പേരെക്കൂടി വിളിക്കാനുണ്ട്. വിളമ്പേണ്ട സമയം ഫോൺ വിളിക്കുപയോഗിച്ചു. ഡൈനിംഗിലേക്ക് കടന്നു. മേശപ്പുറം ചവറുകൂന പോലെയായി. വീണ്ടും വൃത്തിയാക്കൽ കർമ്മം കഴിഞ്ഞ് കുറച്ച് ആഹാരം കഴിച്ചു. ഭക്ഷണത്തിനു ശേഷമുള്ള പതിവു ഗുളിക വായിൽ നട്ടുനനച്ചു.

എല്ലാമൊന്നൊതുക്കി ലൈറ്റ് ഓഫ് ചെയ്യാൻ തുനിഞ്ഞപ്പോഴാണ് വൃത്തിയോടെ ഗ്ലാസും, പ്ലെയിറ്റും, മരുന്നുകളും അടുക്കിവെച്ച അച്ഛന്റെ മേശ കണ്ടത്. പ്രായമിത്രയുമായിട്ടും അച്ഛനൊരു മാറ്റവുമില്ല. രീതികൾ ചെറുപ്പത്തിൽ താൻ കണ്ടതുപോലെ തന്നെ. അച്ഛനെ ഓർമ്മ വന്നതപ്പോഴാണ്. പെട്ടെന്ന് ലൈറ്റണച്ച് ഹാളിലെത്തി. അവിടെയും വെളിച്ചം കെടുത്തി അച്ഛന്റെ റൂമിലെ കതക് മെല്ലെത്തള്ളി നോക്കി.

അച്ഛൻ ടേബിൾ ലാമ്പിന്റെ വെളിച്ചത്തിൽ എന്തോ എഴുതുകയാണ്. കതക് ചാരി റൂമിലേക്ക് പടിക്കെട്ടു കയറുമ്പോൾ ഓർത്തു, അവാർഡിന്റെ കാര്യം അച്ഛനോടു പറഞ്ഞില്ല. ആശംസ അറിയിക്കാൻ വിളിച്ചവരിലൂടെ അച്ഛൻ അറിഞ്ഞിട്ടുണ്ടാവും, എങ്കിലും ഞാനായിട്ടു പറഞ്ഞില്ലല്ലോ ? അറിഞ്ഞപ്പോൾ തന്നെ ഫോൺ വിളിച്ചു പറയേണ്ടതായിരുന്നു. അതും ചെയ്തില്ല. തിരികെ ഇറങ്ങാൻ കാലുകൾ തുനിഞ്ഞപ്പോൾ മനസ്സു വിലക്കി. അച്ഛൻ എഴുതുകയല്ലേ ശല്യം ചെയ്യണ്ട. പുലരുമ്പോൾ പറയാം. മുറിയിൽ കയറിയപ്പോൾ രവി നല്ല ഉറക്കത്തിലായിരുന്നു. നെഞ്ചിൽ ചാരിവെച്ച പുസ്തകത്തിൽ Save Life എന്ന പുറമെഴുത്തു കണ്ടു.

മേശമേൽ ബോട്ടിലും, ഗ്ലാസും, ഒരു പ്ലേറ്റിൽ നിരാകരിക്കപ്പെട്ട കാഷ്യൂനട്ടും ഇരിപ്പുണ്ട്. അതെല്ലാം ഒന്നൊതുക്കി വെച്ച് ലാപ്പ് തുറന്ന് മെയിലുകൾ ചെക്ക് ചെയ്യ്തു. പിന്നെ ഫെയിസ് ബുക്കിൽ കയറി .

പകലിലെ തിരക്കിനിടയിലും അവാർഡ് വിവരം പോസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. ലൈക്ക് 955 കമന്റ് 400. കമൻറുകൾക്കെല്ലാം നന്ദി പ്രകാശിപ്പിച്ച് ലോഗൗട്ട് ചെയ്തപ്പോൾ മണി 1.40 . കിടക്കാൻ കാത്തിരുന്നപോലെ കണ്ണുകൾ വാതിലടച്ചു കുറ്റിയിട്ടുകഴിഞ്ഞിരുന്നു .

അലാറം അടിക്കുന്ന ശബ്ദം കേട്ടപ്പോൾ അനുവാദമില്ലാതെ തന്നെ കണ്ണുകളെ വലിച്ചു തുറന്നു മണി 5.30. എഴുന്നേറ്റ് ടോയ്‌ലെറ്റിൽ കയറി മടങ്ങി വന്ന് നേരെ അടുക്കളയിലേക്കും. രാവിലത്തെ ഭക്ഷണത്തിനുള്ള പണിയൊക്കെ കഴിഞ്ഞ്, ചായ ഇട്ട് കെട്ടിയോനും, കുട്ടികൾക്കും മുറിയിലെത്തിച്ചു. അച്ഛനിടക്കു കുടിക്കാനായി കട്ടൻ ചായ ഫ്ളാസ്കിൽ പകർന്നുവെച്ചു. ഉച്ചത്തേയ്ക്കു അരി തിളപ്പിച്ച് തെർമ്മൽകുക്കറിൽ ഇറക്കി വെച്ചു. കോവക്ക ഉപ്പേരിയും, രസവും എടുക്കാൻ പാകത്തിനൊരുക്കി വെച്ചു. മണി 6.55.

കുളി കഴിഞ്ഞ് തിരികെ വരുമ്പോഴും അച്ഛൻ എണീറ്റിട്ടില്ല. കുളിക്കാൻ പോകുമ്പോൾ ചുമച്ചു കേട്ടു. കതക് മെല്ലെ തുറന്നു നോക്കി നല്ല ഉറക്കമാ. രാത്രി ഉറക്കമിളച്ചെഴുതിയതെന്തെന്ന് നോക്കാനൊരാകാംഷ. മേശപ്പുറത്തെ പേപ്പർ എടുത്തു വായിച്ചു.

'മോളെ സുമേ ഇന്ന് നിന്റെ പിറന്നാളാ. രാവിലെ അമ്പലത്തിൽ പോകണം, അർച്ചന നടത്തണം, അമ്മയുടെ ആത്മാവിനായി പ്രാർത്ഥിക്കണം, കഴിയുമെങ്കിൽ ഉച്ചക്ക് അച്ഛനോടൊപ്പം ഊണുകഴിക്കാൻ വരണം. എത്ര കാലമായി മോളെ നമ്മളൊരുമിച്ച് ഭക്ഷണം കഴിച്ചിട്ട്. നീയിപ്പോൾ നിന്നെത്തന്നെ മറക്കുന്നു. താൻ ചത്ത് മീൻ പിടിച്ചിട്ടു കാര്യമില്ല. മോളെ കുറച്ചൊക്കെ നിനക്കു വേണ്ടിയും, നിന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി കൂടി സമയം കണ്ടെത്തണം. ഒരു വീട്ടിലാണെങ്കിൽപോലും എന്റെ പൊന്നുമോളെ നേരെ കണ്ടിട്ടു തന്നെ വർഷങ്ങളായതുപോലുണ്ട്. ഉച്ചക്ക് അച്ഛനോടൊത്ത് കഴിക്കാൻ വരാൻ മറക്കല്ലേ മോളേ. ഞാനെണീക്കും മുന്നെ നീ പോയാലോ എന്നു കരുതി എഴുതിവെക്കുന്നതാ. മോൾക്ക് അച്ഛന്റെ പിന്നാൾ ആശംസകൾ.

സന്തോഷവും, അതിലുപരി വിഷമവും അച്ഛന്റെ എഴുത്തിൽ നിന്നാവാഹിച്ച് ഫ്ളാസ്ക്കിൽ നിന്നും കട്ടൻ ചായ ഗ്ലാസിലേക്ക് പകർന്ന് അച്ഛനെ വിളിച്ചു. അച്ഛാ, അച്ഛാ അച്ഛൻ ഉണരുന്നില്ല. ഭയപ്പാടോടെ സുമംഗല നാഡിപിടിച്ചു നോക്കി ചുക്കിച്ചുളിഞ്ഞ ആ തണുത്ത നാഡിമിടിപ്പില്ലാത്ത കൈകൾ അവളുടെ കയ്യിലിരുന്നു പൊള്ളുന്നുണ്ടായിരുന്നപ്പോൾ.

പുലരുമ്പോൾ പറയാൻ മാറ്റി വെച്ചിട്ടിപ്പോൾ പുലരാതെ പോയല്ലോ ദൈവമേ എന്ന നിലവിളിയോടവൾ അച്ഛന്റെ നെഞ്ചിലേക്കൊരു പിഞ്ചുകുഞ്ഞിനെപ്പോലെ അലറി വിളിച്ചു കുഴഞ്ഞുവീണു. •

---

**കവിത**



# പൂമ്പാറ്റ

**നന്ദന . കെ**
നാലാം ക്ലാസ്
ഗവ. മോയൻ എൽ. പി.
സ്കൂൾ, പാലക്കാട്

പൂവിലിരിക്കും പൂമ്പാറ്റേ
പാറി നടക്കും പൂമ്പാറ്റേ
പൂവിലുറങ്ങും പൂമ്പാറ്റേ
പൂന്തേൻ ഉണ്ണും പൂമ്പാറ്റേ
തോളിലിരിക്കും പൂമ്പാറ്റേ
കൈയിലിരിക്കും പൂമ്പാറ്റേ
തേനുതരുമോ പൂമ്പാറ്റേ
കൂടെ വരാം പൂമ്പാറ്റേ
വീട്ടിൽ വരു പൂമ്പാറ്റേ
മാമു* തരാം പൂമ്പാറ്റേ !

*മാമു – ഭക്ഷണം*

# ഒരു കണ്ണട പുരാണം

**ഇ.എൻ.നാരായണൻ**
**9539307005**



*'എല്ലാവർക്കും തിമിരം*
*നമ്മൾക്കെല്ലാവർക്കും തിമിരം*
*മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു;*
*കണ്ണടകൾ വേണം.'*

ഈയിടെയായി എന്നെ കാണുമ്പോൾ ഭാര്യ സ്വകാര്യമായി ചെവിയിൽ മൂളുന്ന കവിതയാണിത്. മുരുകൻ കാട്ടാക്കടയുടെ പ്രസിദ്ധമായ കണ്ണടയെന്ന കവിത. അദ്ധ്യാപക ദമ്പതിമാരായ ഞങ്ങളിരുവരും കേട്ടുമടുത്ത കവിത. യുവജനോത്സവേദിയിൽ കഴിഞ്ഞവർഷം പകുതിയിലേറെ കുട്ടികൾ 'കണ്ണടധാരി'കളായിരുന്നു. ഒന്നാം സമ്മാനം കിട്ടിയ കണ്ണടക്കാരി ഞങ്ങളുടെ അടുത്ത ബന്ധത്തിൽപ്പെട്ട കുട്ടിയുമായിരുന്നു. എന്തുകൊണ്ടാണെന്നറിയില്ല ക്രൂരമായ കാഴ്ചകൾ കാണാതിരിക്കാൻ കണ്ണട ഉപേക്ഷിക്കുന്നതല്ലേ ബുദ്ധിയെന്ന് ചിലപ്പോഴൊക്കെ ചിന്തിക്കാറുണ്ട്. അതുകൊണ്ടായിരിക്കുമോ അക്കിത്തം 'വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം' എന്ന് പാടിയത് ?

കവിതയുടെ അസ്കിതയുള്ളതുകൊണ്ടായിരിക്കാം 'അപഥ സഞ്ചാര'ത്തിനിറങ്ങിയത്. ഏതായാലും നമുക്ക് കാര്യത്തിലേയ്ക്ക് തിരിച്ചെത്താം. കണ്ണടലബ്ധിയാണല്ലോ അടിയന്തര പ്രശ്നം.

കഴിഞ്ഞ മാസമാണ് പത്നീസമേതം ആശുപത്രിയിലെത്തി ഒരുമിച്ച് നേത്രപരിശോധനയ്ക്ക് വിധേയനായത്. വർഷങ്ങളോളമായി ഞങ്ങൾ പക്വമതിയായ ശരത് മോഹൻ ഡോക്ടറെയാണ് കാണാറുള്ളത്. ക്ഷമാശീലനായ അദ്ദേഹം വളരെയധികം സമയം ചിലവഴിച്ച് പരിശോധിച്ച് കുറിപ്പടികൾ എഴുതിത്തരും. പ്രായോഗികമായ നിർദ്ദേശങ്ങളും തരും. പറ്റുന്നപക്ഷം ജില്ലാ ആസ്ഥാനത്തുള്ള ലെൻസ് ആന്റ് ഫ്രേം എന്ന പ്രമുഖ കണ്ണടക്കടയിൽനിന്നു തന്നെ കണ്ണട വാങ്ങുന്നത് നന്നായിരിക്കുമെന്ന് ഡോക്ടർ പറഞ്ഞിരുന്നു. അതുപ്രകാരം ഞങ്ങൾ കണ്ണടാന്വേഷകരായി പുറപ്പെട്ടതായിരുന്നു. അപ്പോഴാണ് പ്രസ്തുത കടയിൽ നിന്നുമെടുത്ത കണ്ണടയും ധരിച്ച് പത്രാസിൽ പെങ്ങളും അളിയനും ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. ഏട്ടന്റെ പിശുക്കിനെക്കുറിച്ചറിയാവുന്ന സഹോദരി (മിതവ്യയമെന്ന് എന്റെ ന്യായീകരണം !) ഞങ്ങളെ നിരുത്സാഹപ്പെടുത്തി.

ഭേദപ്പെട്ട കണ്ണട കിട്ടണമെങ്കിൽ ഒരാൾക്ക് ചുരുങ്ങിയത് പതിനായിരം രൂപയെങ്കിലും വേണ്ടി വരുമെന്നായിരുന്നു അവരുടെ ഭീഷണി. (രണ്ടായിരം കൂടി കൂട്ടിയാൽ പണ്ടത്തെ ആനയുടെ വിലയായി !) തൽക്കാലം ഞങ്ങൾ കണ്ണടസമ്പാദനത്തിൽ നിന്നും പിന്തിരിഞ്ഞു. പക്ഷേ തരം കിട്ടുമ്പോഴൊക്കെ ഭാര്യ മുരുകൻ കാട്ടാക്കടയുടെ വേഷം കെട്ടി എന്റെ നേർക്കുള്ള ആക്രമണം തുടർന്നുകൊണ്ടേയിരുന്നു.

മങ്ങിയ കാഴ്ചകൾ കണ്ടുകൊണ്ടുനടക്കുന്ന അക്കാലത്താണ് ഞങ്ങളുടെ ശമ്പളപരിഷ്ക്കരണത്തിന്റെ കുടിശ്ശിക പണമായിട്ടെത്തിയത്. ഇരുപതിനായിരത്തോളം രൂപ തികച്ചും അപ്രതീക്ഷിതമായി തെളിമയുള്ള കാഴ്ചയായിത്തന്നെ ഞങ്ങളെ തേടിയെത്തി. ഇനി താമസിക്കുന്നതെന്തിന് ? സ്റ്റൈലൻ കണ്ണട തന്നെ വാങ്ങാമല്ലോ. പത്നീ സമേതം ജില്ലാ ആസ്ഥാനത്തുള്ള വലിയ കണ്ണടക്കടയിൽ തന്നെ ഞാനെത്തി. മിതവ്യയക്കാരനായ എന്റെ പിശുക്കൻ മട്ടിലുള്ള വേഷവിധാനത്തിൽ ശ്രീമതിക്കുള്ള നീരസം അവളുടെ കണ്ണുകളിൽ ദൃശ്യമായിരുന്നു. ഡൈ ചെയ്യാത്ത, ചുളിഞ്ഞ ഷർട്ടിട്ട 'ആദിവാസി' മദ്ധ്യവയസ്കനെ ഒരുപക്ഷേ കടയിൽ കയറ്റാൻ തന്നെ വഴിയില്ലെന്നും അവളുടെ മുന്നറിയിപ്പുണ്ടായിരുന്നു. (മാഷിന് കുട്ടികൾ ചാർത്തിക്കൊടുത്ത 'ആദിവാസി'യെന്ന ബഹുമതി അവളുടെ കാതിലെങ്ങാനും എത്തിയിട്ടുണ്ടാവുമോ?)

അല്പം സാഹസികതയോടെത്തന്നെ ഇടത്തുകാൽ വെച്ച് പത്നീസമേതം എ. സി. ഷോറൂമിലേയ്ക്ക് കയറിച്ചെന്നു. ഇന്ദ്രപ്രസ്ഥത്തിലെത്തിയ ദുര്യോധനെപ്പോലെ അല്പം 'സ്ഥലജലവിഭ്രാന്തി' യുണ്ടായോയെന്നും സംശയമുണ്ട്. തികഞ്ഞ അവഗണനയും പരിഹാസവും പ്രതീക്ഷിച്ച എനിയ്ക്ക് അവിടെ ലഭിച്ച ഊഷ്മള സ്വീകരണം കണ്ട് പകയ്ക്കാതിരിക്കാൻ കഴിഞ്ഞില്ല.

"സാറിന് പുതിയ തരം സ്റ്റൈലൻ കണ്ണട തന്നെ ഞങ്ങൾ തരാം. ഇഷ്ടമുള്ളത് തിരഞ്ഞെടുത്തോളൂ."

ഫ്രീക്കൻ 'ചെത്തു'യുവാവിന്റെ സാർ വിളി കേട്ടപ്പോൾത്തന്നെ ഞാനമ്പരന്നു പോയിരുന്നു. സാറായി മാറിയതുകൊണ്ട് ഇനി ഗമവിടാനും വയ്യ. കുറേ കണ്ണട ഫ്രെയിമുകൾ പരിശോധിച്ചശേഷം ഒന്ന് തിരഞ്ഞെടുത്ത് അല്പം സങ്കോചത്തോടെ വിലയന്വേഷിച്ചു. കുറഞ്ഞത് അയ്യായിരമെങ്കിലും പറയുമെന്ന എന്റെ പ്രതീക്ഷയ്ക്ക് വല്ലാതെ മങ്ങലേറ്റു.

"സാറേ, അതിന് ഇരുനൂറ്റമ്പത് രൂപയേയുള്ളു. സാറക്കത് നന്നായി ചേരും. എടുത്തോളു. കാശില്ലെങ്കിൽ പഴയ ഫ്രെയിമിൽത്തന്നെ ചില്ല് പിടിപ്പിച്ചുതരികയും ചെയ്യാം."

എന്തൊരു സൗമനസ്യം ! അക്ഷരാർത്ഥത്തിൽത്തന്നെ ഞെട്ടിപ്പോയി. ഇത്രത്തോളം ദരിദ്രവാസിയാണോ ഞാൻ ?

"അല്ല... ഇപ്പോൾ പ്രോഗ്രസീവ് ലെൻസ് എന്നൊരു സംവിധാനമുണ്ടെന്നു കേട്ടു. അതായാൽ..."

എന്റെ സംഭാഷണം തുടരാൻ ഫ്രീക്കൻ അനുവദിച്ചില്ല.

“അതുവേണ്ട സാറേ. വില യല്പം കൂടുതലാ. മാത്രമല്ല സാറിനത് ചേരുകയുമില്ല.”

ഞാനെന്റെ പഴയ ഫ്രെയിം ഊരിക്കൊടുത്തിട്ട് അതിൽ പുതിയ ചില്ലിട്ടു തന്നാൽ മതിയെന്നറിയിച്ചു. ഫ്രീക്കൻ ചെക്കനത് സഹർഷം സ്വീകരിച്ചു.

“എനിക്കൊരു പ്രോഗ്രസീവ് കണ്ണട വേണമെന്നുണ്ടായിരുന്നു.” ഭാര്യ എന്നെ സങ്കോചത്തോടെ നോക്കി. ശ്രീമതിയുടെ ആഗ്രഹം ഫ്രീക്കന് അത്ര സ്വീകാര്യമായി തോന്നിയില്ല. എങ്കിലും കസ്റ്റമറെ പിണക്കുന്നത് ബുദ്ധിയല്ലല്ലോ.

“മാഡത്തിന് പ്രോഗ്രസീവ് ലെൻസ് കുറച്ചൊക്കെ ചേരും. ഫ്രെയിം തിരഞ്ഞെടുത്തോളു.” ഫ്രീക്കന്റെ അനുമതി.

ശ്രീമതി എന്റെ മുഖത്തു നോക്കാതെ ഒരു ഫ്രെയിം തിരഞ്ഞെടുത്തു. എന്നിട്ടതിന്റെ വിലയന്വേഷിച്ചു.

“ആയിരം രൂപയേയുള്ളു മാഡം. എടുത്തോളു.”

രണ്ടു കണ്ണടയ്ക്കും കൂടി അയ്യായിരത്തിൽ താഴെ മാത്രം വില! അടുത്താഴ്ച വന്നു വാങ്ങിക്കൊണ്ടു പോകാൻ ഉത്തരവ്. ശ്രീമതിയുടെ മുഖം വിവർണ്ണമാകുന്നത് കണ്ണടയില്ലാതെത്തന്നെ തിരിച്ചറിഞ്ഞു. മിതവ്യയക്കാരനായ എനിക്കാകട്ടെ ആശ്വാസമാണുണ്ടായത്. രണ്ട് അഞ്ഞൂറിന്റെ നോട്ടുകൾ അഡ്വാൻസായി കൊടുത്ത് ഞങ്ങൾ പടിയിറങ്ങി.

“അപ്പോൾ മാഷേ, ഒരു സംശയം. നമുക്കൊക്കെ ഇത്രമാത്രമേ വിലയുള്ളു ?” ശ്രീമതിയുടെ നിരാശാനിർഭരമായി ചോദ്യം.

“എന്റെ ടീച്ചറെ ! ഇതിപ്പോഴാണോ നീ തിരിച്ചറിയുന്നത് ? എനിക്കിത് എത്രയോ മുമ്പുതന്നെ ബോധ്യപ്പെട്ടിട്ടുണ്ട്. ഏതായാലും നീ ഭാഗ്യവതി തന്നെ. എന്നേക്കാൾ ഇരട്ടിയിലേറെ വിലയുള്ള വളാണല്ലോ നീ!”

കണ്ണടക്കാരനായ കവിയെ മനസാ പിരാകിക്കൊണ്ട് ഞങ്ങൾ ബസ് സ്റ്റാന്റിലേക്ക് നടന്നു. കയ്യിൽ കാശുണ്ടെങ്കിലും ഓട്ടോക്കാരനെ വിളിക്കാൻ പേടി. അഥവാ എന്റെ ആദിവാസി രൂപം കണ്ട് കയറ്റാതെ പോയാലോ ? പതിനഞ്ചിലേറെ മഹാത്മാക്കൾ എന്റെ പോക്കറ്റിലിരുന്ന് അപ്പോഴും പുഞ്ചിരിക്കുന്നുണ്ടായിരുന്നു ! ●

■ കവിത



# ജന്മഭാഗ്യം


പ്രതിഭ അമ്പാടി, 9746213960

എന്നു ഞാൻ ജന്മം കൊണ്ട് അമ്മയായി...?
എന്നെന്റെ പൊന്നു മോൻ കുഞ്ഞിളം നാവു
കൊണ്ട് അമ്മേ‘ വിളിച്ചുവോ അന്നോ...?
അതോ...
എന്നവൻ എന്റെ ഉള്ളിൽ നിന്നും ഈ ഭൂവിൽ
ആദ്യമായ് എത്തിയ അന്നോ...?
അതോ...
അതിനും പുറകോട്ട് എന്റെ ഉള്ളിൽ കിടന്ന്
എന്നിലെ ജീവനായ് എന്നിലെ ശ്വാസമായ്,
എന്നിലെ ഞാനായ് അവൻ വളരുമ്പോഴോ..?
അല്ല....!!!
എന്നു നീ എന്നുള്ളിൽ ജീവന്റെ അംശമായ് ,
ആദ്യത്തെ കോശമായ് രൂപമെടുത്തുവോ...
അന്നെന്റെ കണ്ണാ....ഞാൻ നിന്റെ അമ്മയായ്..
എൻ അമ്മ നൽകിയ അനുഗ്രഹവർഷമായ്
എന്നിൽ വന്നെത്തിയ നീ..എന്റെ പുണ്യം...!!!
നിൻ ജീവധാതാവായ് നിന്നെ,
എന്നിലേക്ക് എത്തിച്ച എൻ പ്രിയ തോഴാ...
നീ എന്റെ ഭാഗ്യം....!!!

■ കവിത

# സ്വസ്ഥത

സൈനുദീൻ മുണ്ടക്കയം
9947253006



നാടിന്നു കേഴുന്നു, നാട്ടാരുകേഴുന്നു,
നാട്ടിൽവസിക്കുന്ന ദൈവങ്ങൾ കേഴുന്നു;
നാട്ടാർക്കുമില്ലല്ലോ സ്വൈരത, സ്വസ്ഥത,
നാടുമുടിക്കുവാൻ വെമ്പുന്ന കൂട്ടരാൽ !!

നാട്ടിലരാജകവിത്തുകൾ പാകുന്നു,
നാണയമില്ലാത്ത വാക്കുരചെയ്യുന്നു;
ഭക്തനാണെന്നാലും സ്വത്വത്തിലാറാടി-
പാവം ജനങ്ങളെ കഷ്ടത്തിലാക്കുന്നു.

ദൈവത്തെ വച്ചുപകിട കളിക്കുന്നു
മാനാഭിമാനത്തെ പന്തയം വയ്ക്കുന്നു;
നീതിനിയമങ്ങൾ തട്ടിക്കളിക്കുന്നു,
നിന്ദ്യമാം ചെയ്തിയിലാമഗ്നരാകുന്നു.

പ്രതിഷേധമെല്ലാം ജനത്തോടുമാത്രം,
നിഷ്ക്രിയരാക്കുന്നീ നാട്ടിൻജനങ്ങളെ;
നന്ദികെട്ടോരിവരെന്തോന്നുനേടുന്നു,
പ്രതികരിക്കാൻ ജനമെന്തേ മടിക്കുന്നു.

മനുഷ്യകാരാഗൃഹം തന്നിൽ തളച്ചിട്ട-
പരംപൊരുളിപ്പോൾ കണ്ണീർ പൊഴിക്കുന്നു.
സ്വസ്ഥാനം വിട്ടു മടങ്ങുമോ ദൈവങ്ങൾ,
സ്വസ്ഥതവേണ്ടേയവർക്കുമീ ഭൂമിയിൽ !!

# രാജീവി എന്ന പെണ്ണ്

**മാമ്പള്ളം വിജയൻ**
**9448312631, 9444540631**

**രാ**ജീവി - അതായിരുന്നു അവരുടെ പേര്. കോശുവിന്റെ ബാല്യത്തിലെ വൈവിധ്യമാർന്ന ഓർമ്മകളിൽ തിളക്കം നഷ്ടപ്പെടാതെ നിൽക്കുന്ന ചുരുക്കം ചില കഥാപാത്രങ്ങളോടൊപ്പം അവർ മുൻനിരയിലുണ്ട്. അവരെന്തുകൊണ്ടവിടെ സ്ഥാനം പിടിച്ചു എന്ന് പലപ്പോഴും അവൻ അപഗ്രഥിക്കാൻ ശ്രമിച്ചിരുന്നു. മതിയായ ഒരു വിശദീകരണം ഇതുവരെ കിട്ടിയിട്ടില്ല. അവരുടെ ഓർമ്മ മറ്റുള്ളവരുമായി പങ്കിടുന്നതിലൂടെ ഒരുപക്ഷെ പുതിയ മാനങ്ങൾ തെളിയുമോ എന്നൊന്നും അവൻ ചിന്തിച്ചതേയില്ല. എന്നാൽ ആ ഓർമ്മ അവനോടൊപ്പം നശിക്കരുതെന്ന ഒരു എളിയ ആഗ്രഹം ഉണ്ടുതാനും.

നല്ല വെളുത്ത നിറം, സുമാർ അഞ്ചരയടി പൊക്കം, ചുരുണ്ട, നീളം കുറഞ്ഞ മുടി വെളിച്ചെണ്ണയിട്ട് ചീകി മിനുക്കി ഒരു നാടയുപയോഗിച്ചു മെടഞ്ഞു കെട്ടിയിട്ടുണ്ടാകും. ഒരു രവിവർമ്മ ചിത്രത്തിന് മോഡലാക്കാവുന്ന ലക്ഷണമൊത്ത വട്ട മുഖവും പുഷ്ടിയാർന്ന ശരീരവും. പാവാടയും, ബ്ലൗസും, ദാവണിയുമാണ് എന്നത്തേയും വേഷം. പാവാട കണങ്കാലോളം ഇറക്കം വരും. അതിനുതാഴെ കാലുകളിൽ കിലുങ്ങാത്ത ഒരു ജോടി പാദസരവുമുണ്ട്.

കഴുത്തിൽ ഒരു കറുത്ത ചരടിൽ ഒരു വെള്ളിക്കൂട് (ഏലസ്) ഉള്ളത് പുറത്ത് വിരളമായി മാത്രം കാണാം. വല്ലപ്പോഴും 'പാശി' കൊണ്ടുള്ളൊരു മാല (കല്ലുമാല) അണിയാറുണ്ട്. ഒന്നോ രണ്ടോ റബ്ബർ വളകൾ ഉണ്ടെങ്കിലായി. കുപ്പിവളകൾ അണിയുന്നത് വളരെ വിരളമാണ്. മിക്കവാറും വെളുത്ത കൈത്തണ്ടയ്ക്ക് ഭംഗി ചേർക്കുന്നത് മന്ത്രിച്ചുകെട്ടിയ കറുത്ത ചരടായിരിക്കും. കാതിൽ കടുക്കനൊന്നും കാണാറില്ല. തുള അടഞ്ഞുപോകാതിരിക്കാൻ ഒരു കഷണം ഈർക്കിൽ കാതിലെ ദ്വാരങ്ങളിൽ തിരുകിയിരിക്കും.

രാജീവിയുടെ പക്കലുള്ള വില കൂടിയ വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നത് ഇടുപ്പിൽ ഒരു ചരടിൽ ബന്ധിച്ച, ചുരുക്കി വായ് മൂടിക്കെട്ടാവുന്ന ഒരു തുണി പഴ്സിൽ ആണ്. അതിനകത്ത് പ്രധാനമായ ഐറ്റം ഒരു പൊടി ഡപ്പിയാണ്. അതിൽ നിറയെ പട്ടണം പൊടി നിറച്ചുവെച്ചിരിക്കും. (അവർ ഇടയ്ക്കിടെ പൊടി വലിക്കാറുണ്ട്) പിന്നെയുള്ളത് ഒന്നുരണ്ട് ചെറിയ കടലാസു പൊതികളാണ്. അതിലൊന്നിൽ കുറേ മുറി ബ്ലെയിഡുകളാണ്. മറ്റൊന്നിൽ രണ്ട് - മൂന്നു സേഫ്റ്റി പിന്നുകളും, സൂചിയും നൂലും, മുടിയിൽ ഘടിപ്പിക്കുന്ന സ്ലൈഡ് പിന്നുകളുമാണ്. ഇതിനൊക്കെപ്പുറമേ സഞ്ചിയിൽ ഒന്നോ രണ്ടോ ഓട്ടമുക്കാലും ഒരണ രണ്ടണ നാണയങ്ങളും കാണും. ചിലപ്പോൾ വെറ്റിലയും അടയ്ക്കയുമുള്ള മറ്റൊരു സഞ്ചിയും ഉണ്ടായിരിക്കും. ഇടുപ്പിലെ ചരടിൽ കെട്ടിയ മറ്റൊരു വസ്തുവാണ് ഒരു പഴയ ഇരുമ്പിന്റെ താക്കോൽ.

രാജീവി ഒരപസ്മാര രോഗിയാണ്. ശരിയായ ചികിത്സയൊന്നും ഇല്ലാത്ത ആ കാലം അപസ്മാരത്തെ നിരുപദ്രവിയായ ഒരു ഭ്രാന്തിനു സമാനമായി കരുതിയിരുന്നു. ചികിത്സയില്ലാതെ 'അസ്മാറ് കോവിലിലെ' പൂജയും, നേർച്ചയും, മന്ത്രിച്ചുകെട്ടിയ കൂടും, ചരടുമായി അവരങ്ങനെ ജീവിച്ചുപോന്നു.

കോശുവും കുടുംബവും കുന്നമ്പള്ളത്ത് താമസമാക്കിയെങ്കിലും ഒഴിവുദിവസങ്ങളിൽ അവൻ മുത്തച്ഛന്റെ വീട്ടിൽ പോകുന്നത് പതിവാണ്. നേരത്തിന് നല്ല ഭക്ഷണവും അമ്മായിയുടെ മകനുമൊത്തുള്ള കളിയും സാഹസങ്ങളും ഒക്കെ അവന് ചെറുക്കാനാകാത്ത ആകർഷണങ്ങളാണ്.

മറ്റെല്ലാവിധത്തിലും തികഞ്ഞ സൗന്ദര്യമുള്ള രാജീവിയെ ആരും കല്യാണം കഴിക്കാൻ തയ്യാറല്ലായിരുന്നു. കോശുവിന് ചിലപ്പോൾ അവന്റെ സുന്ദരിയായ അമ്മായിയേക്കാൾ രാജീവിക്ക് സൗന്ദര്യമുണ്ടെന്ന് തോന്നിയിട്ടുണ്ട്. കോശുവിന്റെ മുത്തച്ഛനുമായി അവർക്ക് നല്ല ചങ്ങാത്തമാണ്. അങ്ങിനെയാണവൻ അവരെ അടുത്തറിയുന്നത്. ഒരു ദിവസം രാവിലെ കോശുവും സംഘവും മുറ്റത്ത് എന്തോ കളിയിലേർപ്പെട്ടിരിക്കവേ രാജീവി വന്നു കയറി. അവരെ കണ്ട ഉടനെ സന്തോഷത്തോടെ മുത്തച്ഛൻ ചോദിച്ചു, "ദാരാണ്ടീദ് രാജീവിയോ...? നിന്നെ കണ്ടിട്ട് കൊറെയായല്ലോ, എന്താ നിന്റെ കല്യാണം ഒറപ്പിച്ചാ ?"

"നിങ്ങ പുകീൻ അച്ചോ, നിങ്ക്ക് എപ്പളും തമാസെന്നെ. അസ്മാറ് പിടിച്ച പെണ്ണിനെ ആരെങ്കിലും കെട്ടുഓ അച്ചോ...?"

"എന്നാ പിന്നെ നാന് നിന്നെ കെട്ടട്ടെടീ ? എയ്ക് വയസ് അറ് പതേ ആയിട്ടുള്ളൂ." മുത്തച്ഛൻ അവരെ വെറുതെ വിടുന്ന ലക്ഷണമില്ല.

"നിങ്ങ പുകീനച്ചോ. നാണീച്ചി കേക്കണ്ട നിങ്ങണ്ടെ ഈ കൂട്ടം. കേട്ടാ അവിരെന്നെ ചൂല്ക്കെട്ടെട്ത്ത് ആട്ടിമുട്ക്കും." അവർ പതുക്കെ ചെന്ന് വരാന്തയിൽ ഇരുപ്പുറപ്പിച്ചു. മുത്തശ്ശി അപ്പുറത്തിരുന്ന് ഇതൊക്കെ കേട്ട് ചിരിക്കുന്നുണ്ടാകും. കുറേ നാളായി സ്ഥിരം കേൾക്കുന്നതാണീ കളിവചനങ്ങൾ. തന്റെ മകളേ

ക്കാൾ പ്രായം കുറഞ്ഞ രാജീവിയോട് നാണിയമ്മയ്ക്ക് വല്ലാത്ത അനുകമ്പയാണ്. പാവം, ആ അസുഖമില്ലായിരുന്നെങ്കിൽ ഒരു നല്ല വീട്ടിലെ വീട്ടമ്മയായി രണ്ടുമൂന്നു കുട്ടികളുമായി അവർ വിലസുന്നുണ്ടാകുമെന്നവർ നിനച്ചു.

"ഇത്തിരി പൊടി താടീ രാജീവോ..." മുത്തച്ഛൻ ചോദിച്ചു.

രാജീവി ഇടുപ്പിൽ തൂങ്ങുന്ന തുണിസഞ്ചിയിൽ നിന്നും പൊടിഡപ്പി പുറത്തെടുത്ത് അത് തുറന്നു പിടിച്ചു നീട്ടിക്കൊണ്ട് ചാരുകസാലയിൽ കിടക്കുന്ന മുത്തച്ഛന്റെ അരുകിൽ ചെന്ന് കാൽമുട്ടിൽ നിന്നു. മുത്തച്ഛൻ ഡപ്പിയിൽ നിന്നും ഒരു നുള്ളു പൊടിയെടുത്ത് അല്പം മൂക്കിലെ ഇടതു ദ്വാരത്തിലൂടേയും ബാക്കി വലത് ദ്വാരത്തിലൂടേയും ശബ്ദത്തോടെ വലിച്ചുകേറ്റി. കാറ്റിൽ പരന്ന പൊടി മൂക്കിൽ കയറിയപ്പോൾ കോശുവിന് തുമ്മൽ വന്നു. അതിന്റെ ശബ്ദം ഒതുങ്ങുന്നതിനുമുമ്പ് മുത്തച്ഛൻ വളരെ ഉച്ചത്തിൽ ഒന്ന് തുമ്മി. അപ്പുറത്തുറങ്ങിക്കിടന്ന പാണ്ടൻ നായ ഞെട്ടിയെഴുന്നേറ്റ് ആരോടെന്നില്ലാതെ ഒന്ന് കുരച്ചു.

രാജീവി കുറേനേരം തിണ്ണയിലിരുന്ന് മുത്തച്ഛനുമായി എന്തൊക്കെയോ സംസാരിച്ചു. പിന്നീട് മുത്തശ്ശി പഴുത്ത പപ്പായ അറുക്കുന്നിടത്തുചെന്ന് ഒരു കഷണം പഴം ചോദിച്ചുമേടിച്ചു. അതും തിന്നുകൊണ്ട് അവർ പുറത്തേക്കിറങ്ങി. അലസമായി സ്വയം ചിലതൊക്കെ പറഞ്ഞുകൊണ്ട് കിഴക്കോട്ടുനടന്നു. കോശുവും കൂട്ടരും കളി പുറത്ത് ആലിൻ ചുവട്ടിലേക്ക് മാറ്റിയിരുന്നു. വിജനമായ പാതയിലൂടെ നടന്നുപോകുന്ന രാജീവിയുടെ രൂപം അവൻ അല്പനേരം നോക്കിനിന്നു.

ഉച്ചയ്ക്ക് ഊണുകഴിഞ്ഞ് ഉമ്മറത്തിരിക്കുമ്പോൾ കോശു അമ്മായിയോട് രാജീവിയെപ്പറ്റി ചോദിച്ചു. അവർക്ക് ഭ്രാന്തല്ല അസ്മാറ് (അപസ്മാരം) ആണെന്ന് അമ്മായി പറഞ്ഞു. കുട്ടികൾ ചിലർ ഭ്രാന്തിയാണെന്ന് പറഞ്ഞ് ഉപദ്രവിക്കുമെങ്കിലും അവർ ആർക്കും ഒരുപദ്രവവും ചെയ്യാറില്ലത്രെ. പിറ്റേന്ന് ഉച്ചയൂണ് കഴിഞ്ഞ് എല്ലാവരും ഉമ്മറത്തിരിക്കുമ്പോൾ രാജീവി കയറിവന്നു. വന്നപാടെ മുത്തച്ഛന്റെ അടുക്കൽ ചെന്നു തിണ്ണയിൽ ഇരുന്നു.

"അച്ഛോ, പൊടി വേണോന്ന്" എന്നുചോദിച്ചു. മുത്തച്ഛൻ ഒരു 'പൂനൈ എലി മാർക്ക്' ബീഡി വലിക്കുന്ന തിരക്കിലായിരുന്നു.

"ഇപ്പ വേണ്ടറി രാജീവോ..." അവളുടെ ഓഫർ നിരസിച്ചുകൊണ്ട് മുത്തച്ഛൻ പറഞ്ഞു.

"അച്ചനറിഞ്ഞാ, എന്റമ്മ രാവിലെ തൊങ്ങനെ വക്കാണിച്ചു. നാനിങ്ങനെ വെളീല് ചുറ്റ്ണത് അമ്മക്ക് പിടിക്ക്ണില്ല. എന്നെ ആരെങ്കിലും എന്തെങ്കിലും ചെയ്യോന്നാണ് അമ്മന്റെ പേടി. തലയും മൊലയും വളന്ന പെണ്ണങ്ങള് ഇങ്ങനെ റോട്ടീക്കൂടെ തെക്കും വടക്കും നടക്കേമ്പാടില്ലാവെ."

അതുപറയുമ്പോൾ അവരുടെ മുഖം ദേഷ്യവും സങ്കടവും കൊണ്ടല്പം ചുവന്നിരുന്നു. അന്നേരം അവർ കൂടുതൽ ചന്തമുള്ളതുപോലെ കോശുവിന് തോന്നി. അവർ തുടർന്നു, "അടങ്ങി ഒത്ങ്ങി ഇര്ന്നില്ലെങ്കീ കയ്യും കാലും കെട്ടിയിടുവവേ !"

"അതൂന്നും സാരമില്ലെടി രാജീവോ. നീ എപ്പ വേണെങ്കിലും ഇവടെ വന്നോ."{

മുത്തച്ഛന്റെ സാന്ത്വനം. അപ്പുറത്തുമാറി വെറ്റില മുറുക്കാൻ തയ്യാറെടുക്കുകയാണ് മുത്തശ്ശി. അടുത്തിരുന്ന അമ്മായി സംഭാഷണത്തിൽ ചേർന്നു. അവർ പറഞ്ഞു, "രാജീവിയേ, നിന്റെ അമ്മ പറയ്ണതിലും കാരിയമ്ണ്ട് കെട്ടാ ! വയസറിയിച്ച പെങ്കുട്ടികള് ആരിന്റെയെങ്കിലും വീട്ടിലൊക്കെ തോന്നിമ്പ തോന്നിയപോലെ പോയിവന്നാ അമ്മമാർക്ക് പേടിയിണ്ടാകാണ്ടിരിക്യോ. അപ്പോ അവിര് പറയ്ണതും കൊറച്ചൊക്കെ കേക്കണം കെട്ടാ."

"എത്തറ നേര്വാണ് ഏടത്തിയേ നാന് വീട്ടിന്റുള്ളിത്തെന്നെ ഇരിക്ക്യാ...? ഇത്തിരി നേരം വെളിലെറങ്ങീല്ലെങ്കീ ശെരിക്കും പ്രാന്തെളകും എയ്ക്ക്." രാജീവി തന്റെ മാനസികാവസ്ഥ വ്യക്തമാക്കി. അവരെ ആശ്വസിപ്പിച്ചുകൊണ്ട് അമ്മായി പറഞ്ഞു, "നീ വേറെ എവടെയും പോണ്ടാകെട്ടാ. നിയ്ക്ക് ഇഷ്ട്വോള്ളപ്പോ ഇവടെ വന്നോ. വീട്ടീന്നെറങ്ങുമ്പോ അമ്മന്റട്ത്ത് ഇവടെ വര്വാണ്ന്ന് പറ. നാന്നിന്റെ അമ്മന്റട്ത്ത് പറയാകെട്ടാ."

അമ്മായിയുടെ വാക്കുകൾ കേട്ട് രാജീവി വളരെ സന്തുഷ്ടയായി. അവർ മുത്തശ്ശിയുടെ അടുത്തു ചെന്നിരുന്ന് അല്പം വെറ്റില ചോദിച്ചു. കോശുവും മുത്തശ്ശിയുടെ അടുത്തുചെന്ന് അല്പം വെറ്റില ചോദിച്ചു. അതുകണ്ട് രാജീവി പറഞ്ഞു, "കുട്ടികള് വെറ്റില തിന്നാമ്പാടില്ലാ... മൂരി കുത്തും, ങ്ഹാ..."

"അപ്പ നിങ്ങളിനെ മൂരി കുത്തില്ലേ" എന്നായി കോശു.

"നാന് വലിയ പെണ്ണല്ലേ ഉണ്ണിയേ, എന്നെ മൂരി കുത്തില്ലാ. നീ ഇഞ്ഞും കൊറേ വല്തായാ വെറ്റില തിന്നാകെട്ടാ. അപ്പപ്പിന്നെ നിന്നെയും മൂരി കുത്തില്ലാ."

മുത്തശ്ശി കൊടുത്ത വെറ്റില വാങ്ങി അല്പം ചവച്ച ശേഷം അവർ നാക്കു പുറത്തേക്കു നീട്ടി ചോദിച്ചു, "നാക്ക് തുട്ത്തിട്ട്ണ്ടാ ഉണ്ണിയേ?"

"ഓ... നന്നായി തുട്ത്തിട്ടിണ്ട്."

"അപ്പോ നാണിമ്മയ്ക്ക് എന്നെ നെറയെ പിടിച്ചൂന്ന് അർത്ഥം."

അവർ വശ്യമായി ചിരിച്ചു. പെട്ടെന്നാണ് അവരുടെ ഭാവം മാറിയത്. വായ ഒരു വശത്തേയ്ക്ക് കോട്ടി, കണ്ണിലെ കൃഷ്ണമണികള് മുകളിലേക്കായി, അവർ ഒരു വശത്തേക്കു ചരിഞ്ഞു. കാലും കയ്യും വിറപ്പിച്ച് അവർ നിലത്തുകിടന്നുരുണ്ടു. വെറ്റിലച്ചുവപ്പുമായിക്കലർന്ന് നുരയുള്ള ഉമിനീര് കോട്ടിയ വായയുടെ മൂലയിലൂടെ ഒഴുകി. കോശു വല്ലാതെ ഭയന്നു. അമ്മായി രാജീവിയുടെ കയ്യിൽ അവളുടെ അരയിലുള്ള താക്കോൽ പിടിപ്പിക്കാൻ ശ്രമിച്ചു. പരാജയപ്പെട്ടപ്പോൾ കോശു ഓടി അകത്തുചെന്ന് വാതിലിൽ തൂക്കിയിട്ട താക്കോലെടുത്ത് അമ്മായിക്ക് കൊടുത്തു. അവരത് രാജീവിയുടെ വിറയ്ക്കുന്ന കൈകളിൽ അമർത്തിപ്പിടിപ്പിച്ചു. ചില നിമിഷങ്ങൾക്കുശേഷം

രാജീവി പൂർവ്വസ്ഥിതി പ്രാപിച്ചു.

കാര്യമായൊന്നും സംഭവിക്കാത്തതുപോലെ അവരെണീറ്റു പോയി. അടുക്കളയ്ക്കുപുറകിലെ തൊട്ടിയിൽ നിന്നും അല്പം വെള്ളമെടുത്ത് മുഖം കഴുകി തിരിച്ചുവന്നു. മുഖത്ത് പരിഭ്രമം മാറാത്ത കോശുവിനെ നോക്കി അവർ ചിരിച്ചു.

''ഉണ്ണീ നീ പേടിച്ചെടാ ?''

''കൊറച്ച് പേടിച്ചു.'' അവൻ സത്യം പറഞ്ഞു.

അവൻ ആദ്യമായാണ് ഒരാൾക്ക് അപസ്മാരമിളകിക്കാണുന്നത്. യാതൊരു മുന്നറിയിപ്പും നിയന്ത്രണവുമില്ലാതെ വരുന്ന ഈ 'എളക്കം' ഇല്ലെങ്കിൽ രോഗി ഒരു സാധാരണ വ്യക്തിയാണ്. ഈ രോഗത്തിന് ചികിത്സയൊന്നുമില്ലെന്ന് പറഞ്ഞപ്പോൾ അവൻ വളരെ സങ്കടപ്പെട്ടു. അടുത്ത ദിവസം രാജീവി വന്നപ്പോൾ കോശുവും കൂട്ടുകാരും മുറ്റത്ത് പല്ലാങ്കുഴി കളിക്കുകയായിരുന്നു. പതിവുപോലെ മുത്തച്ഛനുമായി കുശലം പറയുകയും പൊടി പങ്കിടുകയും ചെയ്ത് രാജീവി അവരോടൊപ്പം കൂടി. കുട്ടികളുടെ വിരലുകളിലെ വളർന്ന നഖങ്ങൾ കണ്ട് രാജീവി പറഞ്ഞു, ''ഉണ്ണിയെ നിങ്ങണ്ടെ കയ്യിലെ നഗം നന്നായി വളന്ന്ട്ട്ണ്ട്. നാന് നഗമ്പെട്ടിത്തെരട്ടേ ?''

കുട്ടികൾ ആരും ഒന്നും മിണ്ടിയില്ല. അതൊരു അപകട സാധ്യതയുള്ള പണിയാണെന്നവർ സംശയിച്ചു. അതുകണ്ട് രാജീവി ചിരിച്ചു.

''പേടിക്ക്യൊന്നുംമ്പേണ്ടാ.., നാന് നന്നായി നഗംമ്പെട്ടും.''

''എന്നാ ആദിയം എന്റെ നഗം വെട്ടിക്കോളീൻ.'' കോശു ധൈര്യസമേതം അവന്റെ കൈ നീട്ടിക്കാണിച്ചു. അവർ തന്റെ തുണിസഞ്ചിയിലെ ഒരു ചെറിയ കടലാസുപൊതി തുറന്നു. അതിലുണ്ടായിരുന്ന കുറേ മുറി ബ്ലെയിഡുകളിൽ നിന്നും ഒരെണ്ണം തിരഞ്ഞെടുത്തു.

''ഉണ്ണീ നീയെന്റെ മടീലിര്ക്ക്യോ അപ്പത്തെന്നെ നഗംമ്പെട്ടാൻ നല്ല വയം കിട്ടുള്ളു.''

കോശു പതുക്കെ എഴുന്നേറ്റ് അവരുടെ മടിയിൽ കയറി ഇരുന്നു. അവർ അവന്റെ കൊച്ചുവിരലുകൾ ഓരോന്നായി പരിശോധിച്ചു. പതുക്കെ അവന്റെ ഇടതുകയ്യിലെ തള്ളവിരലിൽ തുടങ്ങി ചെറുവിരൽ വരെയുള്ള നഖങ്ങൾ ബ്ലെയിഡ് ഒരു പ്രത്യേക രീതിയിൽ വളച്ചുചരിച്ച് ഭംഗിയായി വെട്ടി. അതുകഴിഞ്ഞ് അവന്റെ വലതുകയ്യിലെ വിരലുകളിലെ നഖങ്ങൾ അവർ വെട്ടി. അല്പം പോലും വേദനിക്കാതെ, ഒട്ടും വികൃതമാകാതെ വെട്ടിയ നഖങ്ങളുടെ ഭംഗി കുട്ടികൾ അതിശയത്തോടെ നോക്കിയിരുന്നു. തന്റെ ദാവണിയുടെ തുമ്പുകൊണ്ട് കോശുവിന്റെ വിരലിന്റെ അഗ്രം തുടച്ചുകൊണ്ട് രാജീവി പറഞ്ഞു, ''നഗം വെട്ടിക്കഴിഞ്ഞാ നാനൊരു കാരിയം കാട്ടും. എന്താ കാട്ട്വാന്ന് അറിയ്യോ നിങ്ങ്ക്ക്? എന്താണ്ടി ഈ പ്രാന്തിപ്പെണ്ണ് കുട്ടീന്റെ കയ്യില് ബ്ലെഡ്കൊണ്ട് അറുക്ക്വോന്ന് നിങ്ങ ചെലപ്പൊ വിജാരിക്കും. നാനങ്ങനെയൊന്നും ചെയ്യില്ലാ കെട്ടാ. നാനെന്തുകാട്ടുംന്നറിയ്യോ... നാന് കുട്ടീന്റെ കയ്യെട്ത്ത് ങ്ങണ്ട് മുത്തും. ങ്ഹാ...''

ഇതുംപറഞ്ഞ് അവർ കോശുവിന്റെ കൈകൾ രണ്ടിലും ഉമ്മ വെച്ചു. പിന്നീട് അവിടുള്ള കുട്ടികളുടെയെല്ലാം നഖം വെട്ടി വെടുപ്പാക്കുന്ന പണി രാജീവിയുടേതായിരുന്നു. ഒഴിവുദിവസം കഴിഞ്ഞ് കോശു കുന്നമ്പള്ളത്തേക്ക് മടങ്ങി. രാജീവിയുടെ കാര്യം പാടെ മറന്നു. അടുത്ത ഒഴിവുകാലത്ത് വീണ്ടും അവിടെ ച്ചെന്നപ്പോൾ രാജീവി അവന്റെ നഖം ആദ്യദിവസം തന്നെ വെട്ടി വൃത്തിയാക്കി. ആ പതിവ് രണ്ട് മൂന്ന് വർഷക്കാലം തുടർന്നു.

ഒരു വേനലവധിക്കാലത്ത് മുത്തച്ഛന്റെ വീട്ടിൽ ചെന്നപ്പോൾ ഒരു സങ്കടകരമായ വാർത്ത അവനെ കാത്തിരിക്കുന്നുണ്ടായിരുന്നു. ഒരാഴ്ചമുമ്പ് കുളത്തിൽ കുളിക്കുമ്പോൾ അപസ്മാരമിളകി രാജീവി മുങ്ങിമരിച്ചു. കുളത്തിൽ കടവിനടുത്ത് കഷ്ടിച്ച് അരമീറ്റർ വെള്ളമേ ഉണ്ടായിരുന്നുള്ളുവത്രേ. വർഷങ്ങൾക്കുശേഷം കോശു കണ്ടൊരു സിനിമയിൽ[1] ഒരമ്മ അപസ്മാരരോഗിയായ മകനോട് ''വെള്ളത്തിനോടും തീയോടും വളരെ ജാഗ്രതയായിരിക്കണം'' എന്നു പറയുന്നത് കേട്ടപ്പോൾ പെട്ടെന്ന് രാജീവിയുടെ ഓർമ്മകൾ തികട്ടിവന്നു.

നഖം വെട്ടുന്ന ഉപകരണമൊക്കെ വിപുലമായപ്പോഴും കോശു നഖം മുറിക്കുന്നതിൽ അല്പം മടി കാട്ടിയിരുന്നു. ഒരു മിനക്കേടൻ പണിയാണിതെന്ന് അവന് തോന്നും. ഭംഗിയായി നഖം വെട്ടിത്തരാൻ രാജീവിയെപ്പോലെ ഒരാളുണ്ടെങ്കിൽ എന്നവൻ പലപ്പോഴും ആശിച്ചിട്ടുണ്ട്.

'നെയിൽ കട്ടർ' കയ്യിലെടുത്താലുടൻ രാജീവിയുടെ ഓർമ്മകൾ സജീവമാകും. അവനൊരു കൊച്ചുകുട്ടിയാകും. അവന്റെ കൊച്ചു കൈകളിൽ അമരുന്ന നിഷ്കളങ്കമായ സ്നേഹത്തിന്റെ ഉമ്മ അവൻ വീണ്ടും അനുഭവിക്കും. വളരുന്ന നഖങ്ങൾ മനസ്സിൽ വളരുന്ന മൃഗീയതയുടെ പ്രതീകമാണെന്ന് ഹിന്ദിയിൽ ഒരു ലേഖനം[2] മുതിർന്നപ്പോൾ അവൻ വായിച്ചിരുന്നു. എങ്കിൽ ആ തിന്മയുടെ പ്രതീകത്തെ ഇല്ലാതാക്കുന്ന രാജീവി ഒരു മാലാഖ തന്നെയല്ലേ !

നിഷ്കളങ്കയായ ആ മനുഷ്യജീവി എന്തിനായി ഒരു അപസ്മാര രോഗിയായി ജന്മമെടുത്തു എന്ന് ചിലപ്പോൾ അവനാലോചിക്കും. ആ രോഗം ശുദ്ധാത്മാക്കൾക്കും, മഹാൻമാർക്കും, പ്രവാചകർക്കും മാത്രം വരുന്നതാണെന്ന് വലുതായപ്പോൾ അവനൊരിടത്ത്[3] വായിച്ചിരുന്നു. ഒരുപക്ഷെ അവനെപ്പോലുള്ള ചില കുരുന്നുകളുടെ മനസ്സിൽ നിഷ്കാമമായ സ്നേഹത്തിന്റെ മായാത്ത ഒരു ചിത്രം വരച്ചു ചേർക്കുകയായിരിക്കുമോ ആ ശുദ്ധാത്മാവിന്റെ ജന്മോദ്ദേശ്യം?

**കുറിപ്പ്:**

1. മാതൃവന്ദനം (സുകുമാരി, ജഗതി ശ്രീകുമാർ എന്നിവർ അഭിനയിച്ച് എം കെ സംവിധാനം ചെയ്ത ചിത്രം)
2. ഹസാരി പ്രസാദ് ദ്വിവേദി എഴുതിയ 'നാഖൂൻ ക്യോം ബട്തേ ഹൈ' എന്ന ലേഖനം.
3. പെരുമ്പടവം ശ്രീധരനെഴുതിയ 'ഒരു സങ്കീർത്തനം പോലെ' എന്ന കൃതി.

# വേലി



**അരവിന്ദൻ**
**9745935385**

**അ**ച്ഛന്റെ കാലത്ത് വാങ്ങിയ പറമ്പാണ്. അന്നുമുതൽ പറമ്പിന് ചുറ്റും വേലി കെട്ടിച്ചിരുന്നത് അച്ഛനായിരുന്നു. മുള്ളുകൊണ്ടായിരുന്നു വേലിപ്പണി. മുള്ളുവേലി നാട്ടുകാരിൽ പലരുടേയും അടുപ്പിൽ തീ പൂട്ടാൻ പോയിത്തുടങ്ങിയപ്പോൾ കമ്പി വേലികെട്ടാമെന്നുവെച്ചു. അഞ്ചാറു കൊല്ലം കൂടുമ്പോൾ കമ്പി വേലി മാറ്റിക്കെട്ടണം. തുരുമ്പ് പിടിച്ചിരിക്കും.

പറമ്പിന്റെ വടക്കും പടിഞ്ഞാറും ഇടവഴിയാണ്. കിഴക്ക് റോഡ്. അവിടെ കന്മതിൽ കെട്ടി ഗെയ്റ്റ് വെച്ചിട്ടുണ്ട്. തെക്കുഭാഗത്തുമാത്രമെ മറ്റൊരു പുരയും പറമ്പുമുള്ളു. അച്ഛനും അമ്മയും ജീവിച്ചിരുന്ന കാലം തൊട്ടേ ആ പുരയിലുള്ളവർ വീട്ടിലെ പണിക്കാരാണ്. അവിടത്തെ കാരണോത്തി അടച്ചുതളിക്കെത്തും. അനിയത്തിമാർ ജ്യേഷ്ഠത്തിയെ സഹായിക്കാൻ വരും. കെട്ടിയോൻ പുറം പണി ചെയ്യും. മക്കൾ അമ്മയുടെ മുണ്ടിൻ കോന്തല തിരുപ്പിടിച്ചെത്തും. എല്ലാവരുടേയും തീറ്റ വീട്ടിൽ നിന്ന്. പണി ചെയ്യുന്നതിന് കൂലി വേറേയും. പണിക്കാരോടുള്ള പെരുമാറ്റമായിരുന്നില്ല അവരോട്. വീട്ടിൽ അവർക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. വീട്ടിലെ അംഗങ്ങളെപ്പോലെ അവർ സ്വച്ഛന്ദം വിലസി. ആണ്ടറുതികൾക്ക് പുതുവസ്ത്രങ്ങൾ, വിഷുവിന് വിഷുക്കൈനീട്ടം, അടുത്തുള്ള അമ്പലോത്സവങ്ങൾക്കെല്ലാം പ്രത്യേക പണം, കുട്ടികൾക്ക് കളിക്കോപ്പുകളും തീറ്റസാമഗ്രികളും... കുട്ടികളെ അടുത്തുള്ള വിദ്യാലയത്തിൽ ചേർത്തത് തന്റെ നിർബന്ധം കൊണ്ട്. പുസ്തകങ്ങളും സഞ്ചിയും എന്നും തന്റെ വക. ദൂരത്തെവിടെ പോയിവരുമ്പോഴും കുട്ടികൾക്ക് എന്തെങ്കിലും സമ്മാനം...

കുട്ടികൾ വളർന്നു. ആൺകുട്ടികൾ പത്താംതരം വരെ നിരങ്ങിയെത്തി. പെൺകുട്ടികൾ നാലാളേയും കെട്ടിച്ചുവിട്ടു. എല്ലാറ്റിനും കഴിയുന്ന സഹായങ്ങൾ നൽകി. ആൺകുട്ടികൾ തോട്ടത്തിലും വയലിലും പണിക്കുപോവാൻ തുടങ്ങിയതോടെ, അവരുടെ പ്രാരബ്ദങ്ങൾ മാറി. അതോടെ അവരിൽ ഭാവമാറ്റവും കണ്ടുതുടങ്ങി. പഞ്ചപുച്ഛമടക്കി നിന്നിരുന്നവർ പടം വിടർത്തിയൂതി. ശമ്പളം പോര. കൂലി പോര. ആഴ്ചയിലൊരു ദിനം അവധി – ആവശ്യങ്ങളുടെ പട്ടിക നീണ്ടു. പഴയ ബന്ധങ്ങൾ അറുത്തിടേണ്ടെന്നു കരുതി ചെയ്യാവുന്നതിനപ്പുറവും വകവെച്ചു കൊടുത്തു. എന്നിട്ടും അവരുടെ മുഖം പ്രസന്നമായില്ല. അടിച്ചു തളിക്കാരി നാടുമുഴുവൻ പറഞ്ഞു നടന്നു:

"വല്യേ പണക്കാരാണത്രെ. സർക്കാർ ആപ്പീസറായി പെൻഷൻ പറ്റി വന്നതാത്രെ മൂപ്പര്. എത്ര ചുരുങ്ങിയാലും പത്തു മുപ്പതെങ്കിലും കിട്ടില്ലേ ? മക്കളാണെങ്കിൽ മുന്ത്യേ ഉദ്യോഗസ്ഥരും. എന്നിട്ടും വീട്ടിൽ പണിയെടുക്കുന്നവർക്ക് എന്തെങ്കിലും കണ്ടറിഞ്ഞുതരാൻ പഠിച്ചിട്ടില്ല. അറ്റ കൈയ്ക്ക് ഉപ്പുതേക്കാത്ത വർഗ്ഗം."

നാട് ഊതി വീർപ്പിച്ച കഥകൾ കേട്ടുമടുത്തപ്പോൾ, അവരോട് നേരിട്ട് ചോദിച്ചു:

"നാട്ടിൽ നടപ്പുള്ള മാസ ശമ്പളം തരുന്നില്ലേ ? മറ്റുപണികൾക്ക് കൂലി വേറേയും വാങ്ങുന്നില്ലേ ? വീട്ടിൽ എന്തുണ്ടാക്കിയാലും നിങ്ങൾക്ക് കിട്ടാറില്ലേ ? തെങ്ങിൻ പട്ടയായിട്ടും ചകിരിയായിട്ടും വിറക് തരപ്പെടുത്താറില്ലേ ? പിന്നെ എന്തിനാ ഞങ്ങളെപ്പറ്റി പരദൂഷണം പറഞ്ഞു പരത്തുന്നത് ?"

"പണ്ടത്തെ കാലമല്ല. ഇന്ന് അടിച്ചുതളിക്കും അടുക്കളപ്പണിക്കും പതിനായിരവും അതിലധികവും കിട്ടും. പാത്തുമ്മയുടെ വീട്ടിൽ ഒരുമാസം പ്രസവത്തോടനുബന്ധിച്ച് നിന്നപ്പോൾ കൊടുത്തത് മുപ്പതിനായിരമാ. ചെലവ് വേറെയും."

ഞാൻ തുറന്നടിച്ചു : "അത്രയും സംഖ്യ തരാൻ ഞങ്ങൾക്ക് പറ്റില്ല. താത്പര്യമില്ലെങ്കിൽ നാളെ മുതൽ വരണ്ട. ഇന്നുവരെയുള്ള ശമ്പളം കണക്കാക്കി ഇപ്പോൾതന്നെ തരുകയും ചെയ്യാം."

"പേടിപ്പിച്ചാലൊന്നും ഞങ്ങൾ കുലുങ്ങില്ല. നൂറാളാ പണിയ്ക്ക് വിളിച്ചുകൊണ്ടിരിക്കുന്നത്."

"ശരി. എന്നാൽ അതാണ് നല്ലത്.'

അകത്തുപോയി അന്നുവരേക്കുള്ള ശമ്പളം കണക്കാക്കി, പണവും കൊണ്ടുവന്നു. എന്നിട്ടു പറഞ്ഞു: "നമ്മൾ തമ്മിൽ എത്രയോ കാലമായിട്ടുള്ള ബന്ധമാണ്. അതു തുടരാൻ തറവാട് കുളംകോരാൻ പറ്റില്ലല്ലോ."

പണവും വാങ്ങി ധൃതിയിൽ ഉരുണ്ടുരുണ്ട് പോകുന്ന കാരണോത്തിയെ നോക്കി നിൽക്കുമ്പോൾ ഭാര്യവന്നുണർത്തിച്ചു : "പി. എഫും ഗ്രാറ്റിവിറ്റിയും പെൻഷനും ചോദിക്കാത്തത് ഭാഗ്യം. അങ്ങിനെയും ഒരു നിയമം വരുന്നുണ്ടത്രെ."

പുതിയ പണിക്കാരിയെ കിട്ടാൻ വിചാരിച്ചത്ര ബുദ്ധിമുട്ടുണ്ടായില്ല. രാവിലെ വരും. പണികളെല്ലാം കഴിഞ്ഞ് ഉച്ചതിരിയുന്നതോടെ പോകും. ശമ്പളം കാരണോത്തിക്ക് കൊടുത്തിരുന്നതിൽ പകുതി മാത്രം. അവരെ പിൻതിരിപ്പിക്കാൻ കാ

രണോത്തിയും കൂട്ടരും കിണഞ്ഞു പരിശ്രമിച്ചത്രെ ! പക്ഷെ, അവരുടെ വലയിൽ പെട്ടാൽ, കുടിക്കുന്ന കഞ്ഞിയിൽ കല്ലിടലാകുമെന്ന് പുതിയ പണിക്കാരിക്ക് തോന്നിക്കാണും.

കാരണോത്തി പോയതിന്റെ ലാഭം മനസ്സിലായത് ഒരു മാസം കഴിഞ്ഞപ്പോഴാണ്. അരിയും വീട്ടുസാമാനങ്ങളും മാസം തികഞ്ഞിട്ടും ബാക്കി ! എല്ലാ മാസവും ഒന്നാം തിയ്യതിക്കുമുമ്പ് തന്നെ സാധനങ്ങൾ കലാശിക്കുമായിരുന്നു. ഒരു കുടുംബം മുഴുവൻ കഴിഞ്ഞിരുന്നത് തന്റെ വീട്ടിലായിരുന്നല്ലോ ! കടത്തിക്കൊണ്ടുപോകുന്നത് വേറേയും. പുതിയ സെർവെന്റിന്റെ ശമ്പളം ഇരട്ടിപ്പിച്ചാലും നഷ്ടമില്ലെന്ന് തോന്നി. ചകിരി, പട്ട, വിറക് എന്നിവ വില്ക്കുകയുമാവാം. അങ്ങിനെയിരിക്കെയാണ് വേലി കെട്ടിക്കാൻ മുതിർന്നത്. കമ്പിവേലിപ്പണിക്കാർ പണിക്കെത്തിയ ദിവസം. അന്നത്തെ തിക്താനുഭവങ്ങൾ മറക്കാനാവില്ല. പണിക്കാർ തെക്കെ അതിർത്തിയിൽ തുരുമ്പിച്ച കമ്പി മുറിച്ചുമാറ്റാൻ പോയപ്പോൾ, വിശപ്പ് സഹിക്കാനാവാതെ കടിച്ചുകീറാൻ ചാടിവീണ സിംഹത്തെപ്പോലെയാണവർ ആക്രമിച്ചത്. കെട്ടിയോൻ ആക്രോശിച്ചു : “അതിർ തൊടാൻ പാടില്ല. അത് ഞങ്ങളുടെയാണ്.”

മക്കളും കാരണോത്തിയും അയാളോടൊത്തു കലമ്പി.

“ഇത്രയും കാലം ഞങ്ങൾ ക്ഷമിച്ചതാ. ഇനി ഇത് തുടരാൻ ഞങ്ങൾ സമ്മതിക്കില്ല.”

“എത്രയോ കാലമായി വേലി കെട്ടിച്ചിരുന്നത് ഞങ്ങളല്ലേ? നിങ്ങൾക്കെന്താണ് പറ്റിയത്.”

“പണ്ടെന്നോ വേലികെട്ടിയിരുന്നെന്നുവെച്ച് അതിർ നിങ്ങളുടേതാവില്ല. അതിർത്തിയിലുള്ള കിണറും ഞങ്ങളുടേതാ...”

“എടോ ആ പൊട്ടക്കുണ്ട് ഒരു കിണറാക്കിയത് എന്റെ അച്ഛനല്ലേ? അത് താഴ്ത്തി കയറ്റിയ മണ്ണുകൊണ്ടല്ലേ അതിർ മാടിയത് ?”

അന്നേരം അനിയത്തിമാർ ഇടപെട്ടു.

“നിങ്ങൾ നുണക്കഥ പറഞ്ഞ് നാറാൻ നിക്കണ്ട. ഒരു രാത്രികൊണ്ട് എന്റെ മുത്തശ്ശൻ കുത്തിയ കിണറാണത്.”

“എന്നാൽ ഭൂതത്താൻ സഹായിച്ചുകാണും. ഒരു രാത്രികൊണ്ട് മനുഷ്യന്മാർക്ക് കിണറുകുത്താനാവില്ല തീർച്ച.”

അപ്പോൾ എല്ലാവരും ഒരു മിച്ചലറി: “അധികം ചെലയ്ക്കാൻ നിക്കണ്ട.”

സംസാരിച്ചിട്ട് കാര്യമില്ലെന്നു തോന്നി. എല്ലാവരുടേയും സമനില തെറ്റിയിരിക്കുന്നു. ആറിത്തണുത്തശേഷം മറ്റാരെയെങ്കിലും കൂട്ടി വന്നു സംസാരിക്കാം. വളരെ സൗമ്യമായി ഞാൻ പറഞ്ഞു: “നമുക്ക് എല്ലാം സാവകാശം തീരുമാനിക്കാം. ഇപ്പോൾ അതിനുപറ്റിയ സമയമല്ല. നിങ്ങളെല്ലാം ക്ഷോഭിച്ചിരിക്കുന്നു.”

“ഇക്കാര്യത്തിൽ ഇനി സംസാരിക്കാനൊന്നുമില്ല. അതിരും കിണറും ഞങ്ങളുടെയാ. ഇത്രയുംകാലം നിങ്ങൾ വേലികെട്ടിയിട്ടുണ്ടെങ്കിൽ അത് ചോദിക്കാനാളില്ലാത്തത് കൊണ്ടായിരുന്നു. ഇന്നതല്ല സ്ഥിതി.” – മൂത്ത ചെക്കന്റെ കനത്ത ശബ്ദം. രണ്ടാമത്തവൻ താളം കൊട്ടി: “ഇന്ന് ഞങ്ങളുണ്ട് ചോദിക്കാൻ.”

“മക്കളെ, നിങ്ങൾ ഞാൻ കരുതിയതിനേക്കാൾ എത്രയോ വളർന്നിരിക്കുന്നുവെന്ന് ഇപ്പോഴാണെനിക്ക് ബോധ്യമായത്. ഞാൻ വാങ്ങിത്തന്ന ട്രൗസറും ഷർട്ടുമിട്ട്, നേരം പുലരുന്നതോടെ എന്റെ വീട്ടിലെത്തി, എന്റെ ഭാര്യ തരുന്ന ഭക്ഷണവും കഴിച്ച് വീട്ടിനകത്തും പുറത്തും ഒരുപോലെ കളിച്ചുനടന്ന നിങ്ങൾ ഇത്രയും വളർന്നത് ഞാനറിഞ്ഞില്ല.”

“തിന്ന കണക്കു പറയുന്നത് ഏഭ്യത്തരമാണ്.”

“ഞങ്ങളെക്കൊണ്ട് ചില്ലറ ജോലികൾ ചെയ്യിച്ചിരുന്നത് കെളവൻ മറന്നോ ? കാറു കഴുകൽ, തുടക്കൽ, ഗാരേജ് വൃത്തിയാക്കൽ, ചെടികൾക്ക് നന – അങ്ങിനെ എന്തെല്ലാം ഞങ്ങളെക്കൊണ്ട് ചെയ്യിച്ചിരുന്നു ?”

കെട്ടിയോൻ ഇടക്കുകയറി: “ഒരിക്കൽ പടിഞ്ഞാറെ മുറ്റത്തെ കൊട്ടത്തളത്തിൽ ചത്ത് ഈച്ചയാർത്തു കിടന്നിരുന്ന പൂച്ചയെ എടുത്ത് കുഴിച്ചിട്ടത് കൂലിവാങ്ങാതെയല്ലേ?”

കേട്ടുനിന്ന അനിയത്തി ഓർമ്മപ്പെടുത്തി: ‘വിറകുപുരയിൽ കണ്ട പാമ്പിനെ പുറത്താക്കി കൊന്നതാരാണ്?”

അതുവരെ വിട്ടുനിന്ന കാരണോത്തിയും വാ തുറന്നു: “അന്യോന്യം സഹായം ചെയ്തിട്ടുണ്ട്. എന്നുവെച്ച് ഞങ്ങളുടെ അതിരും കിണറും നിങ്ങൾക്ക് വിട്ടുതരാൻ പറ്റ്വോ?”

ഞാൻ വിനീതമായി ഇടപെട്ടു: “നമ്മുടെ ആധാരപ്രകാരം അളന്നു തീരുമാനിക്കാമല്ലോ. അതിന്നായി ആധാരമെഴുത്തുകാരൻ നായരെ വിളിക്കാം.”

“സംശയമുണ്ടെങ്കിലല്ലേ ആധാരം നോക്കേണ്ടൂ.”

സംസാരിച്ചിട്ട് ഫലമില്ല. ബഹളത്തിനൊരുങ്ങി വന്നവരോടെന്തു പറയാൻ ? മനസ്സിൽ ദുഃഖം ഉറന്നുകൂടുകയായിരുന്നു. വീട്ടിൽ തന്റെ മക്കളോടൊപ്പം തിന്ന് കളിച്ച് വളർന്ന ചെക്കന്മാർ. വീട്ടിലെ അംഗങ്ങൾപോലെ കഴിഞ്ഞ സ്ത്രീകൾ. വീട്ടിൽ നിന്ന് കൊടുക്കുന്ന കൂലികൊണ്ട് പുകവലിയും മുറുക്കും കുടിയും വീട്ടുചെലവും നടത്തിയിരുന്ന കെട്ടിയോൻ. കുടിച്ചാൽ അയാളുടെ കൈകൾക്ക് ശക്തി കൂടും. നാക്കിന് മൂർച്ചയേറും. വാതോരാതെ തെറി ഒഴുകും. ഭാര്യയേയും കുട്ടികളേയും പൊതിരെ തല്ലും. അടിപിടി കൂടുന്ന രാത്രികളിൽ മക്കൾ തന്റെ വീട്ടിൽ അഭയം തേടും. പേടിച്ചരണ്ടായിരിക്കും വരവ്. അച്ഛന്റെ കൂട്ടത്തല്ലിൽ നിന്നു മുക്തി കിട്ടണമല്ലോ. മദ്യം തലക്കടിച്ചാൽ പിന്നെ കെട്ടിയോന് ഭ്രാന്താണ്. കിട്ടിയതെല്ലാമെടുത്തടിക്കും, എറിയും.

പ്രാണരക്ഷാർത്ഥം ഓടി വന്ന കുട്ടികളെ സമാധാനിപ്പിക്കും. അവർക്ക് ഭക്ഷണം കൊടുക്കും. ഡ്രോയിങ്ങ് റൂമിൽ തടുക്കിലിരുത്തി ടി.വി. തുറക്കും. ഉറങ്ങാൻ, തളത്തിൽ പായ വിരിച്ചുകൊടുക്കും. കുട്ടികൾ കൂർക്കം വലിച്ചുറങ്ങുമ്പോഴും അയൽപക്കത്ത് മർദ്ദനവും കൂട്ട നിലവിളിയും തകർക്കുന്നുണ്ടാവും. കുട്ടികളെ സ്കൂളിൽ ചേർക്കാൻ നിർ

ബന്ധിച്ചത്, പുസ്തകങ്ങളും സഞ്ചിയും മറ്റും വാങ്ങിക്കൊടുത്തത്, പാഠങ്ങളിലെ സംശയങ്ങൾ തീർത്തുകൊടുത്തിരുന്നത് - എല്ലാം ഓർമ്മയിൽ തെളിഞ്ഞു. എത്ര സ്നേഹത്തോടെ, ആദരവോടെയായിരുന്നു അവർ അന്ന് പെരുമാറിയിരുന്നത് ! ഇന്നവർ വളർന്നു. കൂലിപ്പണിക്ക് പോകാനായി. ആരേയും കൂസാതെ ജീവിക്കാമെന്നായി...

ഇന്ന് സ്ഥലത്തിന് വില കൂടിയിരിക്കുന്നു. ഒരു കിണറ് കുത്തണമെങ്കിലും പണം കുറേ വേണം. സ്ഥലത്തിന്റെ വിസ്തൃതി കൂട്ടാനും കിണർ പിടിച്ചുപറ്റാനും കാര്യമായ ആസൂത്രണം നടന്നിട്ടുണ്ട്. ആരോ ഈ പിടിവാശിക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്ന് തീർച്ച. എന്തായാലും വടംവലിക്കൊരു പരിഹാരം വേണമല്ലോ. അതിന്നായി ആധാരമെഴുത്തുകാരനും മദ്ധ്യസ്ഥനുമായ മാധവൻ നായരെ വിളിപ്പിച്ചു. കാര്യങ്ങൾ ഗ്രഹിച്ചതിനുശേഷം അയാൾ അയൽക്കാരുമായി സംസാരിക്കാൻ തുനിഞ്ഞു. പക്ഷെ, അവർ വരാൻ തയ്യാറായില്ല. കാശുവാങ്ങി ഭാഗം പറയുന്നവരുമായി സംസാരിക്കാൻ അവർ ഒരുക്കമല്ലത്രെ! പകരം, അവർ അറിയിച്ചു: "നാളെ പാർട്ടിക്കാർ വരുന്നുണ്ട്. അപ്പോൾ വേണമെങ്കിൽ നിങ്ങളുടെ മദ്ധ്യസ്ഥനും വന്നോട്ടെ."

പിറ്റേന്നുരാവിലെ അതിരിനിരുപുറവുമായി ഒരു ജനക്കൂട്ടം തിങ്ങിക്കൂടി. അതിൽ പല മതസ്ഥരുമുണ്ടായിരുന്നു, വിവിധ പാർട്ടിക്കാരുണ്ടായിരുന്നു, പഞ്ചായത്തംഗങ്ങളുണ്ടായിരുന്നു, തൊഴിലാളി സംഘടനാ നേതാക്കളുണ്ടായിരുന്നു, കൂടാതെ ചെക്കന്മാരുടെ കൂട്ടുകാരായ ഒരുപറ്റം ചെറുപ്പക്കാരും.

മദ്ധ്യസ്ഥൻ വിശദീകരിച്ചു: "നാട്ടുനടപ്പനുസരിച്ച് അതിർ നമ്പീശന്റെയാണെന്നതിൽ സംശയമില്ല. കാരണം എത്രയോ വർഷങ്ങളായി നമ്പീശനാണ് കമ്പിവേലി കെട്ടിക്കുന്നത്. നമ്പീശന്റെ സ്ഥലം മേൽപ്പറമ്പാണ്. സാധാരണ നിലയിൽ അതിർ മേൽപ്പറമ്പുകാർക്കാണ് പതിവ്. കിണർ രണ്ടു കൂട്ടരും മുമ്പ് ഉപയോഗിച്ചിരുന്നതാണ്. വാട്ടർ അതോറിറ്റിയുടെ വെള്ളം വരാൻ തുടങ്ങിയതുകൊണ്ട് കിണറിന്റെ അവകാശം മാറുന്നില്ല."

പറമ്പിന്റെ നാലുഭാഗത്തെയും അതിരുകൾ ഒരാളുടേതാകില്ലെന്നായിരുന്നു തൊഴിലാളി നേതാക്കളുടേയും പാർട്ടിക്കാരുടേയും വാദം. വടക്കുഭാഗത്തെ അതിർ നമ്പീശന്റേതാകയാൽ തെക്കുഭാഗത്തേത് അയാളുടേതാകില്ല. തർക്കങ്ങൾക്കും കൂടിയാലോചനകൾക്കും ശേഷം ഒരു ഒത്തുതീർപ്പെന്നവണ്ണം നായർ പറഞ്ഞു : "അതിരിന്റെ മദ്ധ്യത്തിലാണല്ലോ കരിങ്കൽ കാൽ കുത്തിയിരിക്കുന്നത്. അതിന് വടക്കോട്ടുള്ള പള്ള നമ്പീശന്റേയും തെക്കേ പള്ള മറ്റേയാർക്കും. എന്താ ?"

"അതുപറ്റില്ല. അതിരിന്റെ വടക്കേ പള്ള അവസാനിക്കുന്ന ഭാഗം വരെ ഞങ്ങളുടെ സ്ഥലമാണ്. ഒരിഞ്ചു ഭൂമി പോലും ഞങ്ങൾ വിട്ടുതരില്ല." കെട്ടിയോന്റെ കർക്കശമായ ശബ്ദം മുഴങ്ങി.

നായർ ശാന്തനായി പറഞ്ഞു: "ന്യായം ഞാൻ പറഞ്ഞതാണ്. കൊല്ലങ്ങൾക്ക് മുമ്പ് മാടിയ അതിർ ഇടിഞ്ഞിടിഞ്ഞ് വീതി കൂടിയിരിക്കുന്നു. അതുവരെ അതിർ കൂട്ടാൻ പറയുന്നത് നീതിക്ക് നിരക്കാത്തതാണ്."

അന്നേരം ആൾക്കൂട്ടത്തിൽ നിന്ന് ആരോ വിളിച്ചുകൂവി: "കാശുവാങ്ങി മദ്ധ്യസ്ഥതയ്ക്കുവന്ന തന്റെ നെറികേട് ഞങ്ങൾക്ക് കേക്കണ്ട." ജനം കയ്യടിച്ചു. കൂക്കിയാർത്തു. ശിങ്കിടിക്കാർ പൊട്ടിച്ചിരിച്ച് നൃത്തം വെച്ചു. തുടർന്ന് ജനം അവിടവിടെ കൂട്ടംകൂടി നിന്നു കുശുകുശുത്തു. പിന്നീട് എല്ലാ സംഘങ്ങളും ഒരുമിച്ച് ചർച്ച് നടത്തി വിളംബരം ചെയ്തു: "അതിരും കിണറിന്റെ മുക്കാൽ ഭാഗവും നമ്പീശന്റേതല്ല. പാവങ്ങളെ ചൂഷണം ചെയ്യാൻ ഞങ്ങൾ കൂട്ടുനിൽക്കില്ല. നമ്പീശന് സ്ഥലത്തിന്റെ പഞ്ഞമില്ലല്ലോ. വേണ്ടതിലധികം പണവുമുണ്ട്. തെക്കേ അതിരും കരസ്ഥമാക്കണമെങ്കിൽ സ്വന്തം പറമ്പിലേക്കിറക്കി മതിൽ കെട്ടിക്കട്ടെ."

"നിങ്ങൾ പറയുന്നത് അന്യായമാണ്. ഏകപക്ഷീയമാണ്. ആർ ആരെയാണിവിടെ ചൂഷണം ചെയ്യുന്നത് ? മര്യാദക്കാർക്കിവിടെ സ്വൈരമായി ജീവിക്കാൻ അർഹതയില്ലെന്നാണോ നിങ്ങളുടെ വിധി?" - നായരുടെ കനത്ത സ്വരം.

"ന്യായവും അന്യായവും ചുരണ്ടിനോക്കാൻ ഞങ്ങൾക്ക് സമയമില്ല. ഞങ്ങൾ പറഞ്ഞത് അവസാനതീർപ്പാണ്. അതിന് തയ്യാറല്ലെങ്കിൽ അതിർ ഞങ്ങൾ കൊത്തിനിരത്തും."

അന്നേരം ഒരുവിഭാഗം മുഷ്ടി ചുരുട്ടി അട്ടഹസിച്ചു: "ഇങ്കിലാബ് സിന്ദാബാദ്. തൊഴിലാളി ഐക്യം സിന്ദാബാദ്."

അതുകണ്ട മറ്റൊരു ഗ്രൂപ്പും മുദ്രാവാക്യം മുഴക്കി: "ഭാരതമാതാ കീ ജയ്... മഹാത്മാഗാന്ധീ കീ ജയ്."

കൂടിനിന്ന ജനം പല വിഭാഗങ്ങളായി വ്യത്യസ്ത മുദ്രാവാക്യങ്ങളിൽ ലയിച്ചു. ജനിച്ചുവളർന്ന നാട്ടിൽ, സത്യസന്ധതയോടെ ജീവിച്ച, കഴിയുന്ന ഉപകാരങ്ങൾ എല്ലാവർക്കും ചെയ്തുകൊടുത്ത തന്നെ ആർക്കും വേണ്ടെന്ന് ദുഃഖത്തോടെ മനസ്സിലാക്കി. എല്ലാവർക്കും വേണ്ടത് വോട്ടായിരുന്നു. പാവങ്ങൾക്കൊപ്പം നിന്നുവെന്ന സർട്ടിഫിക്കറ്റായിരുന്നു. തൊഴിലാളികളെ സംരക്ഷിച്ചുവെന്ന സൽപ്പേരായിരുന്നു. വരാൻ പോകുന്ന ഇലക്ഷനായിരുന്നു എല്ലാവരുടേയും ലക്ഷ്യം. ഒന്നും ചെയ്യാനാകാതെ, പറയാനാകാതെ തരിച്ചുനിന്നു.

കൺമുമ്പിൽ നടന്ന അനീതിക്കെതിരെ കോടതിയിലോ പോലീസ് സ്റ്റേഷനിലോ പോയി പോരാടാനുള്ള ആരോഗ്യവും മനക്കരുത്തും എന്നോ നഷ്ടപ്പെട്ടിരുന്നു. പിൻബലം തരേണ്ട മക്കൾപോലും അന്യരെപ്പോലെ ഒഴിഞ്ഞുമാറിയിരുന്നു. പാലൂട്ടി വളർത്തിയ പാമ്പുകൾ തിരിഞ്ഞുകൊത്തുമെന്ന് കരുതാത്ത താൻ വിഡ്ഢി. തട്ടകത്തെ ഭഗവതിയെ മനസ്സുരുകി പ്രാർത്ഥിച്ചുകൊണ്ട് തിരിഞ്ഞുനടക്കുമ്പോൾ പുറകിൽ കെട്ടിയോന്റേയും കൂട്ടരുടേയും പൊട്ടിച്ചിരി. ഒപ്പം തിണ്ണമേൽ നിരന്ന മദ്യക്കുപ്പികളും അവരോടൊത്ത് ചിരിച്ചുകൂത്താടി.




Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# പുസ്തക പരിചയം




**അപ്പുവിന്റെ ലോകം**
(നോവൽ)
**പ്രകാശൻ ചുനങ്ങാട്**
9447278230
**വില : 100 രൂപ**
പേജ് : 119
പ്രസാധകർ : ബാലസാഹിതി
പ്രകാശൻ, ആലുവ

ഇനി വരുന്ന തലമുറയ്ക്ക് മധുരമായ ബാല്യസ്മൃതികളും കൗമാരകൗതൂഹലങ്ങളുമെല്ലാം വെറും ജലരേഖകൾ മാത്രമാവുമോ ? സ്വച്ഛമായ ഒരു ഗ്രാമജീവിതവും അതിന്റെ സന്തോഷാനുഭവങ്ങളും സാന്ത്വനങ്ങളും എല്ലാം അവർക്ക് നഷ്ടമായിരിക്കുന്നു. നഷ്ടസൗഭാഗ്യങ്ങളുടെ ഇടയ്ക്ക് തെളിഞ്ഞ ഒരു നാടൻപുഴ പോലെ, സ്വച്ഛമായി ഒഴുകുന്ന, സുഖകരമായ ഒരു അനുഭവമാണ് 'അപ്പുവിന്റെ ലോകം' എന്ന ഈ ആഖ്യായിക.



**വേനലിന്റെ വഴി**
(കവിതകൾ)
**രജീഷ് കാളികാവ്**
9946760036
**വില : 70 രൂപ**
പേജ് : 64
പേരക്ക ബുക്സ്, മലപ്പുറം

അകമെരിയുന്ന നീറ്റലുമായി ഗ്രാമീണ നിഷ്കളങ്കതയോടെ, നീരുറവ തേടി അലയുന്ന മനസ്സാണ് രജീഷ് കാളികാവിന്റെ സമ്പത്ത്. ഹൃദയാലുവായൊരാൾ ജീവിതത്തെ നിരീക്ഷിക്കുമ്പോഴാണ് സുഖദുഃഖങ്ങൾ കലർന്ന കാവ്യാത്മകഭാവന ഉദയം ചെയ്യുന്നത്. ആ പ്രകാശമാണ് രജീഷിന്റെ കവിതകളുടെ ആകർഷകത്വവും മികവും.




**കാഴ്ച്ചകൾക്കപ്പുറം**
(ലേഖനങ്ങൾ)
**ജോസഫ് പൂതക്കുഴി**
9846751749, 9745321352
**വില : 120 രൂപ**
പേജ് : 96
പ്രസാധകർ:
ഭാഷാശ്രീ പുസ്തക പ്രസാധക
സംഘം, കോഴിക്കോട്

ജോസഫ് പൂതക്കുഴി തത്വചിന്തകളുടെ ലോകത്താണ് വിഹരിക്കുന്നത്. സുഗന്ധപൂരിതമായ ആ ലോകത്തേക്ക് അദ്ദേഹം നമ്മെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നു.



**ഭാഷയുടെ നേർവഴി**
(മലയാള ഭാഷാ പഠനസഹായി)
**വിജയൻ കല്ലട**
04942405580, 9605407260
**വില : 60 രൂപ**
പേജ് : 60
പ്രസാധകർ:
കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട്

'അർത്ഥശങ്കയിൽ പിഴ വരാതിരിക്കാനുള്ള' ഒരു ലഘുവിജ്ഞാനകോശമായി ഈ കൃതി വായിക്കപ്പെടും. വരുന്ന വാക്കുകൾ അപ്പടിയല്ല, മറിച്ച് ഒട്ട് ആലോചിച്ച് ഉപയോഗിക്കേണ്ടതാണ് എന്ന ജ്ഞാനാലങ്കാരത്തിലേക്ക് വിദ്യാർത്ഥികളെ കൂട്ടിക്കൊണ്ടുപോകാൻ 'വിജയൻ കല്ലട'യ്ക്ക് സാധിച്ചിരിക്കുന്നു.




**ഒരു കഥപോലെ ജീവിതം**
(കഥാ സമാഹാരം)
**ഉണ്ണി വാരിയത്ത്**
09867179480
**വില : 90 രൂപ**
പേജ് : 95
പ്രസാധകർ : പാമ്പുങ്ങൽ
പബ്ലിക്കേഷൻസ്, മുംബൈ

കഥയേതുമാവട്ടെ, കഥകൾ വിലയിരുത്തപ്പെടുന്നത് അതിന്റെ ആന്തരിക സവിശേഷതകൾക്കനുസരിച്ച് തന്നെയാണ്. പറയാനേറെയുണ്ടെങ്കിലും പറയുന്നത് മിതമായി, ആകർഷകമായ വിധത്തിൽ അവതരിപ്പിക്കുമ്പോൾ വായനക്കാരന്റെ മനസ്സ് പറയും 'കൊള്ളാം തരക്കേടില്ല' എന്ന്. 'ഒരു കഥപോലെ ജീവിതം' എന്ന കഥാസമാഹാരം കൈയിൽ കിട്ടിയാൽ മേൽപറഞ്ഞതിന് വിപരീതമായി ഒരാളും ചിന്തിക്കാനിടയില്ലെന്ന് ഉറപ്പിച്ചുപറയാം.





**വാക്കിന്റെ വാതായനം**
(ലേഖനങ്ങൾ)
**വിനോദ് വാരിയർ**
9447534140
**വില : 70 രൂപ**
പേജ് : 80
പ്രസാധകർ : പ്രതിഭ ബുക്സ്,
തൃശ്ശൂർ

അറുപത്തിമൂന്ന് വാക്കുകളുടെ അർത്ഥവും ചരിത്രവും തേടിയുള്ള ഒരു വിജ്ഞാനപുസ്തകം. നാം നിത്യ ജീവിതത്തിൽ നിരവധി വാക്കുകൾ കാണുകയും കേൾക്കുകയും പറയുകയും ചെയ്യുന്നുണ്ട്. അത്തരം ഒരുപിടി വാക്കുകളുടെ ഉറവിടം തേടി ഒരു യാത്ര... വിജ്ഞാനത്തിന്റെ നവചക്രവാളം അനുവാചകർക്കുമുമ്പിൽ തുറക്കാനൊരു കിളിവാതിൽ. എല്ലാ വീടുകളിലും സൂക്ഷിക്കാനൊരു റഫറൻസ് ഗ്രന്ഥം.




**ദിനാചരണ പ്രഭാഷണങ്ങൾ**
**വിജയൻ കല്ലട**
04942405580, 9605407260
**വില : 130 രൂപ**
പേജ് : 133
പ്രസാധകർ:
കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട്

ലോകത്തിന്റെ ഏതാനും ഭാഗങ്ങളിലോ, ലോകമൊട്ടാകെയോ നടക്കുന്ന ചില ദിനാചരണങ്ങളെക്കുറിച്ചുള്ള പുസ്തകമാണ് ദിനാചരണ പ്രഭാഷണങ്ങൾ. സെക്കന്ററി ക്ലാസ്സുകൾ വരെയുള്ള വിദ്യാർത്ഥികളെ മുന്നിൽക്കണ്ട് രചിക്കപ്പെട്ട ഈ ഗ്രന്ഥം അധ്യാപകർക്കും ഒരു കൈപ്പുസ്തകം എന്ന നിലയിൽ ഏറെ പ്രയോജനപ്പെടും.



ജയൻ പുതുമനയുടെ
ജീവിതവഴികൾ ദേവാർപ്പണം
(ജീവിതരേഖ)
ജയൻ പുതുമന, 8330086062
എഡിറ്റർ : കെ. എൻ.
സുരേഷ്കുമാർ, 9495530156
വില : 150 രൂപ
പേജ് : 160
പ്രസാധകർ:
സർഗഭൂമി ബുക്സ്, പാലക്കാട്

Published on 15/03/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 5, April 2019, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM

Kitchens/bedrooms/interiors

Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime











Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com